

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2023 ഏപ്രിൽ
വില ₹25

# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





1947 ആഗസ്റ്റ് 15 ന്റെ കഥ
**സന്ധ്യാ റാവു**
(വൈജ്ഞാനികം)
**തർജമ: ജി മോഹനകുമാരി**
വില ₹50




ദാണ്ഡിയാത്രയുടെ കഥ
**സന്ധ്യാ റാവു**
(വൈജ്ഞാനികം)
**തർജമ: ജി മോഹനകുമാരി**
വില ₹50




ടിപ്പുസുൽത്താന്റെ കഥ
**സന്ധ്യാ റാവു**
(വൈജ്ഞാനികം)
**തർജമ: മീനു ജോസ്**
വില ₹50




ഝാൻസി റാണിയുടെ കഥ
**സന്ധ്യാ റാവു**
(വൈജ്ഞാനികം)
**തർജമ: ആൻസി സിറിയക്**
വില ₹50




മരതകമലയിലെ നാഗമാണിക്യം
(നോവൽ)
ഡി സുധീന്ദ്രബാബു
വില ₹160




പക്ഷിപാഠം
(നാടകം)
സാബു കോട്ടുക്കൽ
വില ₹100



നമ്മുടെ ദേശീയപതാകയും ദേശീയഗാനവും
(വൈജ്ഞാനികം)
**നേശൻ ടി മാത്യു**
വില ₹90

## കൂടുതൽ പുസ്തകങ്ങൾക്ക്

**website : www.ksicl.org**

## കോപ്പികൾക്ക്

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34, ഫോൺ** 0471-233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.** MOB: 8547971483
ACCOUNT NUMBER : 67178297569. IFSC : SBIN0000941

---

## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയയ്ക്കുക.**
**ACCOUNT NUMBER : 30583524448 | IFS Code : SBIN0004360**
**BANK: SBI - SPL PBB, THIRUVANANTHAPURAM**

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ താമസം കൂടാതെ മാസിക ലഭിക്കുന്നതിന് ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട പൂർണവിലാസവും (പിൻകോഡും മൊബൈൽനമ്പറും ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഒരു കത്ത്/ഇമെയിൽ (thaliru@ksicl.org)അയയ്ക്കേണ്ടതാണ്. **8547971483** എന്ന നമ്പറിലേക്ക് വാട്സാപ്പ് ആയും രസീതും വിലാസവും അയയ്ക്കാവുന്നതാണ്.

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ഏപ്രിൽ 2023**
**വില ₹25**
**വാർഷികവരിസംഖ്യ ₹250**

# തളിര്

## ഉള്ളടക്കം



**6**

## ഞാൻ എന്റെ ഗ്രാമമാണ്

**സച്ചിദാനന്ദൻ**

മലയാളത്തിലെ പ്രമുഖ കവി സച്ചിദാനന്ദൻ തന്റെ ബാല്യാനുഭവങ്ങളെ തളിരിന്റെ കൂട്ടുകാർക്കായി പങ്കുവയ്ക്കുന്നു.

**11**

## വിഷുക്കുട്ടികൾ

**വിനോദ് വൈശാഖി**

കമ്പളം
നീട്ടിനീർത്തി
കർണ്ണികാരച്ചുവട്ടിൽ
ആഹ്ലാദമോടെ
മേടം
കണികണ്ടുലഞ്ഞു
നീളെ!



**12**

## അന്തരീക്ഷത്തിനുമപ്പുറത്തെ അറുപതു വർഷങ്ങൾ

**വി എസ് ശ്യാം**

മനുഷ്യൻ ബഹിരാകാശത്തു ചെന്നെത്തി അറുപതു വർഷങ്ങൾ പിന്നിടുമ്പോൾ ഇന്ന് ആ മേഖലയിൽ നാം ഏറെ മുന്നിലാണ്. നമ്മുടെ ഭാവിതന്നെ നാം കാണുന്നത് ബാഹ്യാകാശഗോളങ്ങളിലേക്കുള്ള കുടിയേറ്റത്തിലാണ്.



**തുറവി**.................................18
ടി വി വിനീഷ്

**ഞങ്ങളോടാ കളി**.........................19
മഞ്ജു പി എൻ

**ഉറുമ്പുമരം**...............................20
ഡോ. അരുൺ ഡി ഐ

**ഭൗമദിനങ്ങൾ ഓർമ്മിപ്പിക്കുന്നത്**..24
സീമ ശ്രീലയം

**നിറം കൊടുക്കുന്നവർ**..................27
ആർദ്ര അക്ഷരി

**കടപയാദി**................................28
പള്ളിയറ ശ്രീധരൻ

**ആദ്യ സാഹിത്യനൊബേൽ**...........29
മാറനല്ലൂർ സുധി

**സന്തോഷവാനായ രാജകുമാരൻ**..........30
പുനരാഖ്യാനം: അനഘ സുധാകരൻ

**വിസ്മയത്തുമ്പത്ത്**.......................33
ഡോ. സുജ ശ്രീകുമാർ

**എല്ലാവർക്കും ആരോഗ്യം**............ 34
ഡോ. ബി പത്മകുമാർ

**ദ്വീപ് ഹൽവ**...............................36
ശ്രീപ്രസാദ് വടക്കേപ്പൊട്ട്

**വിമാനം**....................................37
അശ്വിനി എസ് സുന്ദരം

**പുഴയുടെ കാവൽക്കാരി**............38
കെ കെ പല്ലശ്ശന

**രാപ്പന്തൽ**..................................39
ദിവാകരൻ വിഷ്ണുമംഗലം

**പ്രാർഥന**................................. 40
സുവിൻ വി എം

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**സിപ്പി പള്ളിപ്പുറം**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**നവനീത് കൃഷ്ണൻ എസ്**
**അഞ്ജന സി ജി**
**സോബിൻകുമാർ കെ എസ്**

ഡിസൈൻ , ലേഔട്ട്
**നവനീത് കൃഷ്ണൻ എസ്**
**വിഷ്ണു എസ്**

കവർ
**അരുൺ ഗോകുൽ**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790, 8547971483

**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

**www.ksicl.org**



# ആഘോഷമാക്കാം അവധിക്കാലം



ഏപ്രിൽ മാസമായി. ഞങ്ങളുടെ കുട്ടിക്കാലത്ത് ഏപ്രിലാവാൻ ഞങ്ങൾ കാത്തിരിക്കും. പിന്നീട് രണ്ടു മാസം അവധിക്കാലമാണ്. കളികളും മേളവുമായി ഞങ്ങൾ അത് ആഘോഷിക്കും. വിഷു വരുന്നതും ഈ അവധിക്കാലത്താണ്. പുതുവർഷാരംഭം കൂടിയാണ് മേടം ഒന്നിനു വരുന്ന കേരളത്തിന്റെ കാർഷികോത്സവമായ വിഷു. മരം നിറയെ സ്വർണ്ണപ്പൂക്കളുമായി നിൽക്കുന്ന കണിക്കൊന്നയാകും അപ്പോൾ നാടാകെ. ഈസ്റ്ററും ഏതാണ്ട് ഇതേ സമയത്തുതന്നെയാവും. അതിന്റെ ആഘോഷങ്ങളും കാണും.

എന്നിരുന്നാലും കുട്ടികളായ ഞങ്ങൾക്ക് കളികൾ തന്നെയായിരുന്നു പ്രധാനം. ഇപ്പോഴത്തെ അവധിക്കാലത്തിന് അത്രയധികം ആഘോഷമുണ്ടാവണമെന്നില്ല. എങ്കിലും കളിക്കാനുള്ള അവസരങ്ങൾ വിനിയോഗിക്കണം. മനസ്സിനും ശരീരത്തിനും നല്ല വ്യായാമമാണ് കളികൾ.

വേനൽക്കാലമാണ്. അതിനാൽത്തന്നെ പുറത്തിറങ്ങി കളിക്കുമ്പോൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. നല്ല ചൂടാണ് ഇപ്പോൾ വെയിലിന്. രാവിലെ 11ന് മുൻപും ഉച്ചകഴിഞ്ഞ് 4നു ശേഷവുമായി കളികളെ പരിമിതപ്പെടുത്തുന്നതാവും നല്ലത്.

കളികൾക്കൊപ്പം അറിവാഘോഷങ്ങളും വേണം. വെയിൽ കൊള്ളാതെ വീട്ടിലിരിക്കുന്ന അവസരം അതിനായി പ്രയോജനപ്പെടുത്താം. നല്ല പുസ്തകങ്ങൾ വായിക്കാം. കഥകളും കവിതകളും വൈജ്ഞാനികപുസ്തകങ്ങളും അതിലുണ്ടാവണം. ആനുകാലികങ്ങളും പത്രങ്ങളും വായിച്ച് ലോകത്തു നടക്കുന്ന മാറ്റങ്ങളെക്കുറിച്ചും അറിയണം.



ഏപ്രിൽ ഏഴ് ലോകാരോഗ്യദിനമാണ്. എല്ലാവർക്കും ആരോഗ്യം എന്ന ആശയത്തിലൂന്നിയാണ് ഇത്തവണത്തെ ലോകാരോഗ്യദിനം ആചരിക്കുന്നത്. ലോകാരോഗ്യസംഘടന രൂപംകൊണ്ടിട്ട് 75 വർഷമാകുന്ന സമയംകൂടിയാണിത്. ആരോഗ്യരംഗത്ത് നമ്മുടെ കൊച്ചുകേരളത്തിന് അഭിമാനിക്കാൻ ഏറെയുണ്ട്. അതിനിയും മെച്ചപ്പെടുത്തുകയാവണം നമ്മളോരോരുത്തരുടെയും ലക്ഷ്യം.

മികച്ച ആരോഗ്യശീലങ്ങൾ സ്വായത്തമാക്കുകയാണു പ്രധാനം. സ്വന്തം ആരോഗ്യം സംരക്ഷിക്കുന്നതിനൊപ്പം പൊതുജനങ്ങളുടെ ആരോഗ്യവും നമ്മുടെതന്നെ കടമയാണ്. നിങ്ങൾ കുട്ടികൾക്ക് അതിന് ഏറെ സംഭാവന ചെയ്യാൻ കഴിയും. നല്ല ഭക്ഷണം മുതൽ ശാസ്ത്രീയമായ ആരോഗ്യപരിപാലനരീതികൾവരെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാനാകണം. ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട് നിങ്ങൾക്കു കിട്ടുന്ന അറിവുകൾ കൂട്ടുകാരുമായി പങ്കുവയ്ക്കാനും മറക്കരുത്.

കൂട്ടുകാരുമൊത്ത് കളിക്കാനിറങ്ങുമ്പോൾ ഇക്കാര്യമൊക്കെയും മനസ്സിലുണ്ടാകണം കേട്ടോ. നന്നായി ആസ്വദിച്ചു കളിക്കണം. പുസ്തകങ്ങൾ വായിക്കണം. പുതിയ പുതിയ അറിവുകൾ നേടണം.

എല്ലാ കൂട്ടുകാർക്കും അവധിക്കാലത്തിന്റെയും വിഷുവിന്റെയും ഈസ്റ്ററിന്റെയും ആശംസകൾ,

**പള്ളിയറ ശ്രീധരൻ**
എഡിറ്റർ

**അവധിക്കാലം ഏറെ രസകരമാണ്. വിഷുവും ഈസ്റ്ററും ഒക്കെയായി വീട്ടുകാരും കൂട്ടുകാരുമൊത്ത് കളിച്ചു ചിരിച്ചു രസിക്കാനുള്ള കാലം. നല്ല ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കാൻ കഴിയുന്ന കാലംകൂടിയാണിത്. ആരോഗ്യകരമായ ഭക്ഷണരീതികളും വ്യായാമവും ഒക്കെ സ്വായത്തമാക്കാൻ അവധിക്കാലത്തെ പ്രയോജനപ്പെടുത്താം.**

## ഹോർത്തൂസ് മലബാറിക്കൂസിലൂടെ

# കുമ്പളം

**ശാസ്ത്രീയനാമം :**
**ബെനിൻകാസ ഹിസ്പിഡ**
(Benincasa hispida)

മൂപ്പെത്താത്ത സമയത്ത് ഈ ചെടിക്കു വിഷമുണ്ട്. അതേസമയം മൂപ്പെത്തിയാൽ ഇതു വിഷസംഹാരിയാണ്..



### ഔഷധഗുണങ്ങൾ

ചുമയ്ക്കും എല്ലുകളുടെ പനിക്കും ഇതു ഫലപ്രദമാണ്. കേടുകൂടാതെ സൂക്ഷിച്ചിട്ടുള്ള ഇതിന്റെ കായ്കൾ നെഞ്ചിലും കൈകാലുകളിലും ഉണ്ടാകുന്ന പൊള്ളലിനെതിരെ പ്രയോജനകരമാണ്. ഇത് പൊടിച്ചു വെണ്ണ ചേർത്ത് ഉപയോഗിക്കുന്നത് വിശപ്പു വർധിക്കാൻ സഹായിക്കും. ഇതിന്റെ വിത്തുകൾ പൊടിച്ച് എള്ളെണ്ണ ചേർത്ത് ഉപയോഗിക്കുന്നത് മൂത്രമൊഴിക്കുമ്പോഴുള്ള വേദന മാറ്റാൻ സഹായിക്കും.


ഡോ. ബി ഇക്ബാൽ തയ്യാറാക്കിയ *കുട്ടികളുടെ ഹോർത്തൂസ് മലബാറിക്കൂസ്* എന്ന പുസ്തകത്തിൽനിന്ന്. പ്രസാധനം : ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

# ഞാൻ എന്റെ ഗ്രാമമാണ്

**സച്ചിദാനന്ദൻ**

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്നതിന് ഒരു വർഷം മുൻപാണ് ഞാൻ ജനിച്ചത്. കൊടുങ്ങല്ലൂരിനടുത്തുള്ള പുല്ലൂറ്റ് എന്ന ഒരു നാട്ടിൻപുറത്ത്, കഴിഞ്ഞുകൂടാൻ മാത്രം കൃഷിയുള്ള ഒരു കൊച്ചുവീട്ടിൽ.

ഇന്നത്തെ ബാല്യവുമായി അന്നത്തെ ബാല്യത്തെ താരതമ്യം ചെയ്യാൻ വയ്യ. ഞങ്ങളുടെ കളിപ്പാട്ടങ്ങൾ അധികവും ഞങ്ങൾതന്നെ ഉണ്ടാക്കുന്നതായിരുന്നു. മൂന്നു മച്ചിങ്ങകൾ (തെങ്ങിൻ പൂക്കുല വിരിഞ്ഞുണ്ടാകുന്ന നാളികേരത്തിന്റെ കുഞ്ഞുരൂപം) ഈർക്കിൽ കുത്തിച്ചേർത്തുവെച്ചുണ്ടാക്കുന്ന വണ്ടികൾ, ഇലകൾ കോർത്തുണ്ടാക്കുന്ന കിരീടങ്ങൾ, മഴവെള്ളത്തിൽ ഒഴുക്കിവിടുന്ന കടലാസ്സു തോണികൾ, കടലാസ് മടക്കി ഉണ്ടാക്കുന്ന വിമാനങ്ങൾ, ഉത്സവകാലത്തു മാത്രം കിട്ടുന്ന ബലൂണുകളും റബ്ബർ പാവകളും. പളുങ്കിന്റെ ഗോട്ടി കൊണ്ടുള്ള കളി, വട്ടുകളി (ഗോട്ടിക്കു പകരം കുടത്തിന്റെയോ കലത്തിന്റെയോ കഷണം ദൂരേക്ക് എറിയും, ഒറ്റക്കാലിൽ ഞൊണ്ടിച്ചെന്ന് അത് എടുക്കണം, തൊങ്കിക്കളി (ഞൊണ്ടിച്ചെന്ന് ഓടുന്നവരെ തൊടൽ), മരം തൊട്ടുകളി (ഇതും ഓടിക്കളിയുടെ മറ്റൊരു രൂപമാണ്, ഒരാൾ മരത്തിൽ തൊട്ടാൽ പിന്നെ അയാളെ തൊടാൻ പാടില്ല), ഉപ്പുവെച്ച് കളി (ഒരു ടീം മണൽകൊണ്ട് കാണാത്ത ഇടങ്ങളിൽ കൊച്ചുകൂനകൾ ഉണ്ടാക്കും, അതാണ് 'ഉപ്പ്'; എതിർ ടീം അവ കണ്ടുപിടി



വര: ആതിര സജീവ് ടി

ക്കണം, കണ്ടുപിടിക്കാത്ത അത്രയും എണ്ണം കടമാവും), കോട്ട കളി (ഒരു ടീം നിരന്നു നിൽക്കും, മറ്റേ ടീം ഓരോരുത്തരായി ചെന്ന് അത് ഭേദിച്ചു കടക്കണം), തലപ്പന്തുകളി (തെങ്ങോലകൊണ്ടുള്ള പന്തു പയോഗിച്ചുള്ള കളി) - ഇതൊക്കെ ആയിരുന്നു പ്രധാന കളികൾ.

പലതരം പന്തുകൾ കൊണ്ടുള്ള കാൽപ്പന്തുകളിയും ഉണ്ടായിരുന്നു. ഇതിനൊക്കെ ഓരോ പ്രദേശത്തും വകഭേദങ്ങളും ഉണ്ടായിരുന്നു. ചതുരംഗത്തിന്റെ ചെറിയ രൂപമായ പടവെട്ടുകളിയും ഉണ്ടായിരുന്നു. കരുക്കൾക്ക് പകരം കല്ലും ഈർക്കിലുമാണ് ഉപയോഗിക്കുക.

പുരയിടത്തിലെയും പാടത്തെയും ജോലികളിൽ ഞങ്ങളെല്ലാം കൂടുമായിരുന്നു. കൊയ്ത്തും മെതിയും അധികവും സ്ത്രീകളാണ് ചെയ്യുക, വീട്ടിൽ ഉള്ളവരും പുറത്തുനിന്നുള്ളവരും. ഞാനും ചേട്ടനും കറ്റ ചുമക്കാനും തെങ്ങിനു തടമെടുക്കാനും പലതരം പച്ചക്കറികൾക്കു തടമെടുക്കാനും കൂടും. അതെല്ലാം കളികളുടെതന്നെ ചില രൂപങ്ങൾപോലെ ആയിരുന്നു. പക്ഷേ അതൊക്കെ മണ്ണിനെയും വിത്തുകളെയുമെല്ലാംകുറിച്ച് ഒരുപാട് അറിവുകൾ തന്നു. ഇന്നത്തെ കുട്ടികൾക്ക് അറിയാത്ത ഒരു പാട് ചെടികളുടെയും മരങ്ങളുടെയും നെല്ലിനങ്ങളുടെയും പേരുകൾ അങ്ങിനെ ഞങ്ങളുടെ നിഘണ്ടുവിൽ കയറിപ്പറ്റി.

ഞാൻ പഠിച്ചിരുന്ന സർക്കാർ പ്രൈമറി സ്കൂൾ വീട്ടിൽ നിന്ന് നാലഞ്ചു കിലോമീറ്റർ അകലെയായിരുന്നു. നടന്നാണ് പോക്കും വരവും. ശീലക്കുടയും ചെരിപ്പും പണക്കാരുടെ വീട്ടിലെ കുട്ടികൾക്കു മാത്രമാണ് ഉണ്ടായിരുന്നത്. ഞങ്ങളുടെ സ്കൂളിൽ അത്തരക്കാർ മിക്കവാറും ഇല്ലായിരുന്നതുകൊണ്ട് ചെരിപ്പിടാതെയും, മഴയത്ത് ഓലക്കുട പിടിച്ചുമാണ് നടക്കുക. പനയോലകൊണ്ട് ഓലക്കുട ഉണ്ടാക്കിയിരുന്നത് കുട്ടയും മുറവും മറ്റു കൃഷി സാമഗ്രികളും ഉണ്ടാക്കിയിരുന്നവർ തന്നെ.

സ്റ്റീൽ പാത്രങ്ങൾ പ്രചാരത്തിൽ വന്നിരുന്നില്ല. ഓടും പിത്തളയും അലൂമിനിയവുമായിരുന്നു വീട്ടുപാത്രങ്ങൾക്ക് ഉപയോഗിച്ചിരുന്നത്, കൂടാതെ മൺകലങ്ങളും കുടങ്ങളും. കയിലുകൾ അധികവും ചിരട്ടയോ മരമോ ഉപയോഗിച്ചുള്ളവ ആയിരുന്നു.

**ഞാൻ പഠിച്ചിരുന്ന സർക്കാർ പ്രൈമറി സ്കൂൾ വീട്ടിൽനിന്ന് നാലഞ്ചു കിലോമീറ്റർ അകലെയായിരുന്നു. നടന്നാണ് പോക്കും വരവും. ശീലക്കുടയും ചെരിപ്പും പണക്കാരുടെ വീട്ടിലെ കുട്ടികൾക്കു മാത്രമാണ് ഉണ്ടായിരുന്നത്. ഞങ്ങളുടെ സ്കൂളിൽ അത്തരക്കാർ മിക്കവാറും ഇല്ലായിരുന്നതുകൊണ്ട് ചെരിപ്പിടാതെയും, മഴയത്ത് ഓലക്കുട പിടിച്ചുമാണ് നടക്കുക. പനയോല കൊണ്ട് ഓലക്കുട ഉണ്ടാക്കിയിരുന്നത് കുട്ടയും മുറവും മറ്റു കൃഷി സാമഗ്രികളും ഉണ്ടാക്കിയിരുന്നവർ തന്നെ.**

വെള്ളം കോരുക കിണറ്റിൽ നിന്നാണ്, അതിനു പാട്ട കൊണ്ടുള്ള ബക്കറ്റുകളോ, കവുങ്ങിൻപാള മടക്കി കുമ്പിൾ പോലെ ഉണ്ടാക്കിയതോ കയറിൽ കെട്ടി ഇറക്കുമായിരുന്നു, കിണറ്റിനു മുകളിൽ രണ്ടു കാലുകളിൽ നാട്ടിയ മരത്തിന്റെ തുടിയോ, ഇരുമ്പിന്റെ കപ്പിയോ കാണും. കിണറ്റിലോ കുളത്തിലോനിന്നാണ് വളപ്പിലെ തെങ്ങുകളും മറ്റും നനയ്ക്കാൻ വെള്ളം തേവിയിരുന്നത്. കിണറ്റിനു മുകളിൽ നടന്നു വെള്ളം കോരാൻ തെങ്ങിൻതടി കൊണ്ടുള്ള പാലം ഉണ്ടാവും, തേവാനുള്ള സംവിധാനവും. മണ്ണു കൂട്ടിയിട്ടു പൊക്കി അതിൽ ചാലുകൾ കീറിയ 'കയ്യാണി' കളിലൂടെയാണ് കൈക്കോട്ടുകൊണ്ട് വെള്ളം ഓരോ തെങ്ങിനും കവുങ്ങിനും തിരിച്ചു വിടുക. വയലുകളിൽ കാളകളെ ഉപയോഗിച്ചും 'തേക്ക് ' നടത്തിയിരുന്നു.

തേങ്ങയും അടയ്ക്കയും മാങ്ങയും പറിക്കാൻ ആളുകൾക്കു മരത്തിൽ കയറുകയേ വഴിയുണ്ടായിരുന്നുള്ളൂ. മാങ്ങ പറിക്കാൻ ചിലപ്പോൾ 'വലത്തോട്ടി'കൾ ഉപയോഗിക്കും- മാങ്ങ താഴെ വീഴാതിരിക്കാൻ അറ്റത്ത് അരിവാളും വലയും പിടിപ്പിച്ച തോട്ടികൾ.

മാമ്പഴക്കാലം ഞങ്ങൾ കുട്ടികൾക്ക് ശരിക്കും ഉത്സവകാലമായിരുന്നു. കാക്കകളോടും അണ്ണാനോടും മാമ്പഴം താഴെയിട്ടു തരാൻ ഇരന്നു നടക്കുന്ന കാലം. മുതിർന്ന, സാഹസികരായ കുട്ടികൾ മാവുകളിൽ കയറും. ചിലർ ഉന്നം വെച്ച് കല്ലെറിഞ്ഞു മാങ്ങകൾ വീഴ്ത്തും. കണ്ണിമാങ്ങ പ്രായം മുതൽ ഈ മാങ്ങവേട്ട തുടങ്ങും. മാങ്ങാക്കാലം തീരും വരെ തുടരും. കമ്മ്യൂണിസം അറിയും മുൻപുതന്നെ എല്ലാ മാവുകളും എല്ലാവരുടേതുമാണെന്ന് ഞങ്ങൾ വിശ്വസിച്ചു തുടങ്ങിയിരുന്നു, വഴിയിലേക്കോ പാടത്തേക്കോ ചാഞ്ഞു നിൽക്കുന്നതാണെങ്കിൽ വിശേഷിച്ചും. മാവ് മാത്രമല്ല,

പറങ്കിമാവും. പറങ്കിയണ്ടി ശേഖരിക്കുക, പഴുത്ത പറങ്കി മാങ്ങ തിന്നുക ഇവയും പതി വായിരുന്നു. അവയുടെയൊ ക്കെ കറ പറ്റാത്ത ട്രൗസറും ഷർട്ടും ഒന്നുപോലും ഞങ്ങ ളിൽ പലർക്കും ഇല്ലായിരുന്നു. ഞാൻ കോളേജിൽപോകും വരെ ഹാഫ് ട്രൗസർ ആണ് ധരിച്ചിരുന്നത്. മുണ്ടുടുത്ത കുട്ടികൾ 'വലിയവർ' ആയാണ് കരുതപ്പെട്ടിരുന്നത്.

ഞങ്ങളുടെ പുരയിടത്തിൽ ആഴമുള്ള ഒരു കുളം ഉണ്ടായി രുന്നു. വേനലിൽ അടിത്തട്ട് കാണും, മഴയിൽ നിറയുകയും ചെയ്യും. അതിലാണ് ഞാനും ചേട്ടനും ചേച്ചിയും നീന്തിപ്പഠി ച്ചത്. ഓടാൻ അറിയുംപോലെ തന്നെയുള്ള ഒരു പ്രാഥമിക മായ കഴിവായിരുന്നു അക്കാ ലത്ത് നീന്തലും. പൊങ്ങിക്കി ടക്കുന്ന ഉണക്കത്തേങ്ങകൾ അൽപ്പം തോൽ പൊളിച്ചു കൂട്ടിക്കെട്ടി അത് താങ്ങായി ക്കിടന്നാണ് ആദ്യത്തെ നീന്തൽ. പിന്നെ ആ താങ്ങ് വേണ്ടാതാവും. ദൂരേക്കു നീന്തി ധൈര്യം നേടും. സ്വന്തം വള പ്പിൽ കുളം ഇല്ലാത്തവർ പൊതുവായ കുളങ്ങളിലാവും കുളിയും നീന്തലും. കുളങ്ങ ളിൽ മീനുകളും തവളകളും നീർക്കോലി പോലുള്ള പാമ്പു കളും ഉണ്ടാവും. പറമ്പിൽ ചേര മുതൽ മൂർഖൻവരെ യുള്ള പാമ്പുകളും.

വീട്ടിൽ വളർത്തിയിരുന്ന പശുക്കൾക്കെല്ലാം പേരുകൾ ഉണ്ടായിരുന്നു, വിളിച്ചാൽ അവ ഓടി വരും. നായ്ക്കളും പൂച്ചകളും പല്ലികളും ഓന്തുക ളും അരണകളും അണ്ണാർക്ക ണ്ണന്മാരും കോഴികളും കാക്ക കളും മറ്റു പലതരം കിളികളും എല്ലാം ചേർന്നതായിരുന്നു എന്റെ ലോകം.

സ്കൂളിൽ മിക്ക അധ്യാപ കരും ദൂരം അനുസരിച്ച് നടന്നോ സൈക്കിളിലോ ബസ്സിലോ ആണ് വരിക. പ്രൈമറി സ്കൂൾ കാലത്ത് ആദ്യ ക്ലാസ്സുകളിൽ എഴുത്തു മുഴുവൻ സ്ലേറ്റിൽ ആണ്. കറുത്ത സ്ലേറ്റിൽ സ്ലേറ്റു പെൻ സിൽകൊണ്ട് വെളുത്ത എഴു ത്ത്. സ്ലേറ്റു മായ്ക്കാൻ മഷിയി ലയും വെള്ളിത്തണ്ടും (രണ്ടു തരം ചെടികൾ) ഉപയോഗിക്കും.

പിന്നെയുള്ളത് കൈയ ക്ഷരം നന്നാകാനുള്ള കോപ്പി യെഴുത്താണ്. അത് 'മഷിവട്ട്' പൊടിച്ചു കലക്കി ഉണ്ടാക്കിയ നീല മഷിയിൽ സ്റ്റീൽ പേന മുക്കിയാണ് എഴുതുക. അന്ന് ഫൗണ്ടൻ പേനകൾ അപൂർവ





മാണ്. ക്ലാസ്സിൽ മരം കൊണ്ടുള്ള ഡെസ്കിൽത്തന്നെ മഷി ഒഴിക്കാനുള്ള വട്ടത്തിലുള്ള കുഴികൾ ഉണ്ടാവും. മരബെഞ്ചുകളിലാണ് ഇരിപ്പ്. കോപ്പി എഴുത്തിലൂടെ ചിലതൊക്കെ നാം പഠിക്കുകയും ചെയ്യും, പകർത്തിയെഴുതാൻ അതിൽ അച്ചടിച്ചിട്ടുണ്ടാവുക കടംകഥകളും പഴംചൊല്ലുകളും മറ്റുമാണ്. അങ്ങിനെ അറിയാതെ തന്നെ നമ്മുടെ ഭാഷയുടെ ചില അമൂല്യനിധികൾ നമ്മുടെ സ്വന്തമാകും. അക്ഷരങ്ങൾ മുതൽ പഠനം ആരംഭിക്കും, ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള അക്കങ്ങളും പഠിപ്പിക്കും. അക്ഷരത്തെറ്റ് അന്ന് തീർത്തും കുറ്റകരമായിരുന്നു. അക്ഷരം ശരിയാക്കാനായി ഇടയ്ക്കിടയ്ക്ക് 'കേട്ടെഴുത്ത്' നടത്തും. അധ്യാപകർ പറയുന്ന വാക്കുകൾ കേട്ട് നാം സ്ലേറ്റിൽ എഴുതണം. ഒരു വാക്ക് തെറ്റിച്ചാൽ ഒരു മാർക്ക് കുറയും. ആ ഭാഷാ പരിശീലനം എത്ര നന്നായിരുന്നു എന്ന് പിന്നീട് എനിക്ക് മനസ്സിലായി.

അഞ്ചു ക്ലാസ്സുവരെ മൂന്നു പരീക്ഷകളേ അന്നുള്ളൂ: മലയാളം, കണക്ക് എന്നീ വിഷയങ്ങളിൽ എഴുത്തുപരീക്ഷകൾ, പിന്നെ 'മറ്റു വിഷയം' എന്ന പേരിൽ ഒരു പൊതുവിജ്ഞാനപ്പരീക്ഷ. അത് എഴുതുന്നതല്ല, ചോദ്യവും ഉത്തരവും ആണ്, ഇന്നത്തെ ഇന്റർവ്യൂ പോലെ. അൽപ്പം പത്രം വായനയും പൊതുവായ വിവരവും ഉള്ള ആർക്കും പാസ്സാകാവുന്ന പരീക്ഷ. രണ്ടാം ക്ലാസ്സു കഴിയുമ്പോഴേക്കും നോട്ടുപുസ്തകത്തിലേക്കു കയറ്റം കിട്ടും. അതിൽ അധികവും പെൻസിൽ കൊണ്ടാണ് എഴുത്ത്, അല്ലെങ്കിൽ സ്റ്റീൽ പേന കൊണ്ട്.

അന്ന് രണ്ട് അഞ്ചാം ക്ലാസ്സുകൾ ഉണ്ടായിരുന്നു: 'മലയാളം അഞ്ച്', 'ഇംഗ്ലീഷ് അഞ്ച്'. ഇംഗ്ലീഷ് അഞ്ചോടു കൂടിയാണ് അപ്പർ പ്രൈമറി തുടങ്ങുക. അത് വേറെ സ്കൂൾ ആയിരുന്നു. പ്രൈമറി സ്കൂളിൽ നിന്ന് അല്പം വാരകൾ അകലെ. അവിടേക്കും നടന്നുതന്നെയാണ് പോവുക. അത് ഒരു സ്വകാര്യ സ്കൂൾ ആയിരുന്നു. 'ഇംഗ്ലീഷ് അഞ്ച്' എന്ന് പറയാൻ കാരണം ആ ക്ലാസ്സിൽ ഇംഗ്ലീഷ് പഠനം തുടങ്ങുന്നതാണ്. ഏഴാം ക്ലാസ്സ് കഴിഞ്ഞാൽ പിന്നെ മൂന്നു വർഷം ഹൈസ്കൂൾ. അങ്ങിനെ 11 വർഷമാണ് സ്കൂൾ വിദ്യാഭ്യാസം. ഹൈസ്കൂൾ അന്ന് ഞങ്ങളുടെ ഗ്രാമത്തിൽ ഇല്ല. (ഇപ്പോൾ ഉണ്ട്). അതിനു നടന്നു തോണിയിൽ കയറി പുഴ കടന്നു പിന്നെയും നടന്നു പോകണം. ദിവസം നടപ്പു മാത്രം 13 കിലോമീറ്ററിൽ കൂടുതൽ വരും. വഞ്ചിക്കു കാൽ അണ (ഏതാണ്ട് ഒന്നര പൈസ) കൂലി കൊടുക്കണം. കൊടുങ്ങല്ലൂർ ബോയ്സ് ഹൈസ്കൂളിൽ ആണ് ഞാൻ പഠിച്ചത്. അപ്പോഴേക്കും മലയാളവും ഇംഗ്ലീഷും കണക്കും കൂടാതെ ഭൗതികം, രസതന്ത്രം, ജീവശാസ്ത്രം, ചരിത്രം, ഭൂമിശാസ്ത്രം തുടങ്ങിയ വിഷയങ്ങളും പഠനത്തിന്റെ ഭാഗമായി.

ഈ മൂന്നു സ്കൂളുകളിലുമായാണ് എന്റെ ആദ്യവായനകൾ നടന്നത്, ഒപ്പം നാട്ടിൻ പുറത്തെ രണ്ടു വായനശാലകളിലും. അവയിൽ പ്രധാനം എന്റെ നാട്ടിൻപുറത്തുള്ള 'ആശാൻസ്മാരക വായനശാല' ആയിരുന്നു. അവിടെ അന്നത്തെ പ്രധാന ആനുകാലികങ്ങൾ വരുമായിരുന്നു- ജയകേരളം, വിശാലകേരളം, ജനയുഗം, നവയുഗം, മാതൃഭൂമി, സോവിയറ്റ് നാട് തുടങ്ങിയവ (ഇവയിൽ പലതും ഇപ്പോൾ ഇല്ല). കൂടാതെ അന്നത്തെയും മുൻപത്തെയും പ്രധാന മലയാളി എഴുത്തുകാരുടെ കൃതികളും ബംഗാളി, ഹിന്ദി തുടങ്ങിയ ഇന്ത്യൻ ഭാഷകളിൽനിന്നും റഷ്യൻ, ജർമൻ, ഇംഗ്ലീഷ് തുടങ്ങിയ വിദേശ ഭാഷകളിൽനിന്നും ഉള്ള മലയാള പരിഭാഷകളും സംഗ്രഹങ്ങളും അവിടെ ലഭ്യമായിരുന്നു. സ്കൂൾ കാലം കഴിയുമ്പോഴേക്കും സാഹിത്യത്തെക്കുറിച്ച് ഒരു ധാരണ ഉണ്ടാക്കാൻ ആ വായനകൾ എന്നെ സഹായിച്ചു. ഒപ്പം തന്നെ അറബിക്കഥകൾ, വിക്രമാദിത്യൻ കഥകൾ തുടങ്ങിയവ എനിക്ക് വേറൊരു ഭാവനാലോകം കാട്ടിത്തന്നു.

ഞാൻ മാജിക് കാർപ്പറ്റുകളിൽ പറന്നു, തലയിണകളും പ്രതിമകളും എന്നോട് കഥകൾ പറഞ്ഞു. കൊട്ടാരത്തിൽ

**'മഷിവട്ട്' പൊടിച്ചു കലക്കി ഉണ്ടാക്കിയ നീല മഷിയിൽ സ്റ്റീൽ പേന മുക്കിയാണ് എഴുതുക. അന്ന് ഫൗണ്ടൻ പേനകൾ അപൂർവമാണ്. ക്ലാസ്സിൽ മരം കൊണ്ടുള്ള ഡെസ്കിൽത്തന്നെ മഷി ഒഴിക്കാനുള്ള വട്ടത്തിലുള്ള കുഴികൾ ഉണ്ടാവും. മരബെഞ്ചുകളിലാണ് ഇരിപ്പ്. കോപ്പി എഴുത്തിലൂടെ ചിലതൊക്കെ നാം പഠിക്കുകയും ചെയ്യും. പകർത്തിയെഴുതാൻ അതിൽ അച്ചടിച്ചിട്ടുണ്ടാവുക കടംകഥകളും പഴംചൊല്ലുകളും മറ്റുമാണ്. അങ്ങിനെ അറിയാതെ തന്നെ നമ്മുടെ ഭാഷയുടെ ചില അമൂല്യനിധികൾ നമ്മുടെ സ്വന്തമാകും.**

ശങ്കുണ്ണിയുടെ 'ഐതിഹ്യ മാല'പോലുള്ള കൃതികളും ആ ലോകത്തെ പോഷിപ്പിച്ചു.

കൂട്ടുകാരനായ അബ്ദുൽ ഖാദറിനൊപ്പം ഞാൻ അടുത്തുള്ള കരൂപ്പടന്ന പള്ളിയിൽ പോയി 'ചന്ദനക്കുടം' എന്ന ആഘോഷത്തിൽ കൂടി, റാത്തീബ് കണ്ടു. കോൽക്കളി കണ്ടു. അമ്പലങ്ങളിൽ ഉത്സവങ്ങൾക്ക് പോയി കഥകളിയും കൂത്തും നാടകങ്ങളും കണ്ടു, കർണാടക സംഗീതവും കഥാപ്രസംഗങ്ങളും കേട്ടു. വയലിൽ പണിയെടുക്കുന്നവർ പാടുന്ന വടക്കൻ പാട്ടുകളും നാടൻ പാട്ടുകളും വെള്ളം തേവുന്നവർ പാടുന്ന തേക്കുപാട്ടുകളും കേട്ടു.

ഓണവും വിഷുവും തിരുവാതിരയും ഞങ്ങൾ കുട്ടികൾ കാത്തിരുന്ന ആഘോഷങ്ങൾ ആയിരുന്നു. കഴുത്തിൽ പൂവട്ടി തൂക്കി കൊയ്ത്തു കഴിഞ്ഞ പാടങ്ങളിൽനിന്ന് നെല്ലിപ്പൂ പറിക്കും, കുന്നുകളിലും പുരയിടങ്ങളിലുംനിന്ന് തുമ്പയും മുക്കുറ്റിയും ഒടിച്ചു കുത്തിയും ചെത്തിയും (തെറ്റി എന്നും പറയും) ഈസാമിണുക്കിയും (കാക്കപ്പൂ) ആറുമാസവും ചെമ്പരത്തിയും കാശിത്തുമ്പയുമെല്ലാം ശേഖരിച്ചു പൂക്കളമിടും. മണ്ണുകൊണ്ട് തൃക്കാക്കരയപ്പനെ ഉണ്ടാക്കും. വിഷുവിനു പടക്കം പൊട്ടിക്കും. ഓണക്കാലത്ത് പലതരം കളികളിൽ ഏർപ്പെടും, സ്ത്രീകൾ ഓണത്തിനും തിരുവാതിരയ്ക്കും കൈകൊട്ടിക്കളിക്കും.

ഇന്ന് ആലോചിക്കുമ്പോൾ എന്റെ ഗ്രാമം എത്ര മനോഹരമായിരുന്നു എന്ന് മനസ്സിലാകുന്നു. തോടുകളും കായലും വയലുകളും തെങ്ങിൻതോപ്പുകളും കുന്നുകളും പലതരം മരങ്ങളും എല്ലാം ചേർന്നു സുന്ദരമായ ആ ലോകം അരപ്പട്ടിണിയിലും ഞങ്ങൾക്ക് ആഹ്ലാദം നൽകി. അത്തരം ഒരു ലോകത്തിൽ ജീവിച്ചിരുന്നില്ലെങ്കിൽ ഞാൻ ഒരിക്കലും കവിയാകുമായിരുന്നില്ല എന്ന് തോന്നുന്നു. ചുരുങ്ങിയത് എന്റെ കവിതയിൽ പ്രകൃതി ഇത്രമേൽ കടന്നുവരില്ലായിരുന്നു.



# വിഷുക്കുട്ടികൾ

വിനോദ് വൈശാഖി





കാറ്റ്
കൈനീട്ടിനൽകും
മാമ്പഴം
ഞാനെടുക്കാം

അങ്ങേപ്പുറത്തു
ഞാന്ന
പുളിങ്ങ
നീ ഏറ്റുവല്ലോ!

മഴയിലൊടിഞ്ഞു
ചാഞ്ഞ
കുലയവൾ
കൊണ്ടുപോരും

പിന്നാമ്പുറ-
ത്തേറെനാളായ്,
പാകമായ്
കത്തിരിക്ക,
വയലറ്റു
ബൾബുപോലെ
കത്തിനിൽക്കുന്നു
വീട്ടിൽ

പാടത്തി-
ലുണ്ടുനീളൻപച്ച-
യിലാകെവെണ്ട,
പയ്യെയടർത്തി-
യെത്താനേർപ്പാടു-
ചെയ്തുകേട്ടോ!

ചാമ്പങ്ങ
നീ പെറുക്കൂ
ദേ, ഇവൻ
വീട്ടിൽനിന്നും
മത്തനും
തോളിലേറ്റി
പുലരുന്ന
മാത്രയെത്തും,

കൂരയിലേണിയേറി
വെള്ളരി
നീയടർത്തൂ,
പാവലു-
ണ്ടോന്റെപാടം
പട്ടുപോൽ,
തൊട്ടു നോക്കൂ,

പടവലം
കുഞ്ഞൊരെണ്ണം
കുഞ്ഞാലിയേറ്റു
നാളെ-
ക്കാലത്തു
നിസ്കരിക്കാൻ
പോകുംവഴിക്കു നൽകും.

പേരയ്ക്ക
കൊത്താതെ
അണ്ണാൻ രാവിലെ
ഞെട്ടടർത്തും
കുമ്പളം,
ദാ, മരത്തിൽ
തോട്ടക്കമ്പിനാൽ
കൊർത്തെടുക്കാം.

കമ്പളത്തിൻ
നടുക്കായ്,
ഒറ്റത്തിരി
തെളിക്കാം
പച്ചിലക്കാട്ടിൽ
നിന്നും
പച്ചക്കുതിര
യെത്തും
സുഗതകുമാരിയെന്ന്
പേരിട്ടു സ്വീകരിക്കാം.

കമ്പളം
നീട്ടിനീർത്തി
കർണ്ണികാരച്ചുവട്ടിൽ
ആഹ്ലാദമോടെ
മേടം
കണികണ്ടുലഞ്ഞു
നീളെ!



വര: ബാസി മറിയം



കൊളംബിയ എന്ന സ്പേസ് ഷട്ടിലിന്റെ വിക്ഷേപണം



# അന്തരീക്ഷത്തിനുമപ്പുറത്തെ അറുപതു വർഷങ്ങൾ

**മനുഷ്യന്റെ ബഹിരാകാശപ്രവേശനത്തിന് ആറു പതിറ്റാണ്ട് തികയുമ്പോൾ**

**വി എസ് ശ്യാം**

സോവിയറ്റ് പൗരനായിരുന്ന യൂറി ഗഗാറിൻ നടത്തിയ ആദ്യത്തെ ബഹിരാകാശയാത്ര ആറു പതിറ്റാണ്ടുകൾക്കുമുൻപ് 1961 ഏപ്രിൽ 12ന് ആയിരുന്നു. ആ ചരിത്ര സംഭവമാണ് മനുഷ്യന്റെ ബഹിരാകാശ പര്യവേക്ഷണത്തിന് പുതുവഴി തുറന്നത്. മനുഷ്യ ബഹിരാകാശയാത്രയുടെ യുഗാരംഭം അന്താരാഷ്ട്രതലത്തിൽ ആഘോഷിക്കുന്നതിനായി ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം എല്ലാ വർഷവും ഏപ്രിൽ 12 മനുഷ്യബഹിരാകാശപ്പറക്കലിന്റെ അന്താരാഷ്ട്ര ദിനമായി പ്രഖ്യാപിക്കുകയായിരുന്നു. ബഹിരാകാശപര്യവേക്ഷണവും അതിന്റെ വിപുലീകരണവും പ്രോത്സാഹിപ്പിക്കുക, മനുഷ്യരാശിയുടെ ഭാവിയിടം എന്ന നിലയിൽ സമാധാനപരമായ ആവശ്യങ്ങൾക്കായി ബഹിരാകാശപര്യവേക്ഷണനേട്ടങ്ങളെ എല്ലാവർക്കും പ്രാപ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ ദിനാചരണം നടക്കുന്നത്.

മനുഷ്യൻ ബഹിരാകാശത്തു ചെന്നെത്തി അറുപതു വർഷങ്ങൾ പിന്നിടുമ്പോൾ ഇന്ന് ആ മേഖലയിൽ നാം ഏറെ മുന്നിലാണ്. നമ്മുടെ ഭാവിതന്നെ നാം കാണുന്നത് ബാഹ്യാകാശഗോളങ്ങളിലേക്കുള്ള കുടിയേറ്റത്തിലാണ്. ബഹിരാകാശരംഗത്ത് അറിവും പരിചയവും സാങ്കേതികവിദ്യയും പരിമിതമായിരുന്ന കാലത്ത് ഭൂമിയ്ക്കു പുറത്തേക്കുള്ള സഞ്ചാരം ഏറെ വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. ആ ബഹിരാകാശപര്യവേക്ഷണചരിത്രം ഏറെ ആശ്ചര്യവും കൗതുകവും പേറുന്നതാണ്.

# മനുഷ്യന്റെ ബഹിരാകാശയാത്രയുടെ ആദ്യ 50 വർഷത്തെ ചരിത്രം

## തുടക്കം

ഭൗമോപരിതലത്തിൽനിന്ന് 100 കി.മി. ഉയരത്തിനുശേഷമുള്ള സ്ഥലത്തെയാണ് നാം ബഹിരാകാശം(Space) എന്ന് പൊതുവെ പറയുക. ഭൂമിക്കു പുറത്തേക്ക് വസ്തുക്കളെ എത്തിക്കണമെങ്കിൽ വലിയ വേഗതയും സാങ്കേതികമായി മെച്ചപ്പെട്ട സംവിധാനങ്ങളും നമുക്ക് ആവശ്യമുണ്ട്. ആദ്യകാലങ്ങളിൽ വലിയ വേഗതയിലും ഭൂമിക്കു ചുറ്റുമുള്ള പരിക്രമണപഥത്തിലേക്ക് പോകാനുള്ള ഉയരത്തിലും വസ്തുക്കളെ എത്തിക്കാൻ കഴിഞ്ഞിരുന്നില്ല.

ബഹിരാകാശ പര്യവേക്ഷണത്തിലേക്കുള്ള മനുഷ്യന്റെ ആദ്യത്തെ യഥാർത്ഥ ചുവടുവെപ്പ് 1940 കളിൽ രണ്ടാം ലോകയുദ്ധസമയത്താണ് നടന്നത്. ജർമ്മനി രൂപകല്പന ചെയ്ത A4/V-2 റോക്കറ്റ് പരീക്ഷണപ്പറക്കലിൽ ഭൂമിയിൽ നിന്ന് ഏതാണ്ട് 85 കിലോമീറ്റർ ഉയരത്തിൽ വരെയെത്തി.

## ബഹിരാകാശയുഗം ആരംഭിക്കുന്നു

1957ൽ സോവിയറ്റ് യൂണിയൻ ഭൂമിക്കു ചുറ്റുമുള്ള പരിക്രമണപഥത്തിൽ സ്പുട്നിക് 1 എന്ന ഉപഗ്രഹത്തെ സ്ഥാപിച്ചതോടെയാണ് 'ബഹിരാകാശ യുഗം' ആരംഭിച്ചത്. റഷ്യൻ ഭാഷയിൽ സഹയാത്രികൻ എന്ന ആശയം വരുന്ന വാക്കാണ് സ്പുട്നിക്. അന്നത്തെ വൻശക്തികൾ ആയിരുന്ന സോവിയറ്റ് യൂണിയനും അമേരിക്കയും തമ്മിലുള്ള ഒരു 'ബഹിരാകാശപ്പന്തയം' തുടങ്ങിവയ്ക്കാൻ ഇത് കാരണമായി. ഓരോ രാജ്യവും ബഹിരാകാശ പര്യവേക്ഷണത്തിൽ 'ആദ്യം' എത്താൻ ശ്രമിച്ചുകൊണ്ടേയിരുന്നു. 1958ൽ എക്സ്പ്ലോറർ 1 എന്ന പേടകം അമേരിക്ക വിക്ഷേപിച്ചു.

## ഭൂമിയിലെ ജീവജാലങ്ങൾ ബഹിരാകാശത്തേക്ക്

നമുക്ക് മനുഷ്യബഹിരാകാശ ദൗത്യങ്ങളിലേക്ക് എത്തുന്നതിനുമുമ്പ്, വളരെ പ്രധാനപ്പെട്ട ഒരു കാര്യം കണ്ടെത്തേണ്ടതുണ്ടായിരുന്നു. മൃഗങ്ങളെപ്പോലുള്ള ജീവജാലങ്ങൾക്ക് ബഹിരാകാശത്തെ സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുമോ? നമുക്ക് യാതൊരു മുൻപരിചയവും ഇല്ലാത്ത പ്രദേശമാണ് അവിടം. എന്താകും എങ്ങനെയാകും എന്നൊന്നും യാതൊരു ഉറപ്പുമില്ല.

സ്പേസിലെ പരിസരത്തെക്കുറിച്ച് ഏകദേശധാരണകൾ മാത്രമേയുള്ളൂ. ഗുരുത്വത്തിന്റെ പ്രഭാവം തീരെയില്ല. മൈക്രോഗ്രാവിറ്റി അല്ലെങ്കിൽ സീറോ ഗ്രാവിറ്റി എന്ന അവസ്ഥയാണ്. മാത്രമല്ല അതിതീക്ഷ്ണമായ വികിരണങ്ങളും താപനില വ്യതിയാനവും കാണും. ഈ പ്രതികൂലസാഹചര്യങ്ങൾ നേരിടാനും കൈകാര്യം ചെയ്യാനും അതിജീവിക്കാനും മനുഷ്യനും മറ്റു ജീവജാലങ്ങൾക്കുമാകുമോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്.

എന്തായാലും ഇത്തരം കാര്യങ്ങൾ പഠിക്കാനും അറിയാനും ജീവജാലങ്ങളിൽ മൈക്രോഗ്രാവിറ്റിയുടെ അനന്തരഫലങ്ങൾ എന്തൊക്കെയെന്നു മനസ്സിലാക്കാനുമായി ശാസ്ത്രജ്ഞർ മൃഗങ്ങളെ ബഹിരാകാശത്തേക്ക് അയച്ചു. നായ്ക്കൾ, കുരങ്ങുകൾ, പൂച്ചകൾ, ആമകൾ, എലികൾ, മുയലുകൾ, മത്സ്യം, തവളകൾ, ചിലന്തികൾ, പ്രാണികൾ എന്നിവയും കൂടാതെ സസ്യങ്ങളും ബഹിരാകാശത്തേക്ക് വിക്ഷേപിക്കപ്പെട്ടു.

ബഹിരാകാശത്തേക്ക് ആദ്യമായി അയച്ച മൃഗങ്ങൾ ഈച്ചകളായിരുന്നു. 1947 ഫെബ്രുവരി 20ന് അമേരിക്ക അയച്ച V-2 റോക്കറ്റിലായിരുന്നു അവർ പോയത്. ഏതാണ്ട് 110 കിലോമീറ്റർ ഉയരത്തിൽപ്പോയി സ്പേസിൽ കടന്ന് അവരുടെ ക്യാപ്സ്യൂളിന് സുരക്ഷിതമായി ഭൂമിയിലേക്ക് തിരികെവരാൻ കഴിഞ്ഞു. തിരികെയെത്തിയപ്പോഴും അവർക്ക് ജീവനുണ്ടായിരുന്നു.

1949ൽ ആൽബർട്ട് രണ്ടാമൻ എന്ന ഒരു കുരങ്ങൻ, ബഹിരാകാശത്ത് എത്തിയ ആദ്യത്തെ കുരങ്ങായി. അവനും V-2 റോക്കറ്റിലാണ് പോയത്, പക്ഷേ ദൗർഭാഗ്യവശാൽ ആൽബർട്ടിന്റെ പാരച്യൂട്ട് ഭൂമിയിലേക്ക് മടങ്ങുമ്പോൾ തുറക്കാൻ കഴിഞ്ഞില്ല.

രണ്ട് വർഷത്തിനു ശേഷം, സോവിയറ്റ് യൂണിയൻ സിഗാൻ, ഡെസിക്ക് എന്നീ പേരുകളുള്ള രണ്ട് നായ്ക്കളെ ബഹിരാകാശത്തേക്ക് വിക്ഷേപിച്ചു. ബഹിരാകാശം സന്ദർശിച്ച് സുരക്ഷിതമായി ഭൂമിയിലേക്കു മടങ്ങുന്ന ആദ്യത്തെ സസ്തനികളായി ഇവർ മാറി. എന്നിരുന്നാലും ഇവയെല്ലാം സബ് ഓർബിറ്റൽ സ്പേസ് വരെ മാത്രം പോയി തിരികെ വരികയാണു ചെയ്തത്.

സ്പുട്നിക് ഒന്നിന്റെ വിജയത്തിനുശേഷം സോവിയറ്റ് യൂണി

യൻ ആ പരമ്പരയിൽ കൂടുതൽ സങ്കീർണമായ ബഹിരാകാശപദ്ധതികൾ ഏറ്റെടുത്തു നടത്താൻ തീരുമാനിച്ചു. അങ്ങനെ 1957ൽ, ലെയ്ക എന്ന നായ സ്പുട്നിക് 2 പേടകത്തിൽ ബഹിരാകാശത്തേക്കു യാത്രയായി.

മോസ്കോയിലെ തെരുവുകളിൽ അലഞ്ഞുനടന്നിരുന്ന നായയെ വിക്ഷേപണത്തിന് ഏതാണ്ട് ഒരാഴ്ച മുൻപ് പ്രത്യേക നിരീക്ഷണങ്ങളും പരിശീലനവും ആഹാരക്രമവും ഏർപ്പെടുത്തി തയ്യാറാക്കുകയായിരുന്നു. അങ്ങനെ സ്പേസ് ഓർബിറ്റിൽ ഭൂമിയെ ചുറ്റുന്ന ആദ്യജീവിയായി ലെയ്ക മാറി. ലെയ്കയുടെ ഹൃദയമിടിപ്പുമുതൽ മറ്റു ജൈവപ്രവർത്തനങ്ങളും സ്വഭാവവും നിരീക്ഷണവിധേയമാക്കുകയും ചെയ്തു.

നിർഭാഗ്യവശാൽ, ഭൂമിയെ ചുറ്റിയശേഷം ബഹിരാകാശത്ത് മരിക്കുന്ന ആദ്യത്തെ മൃഗം കൂടിയാണ് ലെയ്ക. അക്കാലത്ത്, ഒരു വസ്തുവിനെ സുരക്ഷിതമായി ഭൂമിയിലേക്ക് തിരികെക്കൊണ്ടുവരാനുള്ള സാങ്കേതികവിദ്യകൾ സോവിയറ്റ് യൂണിയൻ വികസിപ്പിച്ചിരുന്നില്ല. അതിനാൽ ലെയ്ക ബഹിരാകാശത്തു വച്ചുതന്നെ മരണപ്പെട്ടു.

1960 ആയപ്പോഴേക്കും സോവിയറ്റ് യൂണിയൻ സുരക്ഷിതസംവിധാനങ്ങൾ വികസിപ്പിച്ചു. സ്പുട്നിക് അഞ്ചിൽ ബഹിരാകാശത്തേക്കു പോയി ഭൂമിയെ ചുറ്റിയ നായ്ക്കളായ ബെൽക്കയെയും സ്ടെൽക്കയെയും സുരക്ഷിതമായി തിരികെക്കൊണ്ടുവരാൻ കഴിഞ്ഞു.

1961 ജനുവരി 31ന്, ഹാം ദി ചിമ്പ് (ഹാം ദി ആസ്ട്രോചിമ്പ് എന്നും അറിയപ്പെടുന്നു) ബഹിരാകാശത്ത് എത്തുന്ന ആദ്യത്തെ ചിമ്പാൻസിയായി. അമേരിക്കയുടെ റെഡ്സ്റ്റോൺ റോക്കറ്റിലെ മെർക്കുറി ക്യാപ്സ്യൂളിനുള്ളിലാണ് ഹാം പോയത്. മുമ്പത്തെ മൃഗങ്ങളിൽനിന്ന് വ്യത്യസ്തമായി, അവിടെപ്പോയി ചില പ്രത്യേക പ്രവർത്തനങ്ങൾ ചെയ്യാൻ പരിശീലനം നൽകിയാണ് ഹാമിനെ അയച്ചത്. അതെല്ലാം അവൻ കൃത്യമായി ചെയ്യുകയും ചെയ്തു!

## മനുഷ്യൻ ബഹിരാകാശത്തേക്ക്

മനുഷ്യന്റെ ബഹിരാകാശ പ്രവേശനം നടന്നിട്ട് ഇപ്പോൾ ഏതാണ്ട് ആറ് പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. പുരുഷന്മാരും സ്ത്രീകളുമായി ഒട്ടേറെ ബഹിരാകാശ സഞ്ചാരികൾ സ്പെയിസിൽ പോവുകയും തിരികെ വരികയും ചെയ്തു. കൂടാതെ ഒരുപാട് നാളുകൾ അവിടെ താമസിക്കുകയും ചെയ്യുന്നുണ്ട്.

1950 കളുടെ അവസാനത്തിൽ ബഹിരാകാശപ്പന്തയത്തിന്റെ ഭാഗമായി അമേരിക്കയും സോവിയറ്റ് യൂണിയനും മനുഷ്യരെ ബഹിരാകാശത്ത് എത്തിക്കാനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു. സോവിയറ്റ് യൂണിയനാണ് ബഹിരാകാശദൗത്യം ആദ്യം തുടങ്ങിവച്ചത്. അതാണ് വോസ്റ്റോക്ക് ദൗത്യങ്ങൾ.

## വോസ്റ്റോക്ക് പ്രോഗ്രാം

വോസ്റ്റോക്ക് പരമ്പരയുടെ ഒന്നാം ദൗത്യത്തിൽത്തന്നെ മനുഷ്യനെ ബഹിരാകാശത്തെത്തിക്കാൻ സോവിയറ്റ് യൂണിയനു സാധിച്ചു. ഇതിനായി സോവിയറ്റ് വായുസേനയിലെ മിടുക്കരായ യുദ്ധവിമാന പൈലറ്റുകളെ തെരഞ്ഞെടുത്ത് അതിശ്രമകരമായ പരിശീലനങ്ങൾക്കു വിധേയമാക്കി.

'പോയേഖാലി' ('ഞങ്ങൾ ഇതാ പോകുന്നു!') എന്ന് റഷ്യൻ ഭാഷയിൽ ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ട് ഭൂമിയിൽനിന്ന് യാത്രയായ യൂറി ഗഗാറിൻ തന്റെ വോസ്റ്റോക്ക് 1 ബഹിരാകാശപേടകത്തിൽ 1961 ഏപ്രിൽ 12ന് ബഹിരാകാശത്ത് എത്തി ഭൂമിയെ വലംവയ്ക്കുന്ന ആദ്യത്തെ മനുഷ്യനായി മാറി.

രണ്ട് മണിക്കൂറിൽ താഴെ മാത്രം നീണ്ടുനിന്ന പറക്കലിനിടെ, ഗഗാറിൻ ഒരു തവണ ഭൂമിയെ വലംവച്ചു. തന്റെ ലോഞ്ചിംഗ് പോയിന്റിൽനിന്ന് നൂറുകണക്കിന് കിലോമീറ്റർ അകലെ പാരച്യൂട്ട് ഉപയോഗിച്ച് അദ്ദേഹം ലാൻഡ് ചെയ്തു.

1961നും 1963നും ഇടയിൽ വോസ്റ്റോക്ക് പ്രോഗ്രാമിൽ ആറ് മനുഷ്യബഹിരാകാശദൗത്യങ്ങൾ


യൂറി ഗഗാറിൻ


വാലെന്റീന തെരഷ്ക്കോവ

ഉണ്ടായി. വലെന്റീന തെരഷ്ക്കോവ എന്ന സോവിയറ്റ് വനിതാ പൈലറ്റ് 1963ൽ ബഹിരാകാശത്തെത്തുന്ന ആദ്യ വനിതയായി.

## പ്രോജക്റ്റ് മെർക്കുറി

വോസ്റ്റോക്ക് ദൗത്യത്തിന് മറുപടിയായി അമേരിക്ക പ്രോജക്റ്റ് മെർക്കുറി പ്രഖ്യാപിച്ചു. ഗഗാറിൻ ബഹിരാകാശത്തെത്തി മാസങ്ങൾക്കുശേഷം 1961 മെയ് 5ന് അലൻ ഷെപ്പേർഡ് എന്ന അമേരിക്കൻ ബഹിരാകാശയാത്രികൻ ഒരു റെഡ്സ്റ്റോൺ റോക്കറ്റിലെ മെർക്കുറി ക്യാപ്



അലൻ ഷെപ്പേർഡ്

സ്യൂളിൽ ബഹിരാകാശത്തേക്കു പോയി. ഗഗാറിന്റെ പരിക്രമണ പഥത്തിൽനിന്നു വ്യത്യസ്തമായി, അലൻ ഷെപ്പേർഡ് ഒരു ഉപ പരിക്രമണപഥയാത്ര മാത്രമാണ് നടത്തിയത്. ഷെപ്പേർഡിന്റെ യാത്ര ഏതാണ്ട് 15 മിനിറ്റ് നീണ്ടുനിന്നു.

ഇതിന് തൊട്ടുപിന്നാലെ അമേരിക്കൻ ബഹിരാകാശ യാത്രികൻ ജോൺ ഗ്ലെൻ 1962 ഫെബ്രുവരി 20ന് ഭൂമിയെ വലംവയ്ക്കുന്ന ആദ്യത്തെ അമേരിക്കക്കാരനായി. അദ്ദേഹം മെർക്കുറി-അറ്റ്ലസ്-6 ബഹിരാകാശ പേടകത്തിൽ മൂന്ന് പരിക്രമണപഥങ്ങൾ പൂർത്തിയാക്കി.

## വോസ്കോഡ് (Voskhod) പ്രോഗ്രാം

സോവിയറ്റ് വോസ്റ്റോക്ക് പ്രോഗ്രാമിന്റെ തുടർച്ചയായി രൂപപ്പെടുത്തിയതാണ് വോസ്കോഡ് പ്രോഗ്രാം. വോസ്കോഡ് ബഹിരാകാശപേടകവും റോക്കറ്റും ഉപയോഗിച്ചുള്ള രണ്ട് മനുഷ്യ ദൗത്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ഈ പ്രോഗ്രാമിന്റെ പ്രധാന ലക്ഷ്യങ്ങൾ ഒന്നിൽക്കൂടുതൽ യാത്രികർ ഉള്ള ആദ്യത്തെ മൾട്ടി-പേഴ്സൺ ക്രൂ മൊഡ്യൂളുകളെ ബഹിരാകാശ പരിക്രമണപഥത്തിൽ എത്തിക്കുക എന്നതായിരുന്നു.

1965ലെ വോസ്കോഡ് 2 ദൗത്യത്തിൽ സോവിയറ്റ് കോസ്മനോട്ട് ആയ അലക്സി ലിയനോവ് ആദ്യമായി സ്പേസിൽ പുറത്തേക്ക് ഒഴുകിയിറങ്ങി. മനുഷ്യന്റെ ആദ്യത്തെ ബഹിരാകാശനടത്തം! എക്സ്ട്രാ വെഹിക്കുലാർ ആക്റ്റിവിറ്റി (ഇ വി എ) നടത്തുന്നതിൽ ഈ പദ്ധതി വിജയിച്ചു.

കൂടാതെ ബഹിരാകാശ യാത്രയും മൈക്രോഗ്രാവിറ്റിയും മനുഷ്യശരീരത്തിൽ ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കാൻ വോസ്കോഡിന്റെ രണ്ട് ദൗത്യങ്ങൾക്കു സാധിച്ചു.

## പ്രോജക്റ്റ് ജെമിനി

അറുപതുകളുടെ അവസാനത്തോടെ അമേരിക്കക്കാരനെ ചന്ദ്രനിലേക്ക് അയക്കുമെന്ന് അമേരിക്കൻ പ്രസിഡന്റ് ജോൺ എഫ് കെന്നഡി പ്രഖ്യാപിച്ചതോടെ ബഹിരാകാശമത്സരത്തിന് പുതിയ മാനങ്ങൾ കൈവന്നു. അത് ചന്ദ്രനിലേക്കുള്ള മത്സരം കൂടിയായി മാറി.

പ്രൊജക്റ്റ് ജെമിനി രണ്ടാമത്തെ അമേരിക്കൻ മനുഷ്യപരിക്രമണ ബഹിരാകാശയാത്രാ പരിപാടിയായിരുന്നു. ഡോക്കിങ്, ബഹിരാകാശനടത്തം തുടങ്ങിയ കഴിവുകൾ വികസിപ്പി



ജെമിനി 4ലെ സ്പേസ് വാക്ക്

ക്കാൻ അവർ ജെമിനി ബഹിരാകാശപേടകങ്ങൾ ഉപയോഗിച്ചു. 1965നും 1966നും ഇടയിൽ പത്ത് അമേരിക്കൻയാത്രികർ സ്പേസിലെത്തി. എല്ലാറ്റിലുമുപരിയായി, ചന്ദ്രനിൽ മനുഷ്യനെ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ വരാനിരിക്കുന്ന അപ്പോളോ പ്രോഗ്രാമിനായി ബഹിരാകാശയാത്രികരെ സജ്ജമാക്കുക എന്നതായിരുന്നു ജെമിനിയുടെ ലക്ഷ്യം.

## ചന്ദ്രനിലേക്ക്

മനുഷ്യബഹിരാകാശ പര്യവേക്ഷണത്തിന്റെ നാഴികക്കല്ലായിരുന്നു ചന്ദ്രനെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ. ചന്ദ്രനിലേക്ക് മനുഷ്യനെ അയക്കുന്നതിനുമുമ്പ്, ചന്ദ്രോപരിതലത്തിൽ ഇറങ്ങാൻ കഴിയുമോ എന്ന് അറിയണമായിരുന്നു. ഭൂമിയിൽ നിന്ന് ഏകദേശം മൂന്നര ലക്ഷം കിലോമീറ്റർ അകലെയാണ് ചന്ദ്രൻ.

1966ൽ ലൂണ-9 ഉപയോഗിച്ച് ചന്ദ്രനിൽ ബഹിരാകാശ പേടകത്തിന്റെ ആദ്യ ലാൻഡിങ് നടത്തുന്നതിൽ സോവിയറ്റ് യൂണിയൻ വിജയിച്ചു. 1960കളുടെ അവസാനത്തിൽ ചന്ദ്രന്റെ ഉപരിതലത്തിൽ മൂന്ന് സർവേയർ പേടകങ്ങൾ ഇറക്കി തങ്ങൾ പിന്നാലെയുണ്ട് എന്ന സൂചന അമേരിക്കക്കാർ നൽകി. ഈ പേടകങ്ങൾ എല്ലാം തന്നെ

നമുക്ക് ചന്ദ്രനെക്കുറിച്ചുള്ള സുപ്രധാന വിവരങ്ങൾ നൽകി.

## അപ്പോളോ പ്രോഗ്രാം

മൾട്ടി-പേഴ്സൺ ക്രൂവിനെ വിജയകരമായി ബഹിരാകാശത്തേക്ക് അയക്കുകയും ചന്ദ്രനിൽ പേടകങ്ങൾ ഇറക്കുകയും ചെയ്തശേഷം, സോവിയറ്റ് യൂണിയനും അമേരിക്കയും മനുഷ്യരെ ചന്ദ്രനിലേക്ക് അയക്കാൻ തയ്യാറെടുപ്പു തുടങ്ങി.

ആദ്യമായി ചന്ദ്രനിലേക്ക് എത്തിയതുപക്ഷേ അമേരിക്കൻ അപ്പോളോ പ്രോഗ്രാമാണ്. 1969നും 1972നും ഇടയിൽ, ചന്ദ്രന്റെ ഉപരിതലത്തിൽ ഇറങ്ങാൻ നാസ പല തവണ മനുഷ്യ പേടകങ്ങൾ അയച്ചു. ഇതായിരുന്നു ആദ്യമായി മറ്റൊരു ലോകത്തേക്കുള്ള മനുഷ്യന്റെ യാത്രാദൗത്യം.

1967 ജനുവരി 27ന് ലോഞ്ച് പാഡിന് തീപിടിച്ച് അപ്പോളോ 1 ദൗത്യത്തിൽ ഉൾപ്പെട്ട ബഹിരാകാശ സഞ്ചാരികൾക്ക് ജീവൻ നഷ്ടപ്പെട്ടു. എങ്കിലും പിന്നീട് അപ്പോളോ പദ്ധതിയുടെ ഭാഗമായി എട്ടു പരീക്ഷണപ്പറക്കലുകൾകൂടി നടന്നു.

യഥാർത്ഥ ചാന്ദ്ര ലാൻഡിങിനു മുമ്പ് രണ്ട് പ്രധാനപ്പെട്ട ഡ്രസ് റിഹേഴ്സലുകൾ കൂടി നടത്തി. അപ്പോളോ 9 ദൗത്യത്തിൽ പോയ യാത്രികർ ലൂണാർ മൊഡ്യൂൾ (LM), ചന്ദ്രോപരിതലത്തിൽ ഉപയോഗിക്കുന്ന പോർട്ടബിൾ ലൈഫ് സപ്പോർട്ട് സിസ്റ്റം എന്നിവ പരീക്ഷിച്ചു. അപ്പോളോ 10 യാത്രികരുടെ ലൂണാർ മൊഡ്യൂൾ ചന്ദ്രോപരിതലത്തിൽനിന്ന് 15 കിലോമീറ്റർ വരെ മുകളിലെത്തി! ഒടുവിൽ 1969 ജൂലൈ 20ന്, അപ്പോളോ 11 ദൗത്യം വഴി അമേരിക്കൻ ബഹിരാകാശയാത്രികനായ നീൽ ആംസ്ട്രോങ് ചന്ദ്രോപരിതലത്തിൽ കാലുകുത്തി.


അപ്പോളോ 11 ക്രൂവിൽ ആംസ്ട്രോങിന് ഒപ്പം മൈക്കൽ കോളിൻസ്, ബസ് ആൽഡ്രിൻ എന്നീ സഞ്ചാരികളും ഉണ്ടായിരുന്നു.

രണ്ടര മണിക്കൂറിലധികം അവർ ചന്ദ്രനിൽ ചെലവഴിച്ചു. ആ സമയത്ത്, അവർ ചന്ദ്രോപരിതലം വിശദമായി പര്യവേക്ഷണം ചെയ്തു. 21.5 കിലോ ചന്ദ്രവസ്തുക്കൾ ശേഖരിക്കുകയും ചെയ്തു. പിന്നാലെ അപ്പോളോയുടെ മറ്റ് അഞ്ച് ദൗത്യങ്ങൾ നിരവധി ബഹിരാകാശയാത്രികരെ ചന്ദ്രോപരിതലത്തിൽ എത്തിച്ചു. ചന്ദ്രോപരിതലത്തിൽ അവർ ശാസ്ത്രപരീക്ഷണങ്ങൾ നടത്തി, ഭാവി ദൗത്യങ്ങൾക്കായി സ്ഥിരമായ ഉപകരണങ്ങൾ സജ്ജീകരിച്ചു. ഭൂമിയിൽ ഉപയോഗിക്കുന്ന ലേസറുകൾക്കായി റിഫ്ലക്ടറുകൾ സ്ഥാപിച്ചു. വിശകലനത്തിനായി അവർ ഏതാണ്ട് 382 കിലോ മണ്ണും പാറകളും ശേഖരിച്ചു ഭൂമിയിലെത്തിച്ചു.

1972 ഡിസംബറിന് ശേഷം ഒരു മനുഷ്യനും ചന്ദ്രനിൽ കാലുകുത്തിയിട്ടില്ല. എന്നാൽ ആർട്ടിമിസ് പദ്ധതിയിലൂടെ നാം വീണ്ടും ചന്ദ്രനിലേക്ക് മടങ്ങാനുള്ള ലക്ഷ്യത്തിലാണ്. കേവലം ചന്ദ്രനിൽ എത്താൻ മാത്രമല്ല, ഭാവിയിൽ ചൊവ്വയിലേക്ക് ദൗത്യങ്ങൾ വിക്ഷേപിക്കുന്നതിനുള്ള അടിത്തറകൾ സ്ഥാപിക്കാനും.

## സോയൂസ് പ്രോഗ്രാം

സോവിയറ്റ് ബഹിരാകാശ പദ്ധതിയായ സോയൂസ് ലക്ഷ്യമിട്ടതും ചന്ദ്രനെയായിരുന്നു. സോയൂസ് പ്രോഗ്രാമിൽ സോയൂസ് ബഹിരാകാശപേടകവും സോയൂസ് റോക്കറ്റും ഉൾപ്പെടുന്നു.



എഡ്വിൻ ആൽഡ്രിൻ ചന്ദ്രനിൽ

1967ൽ കസാക്കിസ്ഥാനിലെ ബൈകോണൂർ കോസ്മോഡ്രോമിൽനിന്നാണ് ആദ്യത്തെ കോസ്മോനട്ട് ഉൾപ്പെട്ട സോയൂസ് ദൗത്യം വിക്ഷേപിച്ചത്. എന്നാൽ സോവിയറ്റുകൾക്ക് ഒരിക്കലും ചന്ദ്രനിൽ മനുഷ്യനെ എത്തിക്കാൻ കഴിഞ്ഞില്ല. അവർ ചന്ദ്രനിൽ എത്തിയില്ലെങ്കിലും, സോയൂസ് പ്രോഗ്രാം മൊത്തത്തിൽ വിജയകരമായിരുന്നു. സോവിയറ്റ്

ബഹിരാകാശ കേന്ദ്രങ്ങളിലേക്കും പിന്നീട് മിർ ബഹിരാകാശ നിലയങ്ങളിലേക്കും അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കും ബഹിരാകാശയാത്രികരെ കൊണ്ടുപോകാൻ സോയൂസ് റോക്കറ്റുകളും പേടകങ്ങളും ഏകദേശം നാൽപ്പതു വർഷമായി ഉപയോഗിക്കുന്നു.

അവിടേക്ക് ആളില്ലാ പ്രോഗ്രസ് സപ്ലൈ ബഹിരാകാശ പേടകങ്ങൾ വിക്ഷേപിക്കുന്നതിനും സോയൂസ് റോക്കറ്റുകൾ ഉപയോഗിക്കുന്നു.

1970കളിൽ അപ്പോളോ-സോയൂസ് പരീക്ഷണ പദ്ധതിയിൽ അമേരിക്കൻ, സോവിയറ്റ് ബഹിരാകാശ സഞ്ചാരികൾ ഉൾപ്പെട്ടിരുന്നു. അവർ തങ്ങളുടെ ബഹിരാകാശ പേടകം പരസ്പരം ഡോക്ക് ചെയ്യുകയും പരിക്രമണപഥത്തിൽ മുഖാമുഖം കണ്ടുമുട്ടുകയും ചെയ്തു. ബഹിരാകാശരംഗത്ത് അന്താരാഷ്ട്ര സഹകരണം സാധ്യമാണെന്ന് ഇത് ലോകത്തിനു തെളിയിച്ചു കൊടുത്തു. ഇപ്പോഴും ബഹിരാകാശത്തെ പല പദ്ധതികളും നിരവധി രാജ്യങ്ങളുടെ സഹകരണത്തോടെയാണ് നടക്കുന്നത്.

## സ്പേസ് ഷട്ടിലുകളുടെ കാലം

1980കളിൽ നാസ സ്പേസ് ഷട്ടിൽ പ്രോഗ്രാമിനു തുടക്കം കുറിച്ചു. റോക്കറ്റ്പോലെ വിക്ഷേപിച്ച് ബഹിരാകാശത്തെത്താനും തിരിച്ച് ഗ്ലൈഡർ വിമാനംപോലെ ഭൂമിയിലേക്കു വരാനും കഴിയുന്ന, പുനരുപയോഗിക്കാവുന്ന ബഹിരാകാശവിമാനമായിരുന്നു സ്പേസ് ഷട്ടിൽ. എട്ട് ബഹിരാകാശ സഞ്ചാരികളെവരെ ഉൾക്കൊള്ളാനുള്ള ശേഷി ഈ ബഹിരാകാശവാഹനങ്ങൾക്ക് ഉണ്ടായിരുന്നു.

മനുഷ്യരുടെ യാത്രയ്ക്കു പുറമെ ഉപഗ്രഹങ്ങൾ, ഗ്രഹാന്തരപേടകങ്ങൾ, ഹബിൾ ബഹിരാകാശദൂരദർശിനി തുടങ്ങിയവയും ഇതുപയോഗിച്ച് ബഹിരാകാശത്ത് എത്തിക്കുകയുണ്ടായി. അന്താരാഷ്ട്രബഹിരാകാശ നിലയത്തിന്റെ നിർമ്മാണത്തിനും പരിപാലനത്തിനും യാത്രയ്ക്കും ഇവ പ്രയോജനപ്പെട്ടു. കൊളംബിയ, ചലഞ്ചർ, ഡിസ്കവറി, അറ്റ്ലാന്റിസ്, എൻഡവർ എന്നീ അഞ്ചു കൂറ്റൻ ബഹിരാകാശയാത്രാവിമാനങ്ങൾ മൂന്നു പതിറ്റാണ്ടുകൾ (1981 - 2011) ബഹിരാകാശത്ത് നിരവധി തവണ പോയിവന്നു. മനുഷ്യന്റെ ബഹിരാകാശ പര്യവേക്ഷണത്തിൽ നിർണായകപങ്കാണ് ഈ വാഹനങ്ങൾക്ക് ഉണ്ടായിരുന്നത്.



ചൊവ്വാടൂറിസം പോസ്റ്റർ

സ്പേസ് ഷട്ടിൽ പ്രോഗ്രാമിനിടെ ദാരുണമായ നഷ്ടങ്ങളും സംഭവിച്ചു. 1986ൽ ചലഞ്ചർ ബഹിരാകാശവാഹനം വിക്ഷേപിച്ച് എഴുപത്തിമൂന്ന് സെക്കൻഡിനുള്ളിൽ പൊട്ടിത്തെറിച്ചു. 2003ൽ കൊളംബിയ എന്ന ബഹിരാകാശ വാഹനത്തിന്റെ പുനഃപ്രവേശനത്തെ തുടർന്നുണ്ടായ തകർച്ചയാണ് മറ്റൊന്ന്. ഇന്ത്യൻ വംശജയായ കല്പനാ ചൗളയ്ക്ക് ജീവൻ നഷ്ടപ്പെട്ട സംഭവം നിങ്ങൾക്ക് അറിയുമല്ലോ.

## ബഹിരാകാശയാത്രയുടെ ഭാവി

കുറച്ചുകാലം മുൻപുവരെ ബഹിരാകാശസഞ്ചാരിയാകാനുള്ള ഏകമാർഗം ഏതെങ്കിലും രാജ്യങ്ങളുടെയോ അല്ലെങ്കിൽ സർക്കാർ പദ്ധതികളുടെയോ ഭാഗമായി ബഹിരാകാശത്തേക്കു പോവുക എന്നതായിരുന്നു. എന്നാൽ ഇപ്പോൾ ധാരാളം സ്വകാര്യ ഏജൻസികൾ ഈ രംഗത്തേക്ക് വന്നിട്ടുണ്ട്. വലിയ പണച്ചെലവ് ഉണ്ടെങ്കിൽക്കൂടിയും ബഹിരാകാശ ടൂറിസം എന്നത് ഇപ്പോൾ വളരെ സജീവമായിക്കൊണ്ടിരിക്കുന്ന മേഖലയാണ്.

മനുഷ്യന്റെ ബഹിരാകാശ യാത്ര - പര്യവേക്ഷണ ചരിത്രത്തിലേക്കു നോക്കുമ്പോൾ നമ്മൾ അവിശ്വസനീയമായ ത്യാഗങ്ങളും മനുഷ്യപര്യവേക്ഷണം മുന്നോട്ടുകൊണ്ടുപോകാൻ അതിതീവ്രമായ കഠിനാധ്വാനവും ചെയ്തതായി കാണാം. മുന്നനുഭവങ്ങളും വിവരങ്ങളും ഒന്നും ഇല്ലാതായിരുന്ന സ്ഥലങ്ങളിലേക്ക്, കിടയറ്റ സുരക്ഷാ സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനു മുമ്പ്, ഏതു സാഹചര്യങ്ങളെയും ധൈര്യപൂർവം നേരിട്ട ബഹിരാകാശയാത്രികരെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. അവരുടെ ധൈര്യവും ആശ്രാന്തപരിശ്രമവുമാണ് മനുഷ്യനെ ഗ്രഹാന്തരയാത്രകൾക്ക് തയ്യാറെടുക്കാൻ പ്രചോദിതരാക്കുന്നത്.

നമുക്ക് ഇനിയുമേറെ മുന്നോട്ടുപോകുവാനുണ്ട്. ചൊവ്വയിൽ കാലുകുത്തുന്നതിന് മുമ്പ് ഇനിയും നിരവധി പ്രശ്നങ്ങൾ മറികടക്കാനുണ്ട്. മനുഷ്യ ബഹിരാകാശ ദൗത്യങ്ങളുടെ ഓർമ്മകൾ പുതുക്കുന്ന ഈ അവസരത്തിൽ നമുക്ക് ഇതിന്റെ പിന്നിൽ പ്രയത്നിച്ച മുഴുവൻ പേരെയും ഓർക്കാം.

# തുറവി

ടി വി വിനീഷ്

കൊയ്ത്തൊഴിഞ്ഞ പാടത്ത്
ഒരു കുട്ടി നീട്ടിയടിച്ച പന്ത്
വരമ്പുകളുടെ
അതിര് ഭേദിച്ചു ഭേദിച്ച്
വീടായ വീട്ടിലൊക്കെ മുട്ടിവിളിച്ച്
ഗ്രാമമാകെ ഉരുണ്ടു പിരണ്ട്
തിരിച്ചെത്തി.

കടലോരത്തെ മണൽപ്പരപ്പിൽ
ഒരു കുട്ടി ഉയർത്തിയടിച്ച പന്ത്
ആകാശങ്ങളുടെ
അതിര് ഭേദിച്ചു ഭേദിച്ച്
സൂര്യനെ മറച്ച്
നക്ഷത്രങ്ങളെയൊക്കെ ചുംബിച്ചുചുംബിച്ച്
തിരിച്ചെത്തി.

നഗരത്തിലെ ടർഫിൽ
ഒരു കുട്ടി ഉയർത്തിയടിച്ച പന്ത്
ഉയർന്നുയരാൻ ശ്രമിച്ച്
ഒരതിരും ഭേദിക്കാനാകാതെ
ഇരുമ്പഴിയിൽ തട്ടി പിടഞ്ഞുപിടഞ്ഞ്
തിരിച്ചെത്തി.

കടലും വയലും കടന്നുവന്ന
കാറ്റ് പറഞ്ഞു,
കുട്ടിയല്ല
പന്തല്ല
കളിയിടമാണ്
ഭാവി!





വര: അരുൺ ഗോകുൽ



# ഞങ്ങളോടാ കളി

**മഞ്ജു പി എൻ**

വര: സുധീർ പി വൈ

രണ്ടു പൂമ്പാറ്റക്കുഞ്ഞുങ്ങൾ
അവരുടെ ഉദ്യാനമുറ്റത്ത്
സാറ്റു കളിക്കുകയാണ്.

അമ്മപ്പൂമ്പാറ്റ
വാതിൽക്കലെ
മന്ദാരത്തളിരിലിരുന്ന്
കളി കാണുന്നു

പഴയ ഫുട്ബോൾ കളിക്കാരനായ
അച്ഛൻപൂമ്പാറ്റ
ഒരു സാങ്കല്പിക പന്തും തട്ടിത്തട്ടി
ഒരിടത്തും നിൽക്കാതെ
ചുറ്റിനടക്കുന്നു.

പനിനീർച്ചെടികളുടെ
ഇടയിലൂടെ പറക്കുമ്പോൾ,
മുള്ളു കൊള്ളല്ലേ, എന്ന്
അമ്മപ്പൂമ്പാറ്റ.

കളിച്ചു കളിച്ച്
രണ്ടും വഴക്കായി
ചിറകിൽപ്പിടിച്ചു വലിച്ചും
കാക്കേ, പൂച്ചേ വിളിച്ചും
വഴക്കോടു വഴക്ക്.

അമ്മപ്പൂമ്പാറ്റയും അച്ഛൻപൂമ്പാറ്റയും
നല്ല വാക്ക് പറഞ്ഞു.
നിർത്തുന്നില്ല.
കണ്ണുരുട്ടി...

രക്ഷയില്ല
ഒടുവിൽ വന്നു,
വജ്രായുധം - കളി മതി!
ഒന്നിനെ ഒരു ചെമ്പരത്തിയിലും
മറ്റേതിനെ സൂര്യകാന്തിച്ചോട്ടിലും
പിടിച്ചിരുത്തി.

ക്ലാസ്മേറ്റിനെക്കാണാൻ
അമ്മ
അയലത്തെ ഉദ്യാനത്തേക്കു
പറന്നു.

അപ്പോഴേക്കും
അച്ഛന്റെ സെൽഫോൺ
റിങ് ചെയ്തു.
പന്തും മറന്ന്,
നിരോധനാജ്ഞയും മറന്ന്
അച്ഛൻ
പഞ്ചാരയായി
ചമ്പകത്തുഞ്ചത്തേക്ക്
തെന്നിത്തെന്നിപ്പാറി

ഹയ്യട!
വാതിലും കടന്ന്
രണ്ടും
പറ... പറ...
ഞങ്ങളോടാ കളി!



വര: ടി ആർ രാജേഷ്

# ഉറുമ്പുമരം

ഡോ. അരുൺ ഡി ഐ

ടോക്... ടോക്ക്... ടോക്ക്... പായൽപിടിച്ച മരക്കൊമ്പിൽ കൊത്തിപ്പെറുക്കുന്ന ഒരു പക്ഷിയുടേതാണ് ശബ്ദം. തവിട്ടു നിറത്തിലുള്ള ശരീരത്തിൽ ഏതോ ചിത്രകാരി ചാരനിറംകൊണ്ടു

വരച്ചുചേർത്ത രണ്ടു ചിറകുകളിൽ ഇടയ്ക്കിടെ കറുപ്പും വെളുപ്പും ഭംഗി കൂട്ടുന്നു. ചെറുചുണ്ടുകളിൽ കിട്ടുന്നവ ഇടയ്ക്ക് തലയുയർത്തി ഉള്ളിലാക്കുന്നു. ദ്രുതചലനം കൊണ്ട് ആരെയും ഒന്ന് ആകർഷിക്കാൻ പോന്ന രൂപം.

"കുട്ടാ... അത് കാണേണ്ടട്ടാ..."

അമ്മയുടേതാണ് ശബ്ദം.

ശബ്ദം കേട്ട് തിരിയും മുന്നേതന്നെ എന്നെയും അകത്തേക്കുവലിച്ചു കൂടിന്റെ കതകടച്ചു.

ഞെട്ടലോടെ നോക്കിനിന്ന എന്നോട് അമ്മ പറഞ്ഞു.

"കുരുവികൾ ഉറുമ്പുകളെ തിന്നും... അതിന്റെ മുന്നിലെങ്ങും ചെന്നു പെടണ്ട."

ഒരുപാട് ശത്രുക്കളുണ്ടുപോലും ഞങ്ങൾ ഉറുമ്പുകൾക്ക്. അതിലേക്ക് ഏറ്റവും പുതിയ പേര് കുരുവിയാണ്.

മുത്തശ്ശിയുറുമ്പിന്റെ കഥകളിൽ പലതും ശത്രുക്കളോടു പോരാടി ജയിച്ച വീരരായ ഉറുമ്പുകളുടേതായിരുന്നു.

ശത്രുവാണെങ്കിലും ആ പക്ഷിയുടെ ഭംഗി മനസ്സിൽനിന്ന് മായുന്നില്ല. കൂടിന്റെ ജനലരികിൽ ചേർന്നുനിന്ന് ഞാൻ ആ കുരുവിയെ ഒന്നുകൂടി നോക്കി. മറ്റൊന്നുകൂടി വന്നിരിക്കുന്നു. കൊത്തിപ്പെറുക്കുന്നതിനിടയിൽ അവ എന്തൊക്കെയോ സംസാരിക്കുന്നുണ്ട്.

ഉറുമ്പുകളെയാകുമോ തിന്നുന്നത്. ആവോ...

കൊത്തി കൊക്കിലെടുത്ത എന്തൊക്കെയോ കൊണ്ട് അവർ രണ്ടുപേരും മുകളിലെ ചില്ലയിലേക്കു പറന്നുകയറി. അവിടെ ഒരു ചെറുകൂട്ടിൽ കാത്തിരുന്ന രണ്ടു കുഞ്ഞുകുരുവികൾ അവരുടെ വരവിൽ ഉച്ചത്തിൽ ചിലച്ചുകൊണ്ടു സന്തോഷിച്ചു.

പലതരം ജീവികളുണ്ട് ഈ മരത്തിൽ. നടക്കുന്നവയും പറക്കുന്നവയും ഇഴയുന്നവയും പിന്നെ ഞങ്ങൾ ഉറുമ്പുകളും.

എവിടെനോക്കിയാലും ഞങ്ങളെ കാണുന്നതുകൊണ്ട് ഉറുമ്പുമരം എന്നാണ് ഇതിന്റെ പേരുതന്നെ.

മൂടിക്കിടന്ന മേഘജാലങ്ങൾക്കിടയിലൂടെ ചുറ്റുപാടും പ്രകാശമാനമാക്കി ഒരു മിന്നൽ പാഞ്ഞുപോയി.

ചിന്തിച്ചുതീരും മുൻപ് ഇടിമുഴക്കം. പ്രതീക്ഷിക്കാതെ ഒരു മഴ പെയ്തുതുടങ്ങി.

കുരുവികളെപ്പോലെതന്നെ ഞാനും ഞെട്ടി.

മഴക്കാലത്തേക്കുള്ള ഭക്ഷണം ശേഖരിക്കാൻ പോയ മറ്റുറുമ്പുകൾ തിരിച്ചെത്താത്തതിൽ കൂട്ടിലെ പെണ്ണുറുമ്പുകൾ ആശങ്കപ്പെട്ടു.

"മഴ കനത്താൽ തിരിച്ചെത്താൻ വൈകും." ആശങ്കയുടെ മുഖങ്ങൾക്കിടയിൽ നിന്ന് ആരോ പറഞ്ഞു.

'ടോക്... ടോക്ക്... ടോക്ക്...'

വീണ്ടും ആ ശബ്ദം.

ഇല്ല, കുരുവികൾ പറന്നുപോയതാണല്ലോ. അപ്പോൾ കൊത്തിപ്പെറുക്കുന്ന ശബ്ദമല്ല.

ഓരോ തവണ ശബ്ദം കേൾക്കുമ്പോഴും ഒരു ചെറുകുലുക്കം അനുഭവപ്പെട്ടു. പണ്ടേതോ കഥയിൽ ഭൂമികുലുക്കത്തിനെപ്പറ്റി മുത്തശ്ശി പറഞ്ഞിരുന്നു.

വീണ്ടും ഒരേ ഇടവേളയിൽ ആ ശബ്ദം. ഉറുമ്പിൻകൂട്ടങ്ങൾ മുഖത്തോടു മുഖം നോക്കി നിൽക്കുന്നു.

കൂട്ടത്തിൽ ധൈര്യശാലിയായ ഒരു പെണ്ണുറുമ്പ് കൂടിന്റെ വാതിലിൽനിന്നു നോക്കി.

ഇരുകാലികളായ ചിലർ എന്തോ ഒരായുധം കൊണ്ട് മരത്തിലടിക്കുന്നു... അല്ല വെട്ടുന്നു.

മരത്തിലെ മറ്റു ജീവജാലങ്ങളും അവയുടെ കൂടുകളിൽ നിന്നിറങ്ങി ഭയപ്പാടോടെ നോക്കുന്നു.

'ടോക്ക് ടോക്ക് ടോക്ക്...'

ആ ശബ്ദം തുടർന്നു. അതിനിടയ്ക്ക് ഒരു ഇരുകാലി മരത്തിലേക്ക് ഒരു കയർ വരിഞ്ഞുകെട്ടി വലിക്കുന്നു.

ഇവരും ശത്രുക്കളാണ്. പേരറിയാത്ത ശത്രുക്കൾ. മുത്തശ്ശി കഥകളിൽ പറഞ്ഞുതരാത്തവർ.

ഭൂമികുലുക്കം ഒരേയകലത്തിലുള്ള ഇടവേളകളിൽ തുടർന്നുകൊണ്ടിരുന്നു.

മഴ കനത്തു. വെള്ളം വലിയ തുള്ളികളായി കൂടിനു

**ശത്രുവാണെങ്കിലും ആ പക്ഷിയുടെ ഭംഗി മനസ്സിൽനിന്ന് മായുന്നില്ല. കൂടിന്റെ ജനലരികിൽ ചേർന്നുനിന്ന് ഞാൻ ആ കുരുവിയെ ഒന്നുകൂടി നോക്കി. മറ്റൊന്നുകൂടി വന്നിരിക്കുന്നു. കൊത്തിപ്പെറുക്കുന്നതിനിടയിൽ അവ എന്തൊക്കെയോ സംസാരിക്കുന്നുണ്ട്. ഉറുമ്പുകളെയാകുമോ തിന്നുന്നത്. ആവോ...**

മുകളിൽ പതിക്കുന്ന ശബ്ദം കുഞ്ഞുറുമ്പുകളെയും ഭയപ്പെടുത്തി.

മരം പതിയെ ചായുന്ന പോലെ തോന്നി. ഭയപ്പാടോടു കൂടിയ നിലവിളികൾ പല ജീവികളുടെയും കൂട്ടിൽനിന്നുയർന്നു. ചിലർ കൂടുവിട്ട് പായുന്നു. കുരങ്ങുകൾ മറ്റു മരങ്ങളിലേക്കു ചാടുന്നു. പക്ഷികൾ കൂടുപേക്ഷിച്ച് പറന്നുപോകുന്നു. ചിലർ ഉയരമുള്ള ചില്ലകളിലേക്ക് ഇഴഞ്ഞുകയറുന്നു. ഞങ്ങൾ വിറങ്ങലിച്ചു നിൽക്കുന്നു.

മരം ചാഞ്ഞുകൊണ്ടേയിരുന്നു.

ടോക്ക് ടോക്ക് ടോക്ക്... ശബ്ദം തുടരുന്നു.

ഇരുകാലികൾക്ക് മഴ തടസ്സമാകുന്നില്ല. അവർ ആഞ്ഞു വെട്ടുന്നു.

ഉലയുന്ന മരച്ചില്ലകളിൽ നിന്നു പറന്നുപോയ ശലഭങ്ങളിലേതോ വിറയാർന്ന ചുണ്ടുകളോടെ ഇനിയും മടങ്ങിയെത്താത്ത ഉറുമ്പുകളെ കാത്തു നിൽക്കുന്ന ഞങ്ങളെ നോക്കി നിശ്വസിച്ചു.

വെട്ടുന്ന ശബ്ദം അല്പനേരത്തേക്ക് നിലച്ചു.

മഴയുടെ ശബ്ദം മാത്രം.

മരം ഉലയുന്നു, ചെരിഞ്ഞു പോകുന്നപോലെ. അല്ല വീഴുന്നു.

പക്ഷികളും മൃഗങ്ങളും ഷഡ്പദങ്ങളും ഉറുമ്പുകളും അവരുടെ ഭാഷകളിൽ നിലവിളിക്കുന്നു.

മരത്തിന്റെ കരച്ചിൽ ഇതിലൊക്കെ മുങ്ങിപ്പോകുന്ന പോലെ!

വലിയൊരു ശബ്ദത്തോടെ മരം നിലംപൊത്തി. കൂടുകൾ ചിതറിത്തെറിച്ചു. മഴവെള്ളം ഇരച്ചുകയറി.

ഉറുമ്പുമരം വീണു!

എങ്ങും കരച്ചിലും നിലവിളികളും.

ഇരുകാലികൾ മാത്രം ചിരിക്കുന്നു... ഉയർന്ന ശബ്ദത്തിൽ ചിരിക്കുന്നു.

ഉറുമ്പുകൾ പലവഴിക്കായി. ജീവൻ നഷ്ടപ്പെടാത്തവർ പല വഴിക്കോടുന്നു.

എന്റെ കൈയിൽ മുറുകെപ്പിടിച്ച് കണ്ണുനീർ തുടച്ച് അമ്മയുറുമ്പും ദിക്കറിയാതെ ഓടുന്നു.


എല്ലാവരും പോയി. ബാക്കിവന്നത് മരത്തിൽ അവസാനം താമസമാക്കിയ കുരുവികളും മരത്തിന്റെ ബാല്യം മുതൽ ഇവിടെ ജീവിച്ചുതുടങ്ങിയ ഞങ്ങൾ ഉറുമ്പുകളും മാത്രം.

ഒടിഞ്ഞുവീണ ചില്ലകൾക്കിടയിൽ കമഴ്ന്നുവീണ കൂട്ടിനുള്ളിലെ കുഞ്ഞിക്കുരുവികളെ രക്ഷിക്കാൻ ശ്രമിക്കുന്ന കുരുവികൾ ദയനീയമായി ഉറുമ്പിൻകൂട്ടങ്ങളെ നോക്കി.

കുത്തിയൊഴുകിവരുന്ന മഴവെള്ളം അവരുടെ രക്ഷാപ്രവർത്തനത്തിന് വിലങ്ങുതടിയാകുന്നു.

ശത്രുക്കളാണ്, പക്ഷേ അവർ, ആ ഭംഗിയുള്ള പക്ഷികൾ, ആ കുഞ്ഞുങ്ങൾ, അവരെ

**മരം പതിയെ ചായുന്നപോലെ തോന്നി. ഭയപ്പാടോടു കൂടിയ നിലവിളികൾ പല ജീവികളുടെയും കൂട്ടിൽനിന്നുയർന്നു. ചിലർ കൂടുവിട്ട് പായുന്നു. കുരങ്ങുകൾ മറ്റു മരങ്ങളിലേക്കു ചാടുന്നു. പക്ഷികൾ കൂടുപേക്ഷിച്ച് പറന്നുപോകുന്നു. ചിലർ ഉയരമുള്ള ചില്ലകളിലേക്ക് ഇഴഞ്ഞുകയറുന്നു. ഞങ്ങൾ വിറങ്ങലിച്ചു നിൽക്കുന്നു. മരം ചാഞ്ഞുകൊണ്ടേയിരുന്നു.**





ഉപേക്ഷിക്കാൻ തോന്നിയില്ല.

ഉറുമ്പുകളിൽ ആരൊക്കെയോ ആ കുരുവിക്കൂടിനടുത്തേക്കു ചെന്നു. അമ്മയുടെ കൈവിടുവിച്ച് ഞാനും ചെന്നു. ഏവരും ചേർന്ന് ആവുംവിധം ഇലകൾ പൊട്ടിച്ച് കുരുവിയുടെ കൂടിനു മുകളിൽ പിടിച്ചു. പണിപ്പെട്ടാണെങ്കിലും കുഞ്ഞിക്കുരുവികളെ രക്ഷിച്ചു.

ഇതിനിടയിൽ ഉറുമ്പുകൾ പലരും ഒലിച്ചുപോയി.

കുരുവികൾ കുഞ്ഞുങ്ങളെയുംകൊണ്ട് പറന്നുയർന്നു.

ഞങ്ങൾ ഉറുമ്പുകൾ വീണ്ടും ഓട്ടം തുടർന്നു.

മഴ കുറഞ്ഞു.

ഇരുകാലികൾ എങ്ങോ പോയി.

ഒലിച്ചുപോയ ഉറുമ്പുകൾ കുരുവികൾ കൊത്തിയിട്ട ഇലകളിൽ കയറി രക്ഷപെട്ടു. ഭക്ഷണം തേടിപ്പോയവർ മടങ്ങിയെത്തി.

ഉറുമ്പുമരം ഇനിയില്ല! അടുത്ത കൂടിനായി മറ്റൊരു മരം നോക്കണം.

ഇരുകാലികൾ വെട്ടാൻ വരാത്തൊരിടത്ത്,
ഇനിയൊരു
ഉറുമ്പുമരം.





# ഭൗമദിനങ്ങൾ ഓർമ്മിപ്പിക്കുന്നത്...



സീമ ശ്രീലയം

ഈ മഹാപ്രപഞ്ചത്തിലെ കോടിക്കണക്കിനു ഗാലക്സികളിലൊന്നായ ആകാശഗംഗയിലെ കോടിക്കണക്കിനു ഗ്രഹങ്ങളിൽ ഒന്നുമാത്രമാണ് ഭൂമി. ഇന്നോളമുള്ള നമ്മുടെ അറിവനുസരിച്ച് ഒരേയൊരു ജീവഗ്രഹവും ഭൂമിമാത്രം. പക്ഷേ കടലോളം പ്രശ്നങ്ങൾക്ക് നടുവിലാണിപ്പോൾ ഭൂമിയമ്മ. ഒരുപാട് ഓർമ്മപ്പെടുത്തലുകളും മുന്നറിയിപ്പുകളുമായാണ് ഓരോ ഏപ്രിൽ 22നും ഭൗമദിനം കടന്നുവരുന്നത്.

*"അനന്തരൂപമാർന്നനന്ത*
*ഭാവമാർന്നിനിയും ജീവന്റെ*
*നവാവതാരങ്ങൾ*
*ഇവിടെയുണ്ടാമോ?*
*വരുന്ന നൂറ്റാണ്ടിന്നറുതിയിൽ*
*വീണ്ടു-*
*മൊരുദിനം*
*ഞാനിങ്ങിവിടെയെത്തുമ്പോൾ"*

*വരുന്ന നൂറ്റാണ്ടിൽ ഒരു ദിനം* എന്ന കവിതയിൽ കവി ഒ എൻ വി കുറുപ്പ് പങ്കുവച്ച ആശങ്കയ്ക്ക് ശക്തിയേറുകയാണ്. പൊള്ളുന്ന പനിച്ചൂടിൽ വിറച്ചും കിതച്ചും തളർന്നും മലിനീകരണത്താൽ ശ്വാസംമുട്ടിയും മരണാസന്നയായിക്കൊണ്ടിരിക്കുന്ന ഭൂമിക്ക് ചരമഗീതം രചിക്കുന്നത് മക്കളായ മനുഷ്യർ തന്നെ.

## കാക്കണം ഭൂമിയമ്മയെ

ഈ ഭൂമി നമുക്ക് പൈതൃക സ്വത്തായി ലഭിച്ചതല്ല, വരും തലമുറകളിൽനിന്ന് കടമായി ലഭിച്ചതാണ് എന്ന് നാം എപ്പോഴും ഓർക്കണം. സർവ ജീവജാലങ്ങൾക്കും വരാനിരിക്കുന്ന തലമുറകൾക്കും ആരോഗ്യകരമായ ജീവിതം സാധ്യമാവും വിധം ഈ ജീവഗ്രഹത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാക്കേണ്ട ഉത്തരവാദിത്തം നമുക്കുണ്ട്. 1854ൽ സിയാറ്റിൽ മൂപ്പൻ പറഞ്ഞതുപോലെ ഈ ഭൂമിയിലെ ഓരോ തളിരിലയും പൂവും പുൽമേടും മണൽത്തിട്ടയും നദിയും തടാകവും പർവതശിഖരങ്ങളുമൊക്കെ സർവജീവജാലങ്ങളുടേതുമാണ്. ഭൂമി നമ്മുടെ അമ്മയാണ്. എല്ലാ ജീവജാലങ്ങളും നമ്മുടെ കൂടപ്പിറപ്പുകൾ തന്നെയാണ്. ഇതൊക്കെ മറന്നുകൊണ്ടുള്ള മനുഷ്യന്റെ വിവേചനരഹിതമായ പ്രവർത്തനങ്ങളാണ് ചുട്ടുപൊള്ളുന്ന വല്ലാത്ത കാലത്തിലേക്ക് നമ്മെ എത്തിച്ചിരിക്കുന്നത്.

## ഭൗമദിനത്തിന്റെ ചരിത്രം

ഏപ്രിൽ 22 ഭൂമിയമ്മയുടെ രാജ്യാന്തരദിനമായി ആചരി



ക്കാൻ യു എൻ തീരുമാനിച്ചത് 2009ൽ ആണ്. എന്നാൽ അതിനൊക്കെ മുമ്പ് 1970ൽ ജനങ്ങളിൽ പരിസ്ഥിതിപ്രശ്ന ങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ അമേരിക്കൻ സെനറ്റർ ആയിരുന്ന ഗേലോഡ് നെൽസൺ ഭൗമ ദിനാചരണത്തിന് തുടക്കം കുറിച്ചിരുന്നു. ഇത് പിന്നീട് വിവിധ രാജ്യങ്ങളിൽ ആചരിക്കാൻ തുടങ്ങി.

## ചൂടു കൂടുന്നു

ആഗോളതാപനവും കാലാവസ്ഥാവ്യതിയാനങ്ങളും ഗൗരവതരമായ ചർച്ചാവിഷയമായിത്തുടങ്ങിയിട്ട് നാളേറെയായി. പക്ഷേ ചൂടിനു കുറവൊന്നുമില്ല. 2015 മുതൽ 2022 വരെയുള്ള വർഷങ്ങളായിരുന്നു രേഖപ്പെടുത്തപ്പെട്ടതിൽ വച്ച് ഏറ്റവും ചൂടേറിയ വർഷങ്ങൾ എന്ന് ലോക കാലാവസ്ഥാ സംഘടനയുടെ (WMO) പുതിയ റിപ്പോർട്ടിൽ പറയുന്നു.

ഭൂമിയുടെ താപവർധനവിന് കാരണമാവുന്ന ഹരിതഗൃഹവാതകങ്ങളിൽ പ്രധാനിയായ കാർബൺ ഡൈ ഓക്സൈഡിന്റെ തോതാവട്ടെ കഴിഞ്ഞ എട്ടുലക്ഷം വർഷങ്ങളിലെ റെക്കോഡുകൾ ഭേദിച്ചു കഴിഞ്ഞു. മീഥെയ്നിന്റെ തോതും അന്തരീക്ഷത്തിൽ ആശങ്കയുണർത്തും വിധം കൂടിക്കൊണ്ടിരിക്കുന്നു. അങ്ങു പസഫിക് സമുദ്രത്തിൽ ലാ നിന(La Nina) ദുർബലമായിക്കഴിഞ്ഞു. ഇനി എൽ നിനോയ്ക്ക്(El Nino) തുടക്കമായേക്കാം എന്ന വാർത്തയോടെ ചൂടിന്റെ കാര്യത്തിൽ 2016നെയും മറികടക്കുന്ന അവസ്ഥയിലേക്ക് 2024 എത്തിയേക്കാം എന്ന് കാലാവസ്ഥാ ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നുമുണ്ട്.

## കാലത്തിനു കണക്കു തെറ്റുമ്പോൾ

സമയം തെറ്റിയോടുന്ന ഘടികാരംപോലുള്ള കാലത്തിന്റെ അവസ്ഥ മറ്റൊരു ദുരന്തസൂചനയാണ്. ഋതുക്കളുടെ താളം തെറ്റിക്കഴിഞ്ഞിരിക്കുന്നു. പ്രവചനാതീതമായ രീതിയിൽ മാറിമറിഞ്ഞുകൊണ്ടിരിക്കുകയാണ് കാലാവസ്ഥ.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കനത്തമഴ, പ്രളയം, കൊടുംവരൾച്ച, ഹിമപാതം, ചുഴലിക്കൊടുങ്കാറ്റുകൾ, കാട്ടുതീ എന്നിവയുടെയൊക്കെ തീവ്രത വർധിച്ചുകൊണ്ടിരിക്കുന്നു. പസഫിക് സമുദ്രത്തിൽ ഈ വർഷം രൂപംകൊണ്ടേക്കുമെന്നു കരുതുന്ന എൽ നിനോ ഇന്ത്യയിൽ മഴയുടെ അളവ് കുറയ്ക്കുമെന്ന ആശങ്ക ഉയരുന്നുണ്ട്. ഈ കാലാവസ്ഥാവ്യതിയാനം പലപകർച്ചവ്യാധികളുടെയും വ്യാപനത്തിന് ആക്കം കൂട്ടുമെന്ന പ്രശ്നം വേറെ.

## പ്രശ്നങ്ങൾ കടലോളം

ഭൂമിക്ക് ചുട്ടുപൊള്ളുമ്പോൾ കടലിനും പൊള്ളുന്നുണ്ട്. ഹിമാലയത്തിലെയും ഗ്രീൻലാന്റിലെയും ധ്രുവപ്രദേശങ്ങളിലെയുമൊക്കെ മഞ്ഞുരുകലിന്റെ വേഗവും കൂടിയിരിക്കുന്നു. മഞ്ഞുരുകി സമുദ്രത്തിലെത്തുന്നതോടെ സമുദ്രജലവിതാനം ഉയരുമെന്ന ഭീഷണി ദ്വീപ് രാഷ്ട്രങ്ങളെയും താഴ്ന്നപ്രദേശങ്ങളെയും ഭീതിയിൽ ആഴ്ത്തിക്കഴിഞ്ഞു.

അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ തോത് കൂടുമ്പോൾ സമുദ്രജലത്തിൽ ലയിച്ചുചേരുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ തോതും കൂടും. അപ്പോൾ സമുദ്രജലം അമ്ലമയമാവുമെന്ന ഭീഷണി വേറെ. ഇത് സമുദ്രത്തിലെ മത്സ്യസമ്പത്തിനും പവിഴപ്പുറ്റുപോലുള്ള അനുപമമായ ആവാസവ്യവസ്ഥകൾക്കും വലിയ ഭീഷണിയാണ് ഉയർത്തുന്നത്.

## വരാനിരിക്കുന്നത് കൂട്ടവംശനാശം

ഭൂമി ആറാം കൂട്ടവംശനാശത്തിലേക്ക് കടന്നിരിക്കുന്നുവെന്ന് വിവിധ പഠനങ്ങൾ അപായമണി മുഴക്കിക്കഴിഞ്ഞു. ആഗോളതാപനവും ഗുരുതരമായ കാലാവസ്ഥാവ്യതിയാനങ്ങളും വിവേചനരഹിതമായ വികസനപ്രവർത്തനങ്ങളും അമിതമായ പ്രകൃതി

വിഭവചൂഷണവും രൂക്ഷമായ മലിനീകരണവും ഒക്കെച്ചേർന്ന് ജൈവവൈവിധ്യത്തിന് ചരമഗീതം രചിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളതാപനത്തിന്റെ ഫലമായി ഭൂമിയിൽനിന്ന് എന്നെന്നേക്കുമായി അപ്രത്യക്ഷമായ ജീവിയാണ് കോസ്റ്ററിക്കയിലെ മേഘവനങ്ങളിൽ ഒരു കാലത്ത് ധാരാളമായിക്കണ്ടിരുന്ന സുവർണ്ണത്തവള.

കാട്ടിലും കടലിലും പർവതങ്ങളിലും മരുഭൂമിയിലും ധ്രുവപ്രദേശങ്ങളിലും എന്നു വേണ്ട എവിടെയും ആവാസവ്യവസ്ഥകൾ കടുത്ത ഭീഷണിയിലാണ്. അതിനാൽ 2021 മുതൽ 2030 വരെ ആവാസവ്യസ്ഥകൾ പുനഃസ്ഥാപിക്കാനുള്ള ദശകമായി പ്രഖ്യാപിച്ചിരിക്കുകയാണ് ഐക്യരാഷ്ട്രസംഘടന.

## വേണം ജാഗ്രത

കോവിഡ്-19 മഹാമാരി ലോകത്തെ വിറപ്പിച്ചതിന്റെ ഞെട്ടൽ ഇനിയും മാറിയിട്ടില്ല. ഇതിനു കാരണമായ സാർസ് കോവ് - 2 വൈറസ് മനുഷ്യനിലെത്തിയത് ഈനാംപേച്ചികളിൽനിന്നോ വവ്വാലുകളിൽനിന്നോ ആകാമെന്നാണ് നിഗമനം. പല ജീവികൾക്കും ദിവ്യൗഷധഗുണമുണ്ടെന്ന അബദ്ധധാരണകളുടെയും അന്ധവിശ്വാസങ്ങളുടെയുമൊക്കെ കൂട്ടുപിടിച്ച് അന്താരാഷ്ട്രതലത്തിൽ വന്യജീവിവ്യാപാരം കൊഴുക്കുമ്പോൾ, വന്യ ആവാസവ്യവസ്ഥകളിൽനിന്ന് ജീവികളെ കടത്തുമ്പോൾ പല ജീവിവർഗ്ഗങ്ങളും വംശനാശത്തിന്റെ നിഴലിൽ അമരുന്നു. മനുഷ്യവംശത്തിന്റെ നിലനില്പിനുതന്നെ കടുത്ത വെല്ലുവിളിയാവുന്ന രോഗാണുക്കൾ പല ജീവികളിൽനിന്നും മനുഷ്യനിലേക്കെത്താമെന്ന ഭീഷണി വേറെ.

## തടയണം മലിനീകരണം

രാസവസ്തുക്കളില്ലാത്ത ലോകം നമുക്ക് ചിന്തിക്കാനാവില്ല. രാസവസ്തുക്കളുടെ വിവേചനരഹിതമായ ഉപയോഗമാണ് പ്രശ്നമാവുന്നത്. മണ്ണും വായുവും ജലവും മലിനമാക്കുന്ന അപകടകരമായ രാസവസ്തുക്കൾക്കെതിരെ നാം ജാഗ്രത പുലർത്തുകതന്നെ വേണം.

ആണവമാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ, രാസവ്യവസായശാലകളിൽനിന്നുള്ള അപകടകരമായ മാലിന്യങ്ങൾ എന്നിവയൊക്കെ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ചില്ലറയൊന്നുമല്ല.

ഇനി പ്ലാസ്റ്റിക്കിന്റെ കാര്യമെടുത്താൽ കര മാത്രമല്ല, കടലും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ കുപ്പത്തൊട്ടിയായി മാറിക്കൊണ്ടിരിക്കുന്നു. പസഫിക് സമുദ്രത്തിൽ പ്ലാസ്റ്റിക്മാലിന്യങ്ങൾ വൻതോതിൽ നിറഞ്ഞിട്ടുള്ള, പതിനാറു ലക്ഷം ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഭാഗം ഗ്രേറ്റ് പസഫിക് ഗാർബേജ് പാച്ച് എന്നാണറിയപ്പെടുന്നത്.

## നമുക്കു ചെയ്യാൻ

ഭൂമിയമ്മയ്ക്കായി നമ്മൾ ഓരോരുത്തർക്കും പലതും ചെയ്യാൻ കഴിയും. ഉദാഹരണത്തിന് ആഗോളതാപനത്തെ ചെറുക്കാൻ നമ്മുടെ കാർബൺ പാദമുദ്ര (കാർബൺ ഫൂട് പ്രിന്റ്) കുറയ്ക്കേണ്ടതുണ്ട്. ഫോസ്സിൽ ഇന്ധനങ്ങളുടെ അനാവശ്യ ഉപയോഗം കുറയ്ക്കാൻ സ്വന്തം വാഹനങ്ങൾക്ക് പകരം കഴിയുന്നതും പൊതുഗതാഗത സൗകര്യങ്ങൾ പ്രയോജനപ്പെടുത്താമല്ലോ. നടക്കാവുന്ന ദൂരമാണെങ്കിൽ നടന്നു പോവാം. അല്ലെങ്കിൽ സൈക്കിൾ യാത്രയുമാവാം.

ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വേണ്ടെന്നു വച്ചാൽത്തന്നെ പ്ലാസ്റ്റിക് മലിനീകരണം വലിയ തോതിൽ കുറയ്ക്കാം. ഫൗണ്ടൻ പേനകളും സ്റ്റീൽ വാട്ടർ ബോട്ടിലും ശീലമാക്കാം, ഷോപ്പിങ്ങിനു പോവുമ്പോൾ തുണിസഞ്ചി കൂടെക്കരുതാം.

വീട്ടിലെ ജൈവ, അജൈവമാലിന്യങ്ങൾ വേർതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കാം. ചപ്പുചവറുകളും പ്ലാസ്റ്റിക്കും കൂട്ടിയിട്ട് കത്തിക്കാതിരിക്കാം. ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംസ്കരണത്തിന് ഇ-മാലിന്യ സംസ്കരണകേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തണം. ജലവും ഊർജവും ഭക്ഷണവും ഒട്ടും പാഴാക്കാതിരിക്കാം. ഇങ്ങനെ എന്തൊക്കെ ചെയ്യാം! കൂട്ടുകാർ ആലോചിച്ചു നോക്കൂ.

പ്രകൃതിവിഭവങ്ങൾ ഭാവി തലമുറകൾക്കു വേണ്ടിക്കൂടി കരുതിവച്ചുകൊണ്ടും സംരക്ഷിച്ചുകൊണ്ടുമുള്ള സുസ്ഥിര വികസന പാഠങ്ങളും നമ്മൾ പഠിക്കേണ്ടതുണ്ട്.





കഥ

# നിറം കൊടുക്കുന്നവർ

ആർദ്ര അക്ഷരി

വര: അരുൺ ഗോകുൽ

'ചിത്രരചനാ മത്സരം, 6-ബി' എന്നെഴുതി അടിയിലൊരു നീളൻ വരയിട്ട ബോർഡിലേക്കാണ് അന്നത്തെ സ്കൂൾബെല്ല് താളത്തിലടിച്ചത്. പലതരം നിറങ്ങളും വെള്ളക്കടലാസുകളും ബഹളങ്ങളും നിറഞ്ഞ ക്ലാസ്സിലേക്ക് പതുക്കെ മാഷ് കയറിവന്നു.

"മാഷേ, എന്റേല് നിറം കൊടുക്കാൻ പെയിന്റ് ല്ലാ..." പുറകിലെ പെൺകുട്ടി ഉറക്കെ പറഞ്ഞു.

"പെയിന്റും ബ്രഷും ഒക്കെ ഉള്ളവര് ഇവിടെ ക്ലാസിനു നടുവിലായി വെച്ചാൽ മതി. എങ്കിൽ എല്ലാവർക്കും അതിലേതു വേണമെങ്കിലും എടുത്തു വരയ്ക്കാമല്ലോ... അല്ലേ?" ചിരിച്ചുകൊണ്ട് മാഷ് ഉത്തരം കൊടുത്തു.

"അല്ല മാഷേ... എന്താ വരയ്ക്കേണ്ടത്?" മുൻപിലിരുന്ന ആൺകുട്ടി പതുക്കെ മാഷിനെ നോക്കി.

"ആർക്കും എന്തും വരയ്ക്കാം. ഇഷ്ടമുള്ളതെന്തും. നോക്കി വരയ്ക്കാം, നോക്കാതെ വരയ്ക്കാം, ഒന്നിച്ചു വരയ്ക്കാം, ഒറ്റയ്ക്ക് വരയ്ക്കാം, വരച്ചു കഴിഞ്ഞവർക്ക് വരയ്ക്കാൻ ബാക്കിയുള്ളവരെ സഹായിക്കാം. അങ്ങനെ എന്തും. എങ്കിൽ നമുക്ക് തുടങ്ങാം?"

ക്ലാസ്സിലാകെ കടലാസിന്റെയും പെയിന്റിന്റെയും കുഞ്ഞു കുഞ്ഞു കഥകളുടെയും മണവും ശബ്ദവും പരന്നു.

ചിരിച്ചും ചിന്തിച്ചും കുട്ടികളൊക്കെയും ഒടുവിൽ വരച്ചു കഴിഞ്ഞു.

"ഇനിയാണ് രസം... നമ്മളിതിന് മാർക്ക് ഇടുന്നില്ല. പകരം നിങ്ങൾക്ക് ഇഷ്ടമുള്ള ആളിന് നിങ്ങള് വരച്ച ചിത്രം കൊടുക്കാം, അത് അവർക്ക് കൊണ്ടുപോകാം."

മാഷിന്റെ പറച്ചില് കേട്ട് കുട്ടികൾ പരസ്പരം നോക്കി. പതുക്കെ ഓരോരുത്തരായി മുന്നോട്ടു വന്ന് അവരുടെ ചിത്രങ്ങൾ കൈമാറി.

വരുണിന്റെ, ആകാശത്തിന്റെ നീലയിലേക്ക് കൈയിൽ നീട്ടിപ്പിടിച്ച വെളുത്ത പൂക്കളുള്ള ചിത്രം സ്നേഹയ്ക്കു കിട്ടി.

നിഷയുടെ കടലാസിലെ അവളുടെ പേടിച്ചു വിറച്ച കൂട്ടുകാരികളുടെ മുഖങ്ങളും, കൈയിൽ അടുക്കിപ്പിടിച്ച പുസ്തകങ്ങളും, ചുറ്റിലും തോക്കു പിടിച്ചു നിൽക്കുന്ന മുഖം മറച്ച ആണുങ്ങളും, ചുവന്ന ആകാശവും വരുൺ അവന്റെയൊപ്പം കൊണ്ടുപോയി.

നിറയെ ജനാലകളുള്ള വീടിന്റെ ചിത്രം ഇമ അലിക്കു കൊടുത്തു.

കനിക്കു കിട്ടിയ ചിത്രത്തിൽ നിറയെ എബി വരച്ചിട്ട വയലറ്റ് ഉറുമ്പുകളായിരുന്നു.

ഓരോരുത്തരും ഓരോ ചിത്രവുമായി സ്കൂളു വിട്ടപ്പോൾ വീട്ടിലേക്കു പോയി.

നീലയും പച്ചയും മഞ്ഞയുമൊക്കെയായി അന്നത്തെ ആകാശം കൂടുതൽ ഭംഗിയുള്ളതായി.



വര: അരുൺ ഗോകുൽ

# മാന്ത്രിക കിരീടം

## പള്ളിയറ ശ്രീധരൻ



ഒരു രാജ്യത്തെ രാജാവ് ടോർപിഡോ തന്റെ രാജ്യം ഭംഗിയായി ഭരിച്ചു വരികയായിരുന്നു. ഇത് അടുത്ത രാജ്യത്തെ രാജാവിന് തീരെ രസിച്ചില്ല. അദ്ദേഹം തന്റെ അയൽരാജ്യത്തെ ആക്രമിച്ചു. ടോർപിഡോ രാജാവ് സൈന്യത്തെ ഉപയോഗിച്ച് യുദ്ധം നേരിടാൻതന്നെ തീരുമാനിച്ചു. നല്ല രീതിയിൽ യുദ്ധം നയിച്ചു. പരമാവധി ആളപായമില്ലാതെ തന്ത്രപരമായിത്തന്നെ പ്രതിരോധിച്ചുകൊണ്ട് യുദ്ധം ജയിച്ചു.

പ്രജകൾക്കെല്ലാം വളരെ സന്തോഷമായി. അവർ കുറച്ചുപേർ രാജാവിനെ സന്ദർശിച്ചു. രാജാവിന്റെ തന്ത്രപരമായ നീക്കംകൊണ്ടാണ് യുദ്ധം ജയിച്ചതെന്നും പ്രജകൾ സന്തോഷസൂചകമായി എന്തെങ്കിലും സമ്മാനം തരാൻ തയ്യാറാണെന്നും അറിയിച്ചു.

രാജാവ് ആദ്യം സമ്മാനമൊന്നും വേണ്ട എന്ന് പറഞ്ഞു. എങ്കിലും അവസാനം അവരുടെ നിർബന്ധം കാരണം ഒരു സമ്മാനം രാജാവ് പ്രജകളോട് ആവശ്യപ്പെട്ടു.

നാളെ പുതുവർഷം, ആദ്യത്തെ മാസം ഒരു മുത്ത് സമ്മാനമായി തരിക. രണ്ടാമത്തെ മാസം നേരെ ഇരട്ടി ഭാരമുള്ള മുത്ത്. മൂന്നാമത്തെ മാസം മൂന്ന് മടങ്ങ് ഭാരമുള്ള മുത്ത്. അങ്ങിനെ ഓരോ മാസവും ഭാരം വർധിപ്പിച്ചുകൊണ്ടുള്ള മുത്ത് തരാൻ സാധ്യമാണോ എന്നാരാഞ്ഞു.

പ്രജകൾ സമ്മതിച്ചു. രാജാവ് ആവശ്യപ്പെട്ടതുപോലെ ഓരോ മാസവും വർധിപ്പിച്ച തൂക്കമുള്ള മുത്ത് നൽകിക്കൊണ്ടിരുന്നു.

പന്ത്രണ്ട് മാസവും ഇതേപോലെ രാജാവിന് മുത്ത് സമർപ്പിക്കപ്പെട്ടു.

12 മാസമായപ്പോൾ രാജാവ് പറഞ്ഞു. ഒരു വർഷമായി നിങ്ങൾ മുത്തുകൾ സമർപ്പിക്കുന്നില്ലേ... അതു മതി. ഈ മുത്തുകൾ എന്റെ കിരീടത്തിൽ പതിപ്പിക്കണം. നക്ഷത്രാകൃതിയിലാണ് പതിപ്പിക്കേണ്ടത്. പക്ഷേ ഒരു നിബന്ധനയുണ്ട്. എല്ലാ വരിയിലെയും മുത്തുകളുടെ തൂക്കം തുല്യമായിരിക്കണം.

എങ്ങിനെ പതിപ്പിക്കാമെന്ന് ആദ്യം അറിയിക്കുന്ന ആൾക്ക് ഒരു മുത്ത് സമ്മാനം.

മുത്തുകൾ ഏത് രീതിയിൽ പതിപ്പിക്കാമെന്നാണ് നിങ്ങളുടെ ഉത്തരം?

തളിരിന്റെ കൂട്ടുകാർ ഇതിന് ഉത്തരം കണ്ടെത്താൻ ശ്രമിക്കൂ. തളിരിലേക്ക് എഴുതി അയച്ചു തരികയും വേണം. അടുത്ത മാസം ഉത്തരം പ്രസിദ്ധീകരിക്കുന്നതാണ്.



# ആദ്യത്തെ സാഹിത്യ നൊബേൽ സമ്മാനം

മാറനല്ലൂർ സുധി

1901ലാണ് നൊബേൽ സമ്മാനം ആദ്യമായി പ്രഖ്യാപിക്കുന്നത്. അന്ന് സാഹിത്യത്തിലെ നൊബേൽ പുരസ്കാരം നേടിയത് ഫ്രഞ്ചുകവിയായ സുള്ളി പ്രൂദോം ആണ്. സാഹിത്യലോകത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട സുള്ളി പ്രൂദോം 1839 മേയ് 16നു ജനിച്ചു. ദുരിതാനുഭവങ്ങൾ ബാല്യത്തിൽ അദ്ദേഹത്തെ വല്ലാതെ വേട്ടയാടി. താൻ ജനിച്ച് കേവലം നാലുവയസ്സു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന് തന്റെ പ്രിയപ്പെട്ട അച്ഛനെ നഷ്ടപ്പെട്ടു. അമ്മയുടെ വാത്സല്യമാണ് തുടർന്ന് അദ്ദേഹത്തിന് ലഭിച്ചത്. ശാസ്ത്ര വിഷയങ്ങളിൽ മകൻ തത്പരനാണെന്ന് മനസ്സിലാക്കിയ അമ്മ മകന് വിദ്യാഭ്യാസം നൽകുന്നതിൽ ഏറെ ശ്രദ്ധിച്ചിരുന്നു. എന്നാൽ മാരകമായ നേത്രരോഗം പ്രൂദോമിനെ കീഴ്പ്പെടുത്തി. അതോടെ വിദ്യാഭ്യാസം ഉപേക്ഷിക്കാൻ പ്രൂദോം നിർബന്ധിതനായി. ആ അമ്മ വല്ലാതെ ദുഃഖിച്ചു.

പ്രൂദോമിന്റെ മനസ്സാകട്ടേ ഇതിനെ മറികടന്നത് തത്വചിന്തകളുടെ താഴ്‌വരയിൽ നീന്തിത്തുടിച്ചാണ്. അങ്ങനെ അദ്ദേഹം കവിതാശകലങ്ങൾ കുത്തിക്കുറിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ കവിതകൾ ജനങ്ങൾ ഏറെ ശ്രദ്ധയോടെ വായിക്കാനാരംഭിച്ചു. തന്റെ മേഖല കവിതകളുടെ ലോകമാണെന്ന് പ്രൂദോം തിരിച്ചറിഞ്ഞു.

ആദ്യ കവിതാസമാഹാരം പ്രൂദോം ജനങ്ങൾക്കായി സമർപ്പിച്ചു. ബുദ്ധിയും വികാരവും തമ്മിലുള്ള പോരാട്ടമായിരുന്നു കവിതകളിൽ തെളിഞ്ഞുനിന്നത്. രണ്ടു കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചുകഴിഞ്ഞപ്പോൾ ജനങ്ങൾ അദ്ദേഹത്തെ രണ്ടാം വിക്ടർ യൂഗോയായി വാഴ്ത്തി. 1881ൽ ഫ്രഞ്ച് അക്കാദമി അംഗമായി പ്രൂദോം തിരഞ്ഞെടുക്കപ്പെട്ടു.

ലാ ജസ്റ്റിസ്(La Justice) എന്ന പുസ്തകത്തിലൂടെ പ്രസിദ്ധിയുടെ പടവുകൾ കയറിയ പ്രൂദോമിനെ ഫ്രഞ്ചുജനത തങ്ങളുടെ പ്രിയപ്പെട്ട കവിയായി നെഞ്ചിലേറ്റി. രണ്ടു കഥാപാത്രങ്ങൾ തമ്മിലുള്ള സംഭാഷണമായിട്ടാണ് അദ്ദേഹം ഈ കവിത രചിച്ചത്. ലേ ബോൻഹർ (Le bonheur) എന്ന പേരിൽ നീണ്ട ഇതിഹാസകവിതയും അദ്ദേഹം ഈ കാലഘട്ടത്തിൽ രചിക്കുകയുണ്ടായി.

ലാ ജസ്റ്റിസിനെ വിഖ്യാത നൊബേൽ ജേതാവായ അനറ്റോൽ ഫ്രാൻസും (Anatole France) പിന്നീട് പുകഴ്ത്തുകയുണ്ടായി.

പൊതുവേ ജനമധ്യത്തിൽ ഇറങ്ങിച്ചെല്ലുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ യുവാക്കളായ കവികളെ തന്റെ വീട്ടിൽ സത്കരിക്കാൻ അദ്ദേഹത്തിന് ഏറെ താത്പര്യമായിരുന്നു.

സാഹിത്യകാരിയായ ബോസാക്ക് പ്രഭ്വിയുടെ വീട്ടിൽ മാത്രം പ്രൂദോം ഇടയ്ക്ക് സന്ദർശനം നടത്തുമായിരുന്നു. തത്വചിന്ത, കല, കവിതയുടെ അനശ്വരഗുണങ്ങൾ എന്നിവയെക്കുറിച്ചായിരുന്നു ഇവരുടെ ചർച്ചകൾ.

1907 ൽ സുള്ളി പ്രൂദോം എന്ന ആ മഹാപ്രതിഭ ഈ ലോകത്തോടു വിടപറഞ്ഞു.



വര: ബാസി മറിയം

# സന്തോഷവാനായ രാജകുമാരൻ

ഓസ്കാർ വൈൽഡ് എഴുതിയ *ദി ഹാപ്പി പ്രിൻസ്* എന്ന കഥയുടെ പുനരാഖ്യാനം

പുനരാഖ്യാനം: **അനഘ സുധാകരൻ**

യൗവനത്തിൽ പിരിഞ്ഞ തങ്ങളുടെ പ്രിയ രാജകുമാരന്റെ ഓർമയ്ക്കായി നഗരമധ്യത്തിൽ കാവൽമാലാഖപോലെ ഒരു പടുകൂറ്റൻ പ്രതിമ നഗരസഭ സ്ഥാപിച്ചിരുന്നു. ജീവിച്ചിരുന്ന നാളുകളിൽ സദാ ഉല്ലാസവാനായി കഴിഞ്ഞ ഒരു രാജകുമാരന്റെ പ്രതിമയായിരുന്നു അത്.

പടച്ചട്ടയണിഞ്ഞ് വാളും ധരിച്ചു നിൽക്കുന്ന പ്രതിമ. സ്വർണ്ണംകൊണ്ടാണ് പടച്ചട്ട നിർമ്മിച്ചിരിക്കുന്നത്. വാളിന്റെ കൈപ്പിടിയിൽ ചുവന്ന രത്നങ്ങൾ പതിച്ചിരുന്നു. കണ്ണുകളാണെങ്കിൽ ഇന്ദ്രനീലക്കല്ലുകൾ കൊണ്ടും. സൂര്യപ്രകാശത്തിലും നിലാവുള്ള രാത്രിയിലും ഈ പ്രതിമ സദാ ശോഭിച്ചിരുന്നു.

ശൈത്യകാലം തുടങ്ങുകയായി. അതിൽനിന്നു രക്ഷപ്പെടാൻ കുരുവികളെല്ലാം കൂട്ടമായി ഈജിപ്തിലേക്ക് പോവുകയായിരുന്നു. എന്നാൽ ഒരു ചെറിയ കുരുവി മാത്രം ഈജിപ്തിലേക്ക് ഇനിയും പുറപ്പെട്ടിരുന്നില്ല. എന്തെന്നാൽ അവൾ തന്റെ ഇണയെയും കൂട്ടി രാജ്യം വിടാനാണ് ആഗ്രഹിച്ചിരുന്നത്. പക്ഷേ ഇണയ്ക്കാകട്ടെ സ്വന്തം രാജ്യം വിടാൻ താല്പര്യം ഉണ്ടായിരുന്നില്ല. ഒരു രാത്രി കൂടി കഴിഞ്ഞ് ഈജിപ്തിലേക്ക് പോകാമെന്നു കരുതി പകൽ പലയിടത്തും കുരുവി പറന്നുനടന്നു. ഇരുട്ട് പടർന്നുതുടങ്ങി. അവൾ രാത്രിയിൽ തങ്ങുവാൻ ഇടം തേടി പറക്കാൻ തുടങ്ങി. അവസാനം നമ്മുടെ രാജകുമാരന്റെ കാൽക്കൽ അവൾക്കൊരു ഇടം ലഭിച്ചു. പ്രഭാതമായാൽ ഉടനെ ഈജിപ്തിലേക്കു പറക്കാം എന്ന ചിന്തയിൽ അവൾ ഉറങ്ങാൻ തുടങ്ങി.

ഇരുട്ട് ഭൂമിയെ മുഴുവനായി മൂടിക്കഴിഞ്ഞു. നഗരം മുഴുവൻ ക്ഷീണംകൊണ്ട് നിദ്രയിലാണ്ടിരുന്നു. ഉറങ്ങിക്കിടന്നിരുന്ന കുരുവിയുടെ ചിറകിൽ പെട്ടെന്ന് രണ്ടു തുള്ളി വെള്ളം വീണു. മഴയൊന്നുമില്ലല്ലോ, പിന്നെ എവിടെനിന്നാണ് ഈ വെള്ളത്തുള്ളികൾ? അവൾ അങ്ങനെ ആലോചിച്ചിരിക്കുമ്പോൾ അതാ വീണ്ടും രണ്ടു തുള്ളി വെള്ളം. കുരുവി ചിറകു കുടഞ്ഞ് മുകളിലേക്കുനോക്കി. രാജകുമാരന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു. അതാണ് തന്റെ ദേഹത്തു വീണത്. അവൾ പറന്നുയർന്ന് രാജകുമാരന്റെ തോളിൽ ചെന്നിരുന്നു. പക്ഷി ചോദിച്ചു:

"സന്തോഷവാനായ രാജകുമാരാ, അങ്ങയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് എന്തുകൊണ്ടാണ്?"

"അതാ ദൂരേക്കു നോക്കൂ, അവിടെ ഒരു കുടിലിലെ വിളക്കു നീ കാണുന്നില്ലേ. അവിടെ ആ അമ്മ തുണി തുന്നുകയാണ്. അവളുടെ ഒരേ ഒരു മകൻ കടുത്ത പനി പിടിച്ചു കിടക്കുന്നു. അവനിപ്പോൾ മധുരനാരങ്ങ വേണം. ആ പാവം സ്ത്രീക്കാണെങ്കിൽ പണവുമില്ല. നാളെ കൊട്ടാരത്തിൽ നടക്കുന്ന ഡാൻസിൽ പങ്കെടുക്കാനുള്ള നർത്തകിയുടെ വസ്ത്രം തുന്നുകയാണ് ദരിദ്രയായ ആ സ്ത്രീ. എന്റെ കുഞ്ഞിക്കുരുവീ, നീ എനിക്ക് ഒരു ഉപകാരം ചെയ്യണം. എന്റെ വാളിൽ പതിച്ചുവച്ചിരിക്കുന്ന ചുവന്ന രത്നങ്ങൾ കൊത്തിയെടുത്ത് നീ ആ സ്ത്രീക്കു കൊടുക്കാമോ?"

"എനിക്കു സമയമില്ല. ഈ രാത്രിയിൽ ഉറങ്ങിയിട്ട് എനിക്ക് നാളെ രാവിലെതന്നെ ഈജിപ്തിലേക്ക് പറക്കാനുള്ളതാണ്." കുരുവി പറഞ്ഞു.

"ഈ ഒരു കാര്യം മാത്രം ചെയ്തിട്ട് നീ ഈജിപ്തിലേക്ക് പോയിക്കൊള്ളൂ."

മനസ്സില്ലാമനസ്സോടെ പക്ഷി രത്നക്കല്ലുകൾ കൊത്തിയെടുത്ത് ആ ദരിദ്രസ്ത്രീയുടെ വീട്ടിൽവെച്ച് പറന്നു പോന്നു. അപ്പോൾ ആ സ്ത്രീ പറയുന്നത് പക്ഷി കേട്ടു!

"ദൈവം എന്റെ പ്രാർത്ഥന കേട്ടു."

തിരിച്ചുവന്ന കുഞ്ഞിക്കുരുവി രാജകുമാരന്റെ തോളിലിരുന്നുകൊണ്ട് പറഞ്ഞു:

"ഇന്ന് എനിക്ക് തണുപ്പു തോന്നുന്നില്ല. അതെന്താണ്?."

"നീ ഇന്ന് നന്മ ചെയ്തതുകൊണ്ടാണ് തണുപ്പു തോന്നാത്തത്." രാജകുമാരൻ പറഞ്ഞു.

നേരം പുലർന്നു. പക്ഷി നഗരത്തിൽ പലയിടത്തും പറന്നുനടന്ന്, മടങ്ങിവന്ന് രാജകുമാരന്റെ തോളിൽ ഇരുന്നു.

"നാളെ ഞാൻ ഈജിപ്തിലേക്കു പോകുകയാണ്."

അപ്പോൾ രാജകുമാരൻ പറഞ്ഞു: "പോകുന്നതിനു മുൻപ് എനിക്ക് ഒരു സഹായം കൂടി നീ ചെയ്യണം. അതാ ആ കെട്ടിടത്തിൽ ഒരു യുവ എഴുത്തുകാരൻ ഉണ്ട്. അയാളുടെ പക്കൽ ഒരു ചില്ലിക്കാശു പോലും ഇല്ല. അയാൾ ഭക്ഷണം കഴിച്ചിട്ട് ദിവസങ്ങളായി. നീ എന്റെ കണ്ണിലെ ഒരു ഇന്ദ്രനീലക്കല്ല് അടർത്തിയെടുത്ത് അയാൾക്കു കൊടുക്കുക."

"രാജകുമാരന്റെ കണ്ണ് കുത്തിപ്പറിക്കാനോ... ഞാൻ ആ തെറ്റ് ചെയ്യുകയില്ല." കുഞ്ഞിക്കുരുവി പറഞ്ഞു.

ഒടുവിൽ രാജകുമാരന്റെ നിർബന്ധം സഹിക്കവയ്യാതെ പക്ഷി വലതു കണ്ണിലെ ഇന്ദ്രനീലക്കല്ല് അടർത്തിയെടുത്ത് ആ യുവ എഴുത്തുകാരനു നൽകി. തന്റെ ഏതോ ആരാധകൻ നൽകിയ സമ്മാനമാണെന്ന് കരുതി അയാൾ സന്തോഷത്തോടെ അത് സ്വീകരിച്ചു.

കുഞ്ഞിക്കുരുവി മടങ്ങിവന്ന് രാജകുമാരന്റെ തോളിൽ ഇരുന്നു.

"പ്രിയ കുരുവീ, നീ നാളെത്തന്നെ പൊയ്ക്കോളൂ. ശൈത്യം വർധിക്കുകയാണ്. എന്നാൽ അവസാനമായി നീ എനിക്ക് ഒരു സഹായം കൂടി ചെയ്യണം. അവിടെ ഒരു പെൺകുട്ടി ഇരുന്നു കരയുന്നത് കാണുന്നില്ലേ. അവളുടെ തീപ്പെട്ടി വെള്ളത്തിൽ വീണ് ആകെ നനഞ്ഞുപോയി. ഒരു തീപ്പെട്ടിയും വിൽക്കാൻ കഴിയാതെ മടങ്ങിച്ചെന്നാൽ അവളുടെ രണ്ടാനച്ഛൻ അവളെ ക്രൂരമായി ശിക്ഷിക്കും. ദയവായി എന്റെ ഇടതുകണ്ണിലെ ഈ ഇന്ദ്രനീലക്കല്ല് കൊത്തിയെടുത്ത് അവൾക്കു കൊടുക്കുക."

കുരുവി പൊട്ടിക്കരഞ്ഞുകൊണ്ട്, "ഇല്ല ഞാൻ അതു ചെയ്യുകയില്ല. അങ്ങയുടെ കണ്ണ് കുത്തിപ്പൊട്ടിക്കാൻ എന്നോട് പറയരുതേ" എന്ന് അപേക്ഷിച്ചു. എന്നാൽ രാജകുമാരന്റെ നിരന്തരമായ നിർ

**നാളെ കൊട്ടാരത്തിൽ നടക്കുന്ന ഡാൻസിൽ പങ്കെടുക്കാനുള്ള നർത്തകിയുടെ വസ്ത്രം തുന്നുകയാണ് ദരിദ്രയായ ആ സ്ത്രീ. എന്റെ കുഞ്ഞിക്കുരുവീ, നീ എനിക്ക് ഒരു ഉപകാരം ചെയ്യണം. എന്റെ വാളിൽ പതിച്ചുവച്ചിരിക്കുന്ന ചുവന്ന രത്നങ്ങൾ കൊത്തിയെടുത്ത് നീ ആ സ്ത്രീക്കു കൊടുക്കാമോ?**

ബന്ധംകൊണ്ട് കുരുവി അവസാനം ആ കണ്ണ് കൊത്തിയെടുത്ത് ആ പെൺകുട്ടിക്കു നൽകി.

രണ്ടു കണ്ണും നഷ്ടപ്പെട്ട രാജകുമാരന് ഇപ്പോൾ നഗരത്തിന്റെ കാഴ്ചകൾ ഒന്നും

കുഞ്ഞിക്കുരുവി സ്വർണ്ണപ്പാളികൾ ഓരോന്നും എടുത്ത് ബുദ്ധിമുട്ടുന്നവർക്ക് നൽകിക്കൊണ്ടിരുന്നു.

ശൈത്യം അതിന്റെ തീക്ഷ്ണതയിലെത്തി. മരങ്ങൾ എല്ലാം ഇലപൊഴിച്ചു കഴിഞ്ഞിരുന്നു.

കുഞ്ഞിക്കുരുവി പറന്ന് രാജകുമാരന്റെ തോളിൽ ഇരുന്നു. അതിന്റെ ചുണ്ടുകൾ തണുപ്പുകൊണ്ട് മരവിച്ചിരുന്നു. വിറയാർന്ന ചുണ്ടുകളാൽ കുഞ്ഞിക്കുരുവി രാജകുമാരന്റെ മുഖത്തുരുമ്മി. രാജകുമാരന്റെ കൈകളിൽ അത് ഒരു മുത്തം നൽകി. ശൈത്യക്കാറ്റ് അപ്പോഴും ശക്തിയായി വീശിക്കൊണ്ടിരിക്കുകയാണ്. തണുപ്പിൽ വിറച്ചു വിറച്ചു പ്രതിമയുടെ അടുത്ത് ആ പാവം കുരുവി തളർന്നുവീണു. പതിയെപ്പതിയെ ആ കുഞ്ഞുകുരുവിയുടെ കണ്ണുകൾ എന്നെന്നേക്കുമായി അടഞ്ഞു.

ആ രാത്രിയിൽ നഗരവാസികളിൽ പലരും വലിയൊരു ശബ്ദം കേട്ടു. അവരുടെ രാജകുമാരന്റെ ഹൃദയം പൊട്ടിത്ത

**സന്തോഷവാനായ രാജകുമാരൻ ഇപ്പോൾ ഒരു യാചകനെക്കാൾ മോശമായ രൂപത്തിലാണ്. അയാളുടെ വാളിൽ ഇപ്പോൾ രത്നങ്ങളില്ല, കണ്ണുകളും അടർന്നു വീണിരിക്കുന്നു. ഇത്രയും മോശമായ പ്രതിമ ഉടൻതന്നെ ഇവിടെനിന്ന് നീക്കം ചെയ്യണം. അതെന്താണ് അവിടെ, പ്രതിമയുടെ കാലിൽ ഒരു പക്ഷിയോ? പക്ഷികളെ ഇവിടെ ഇരിക്കാൻ അനുവദിക്കില്ലെന്ന് ഒരു പ്രഖ്യാപനം ഉടൻ തന്നെ നടത്തണം.**

കാണാൻ കഴിയാതെയായി. രത്നങ്ങൾ പെൺകുട്ടിക്ക് കൊടുത്ത ശേഷം കുരുവി പറന്നുവന്ന് രാജകുമാരന്റെ തോളിലിരുന്നു. അപ്പോൾ രാജകുമാരന് പറഞ്ഞു:

“എന്റെ കുഞ്ഞിക്കുരുവീ, ശൈത്യം വർധിക്കുകയാണ്. നീ ഇപ്പോൾത്തന്നെ ഈജിപ്തിലേക്കു പുറപ്പെട്ടുകൊള്ളൂ.”

“അങ്ങയെ ഈ അവസ്ഥയിൽ ഒറ്റയ്ക്ക് വിട്ട് ഞാൻ എവിടേക്കും ഇല്ല. ഇനി ഞാനാണ് അങ്ങയുടെ കണ്ണുകൾ.”

കുഞ്ഞിക്കുരുവി ഓരോ ദിവസവും പറന്നുവന്ന് നഗരത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ കഥ പറഞ്ഞുകൊണ്ടിരിന്നു. മറ്റുള്ളവരുടെ ദുരിതകഥകൾ കേട്ട് രാജകുമാരന്റെ കൃഷ്ണമണികൾ ഇല്ലാത്ത കണ്ണുകൾ നിറഞ്ഞൊഴുകും.

“രാജകൊട്ടാരത്തിൽ ഞാൻ ജീവിച്ചപ്പോൾ എന്റെ ചുറ്റുപാടും ഇതുപോലെ ബുദ്ധിമുട്ടുന്നവരെ കാണാൻ എനിക്കു കഴിഞ്ഞില്ലല്ലോ. എന്റെ ശരീരത്തിലെ സ്വർണപ്പാളികൾ ഓരോന്നായി അടർത്തിയെടുത്തു നീ അവർക്ക് നൽകുക.” രാജകുമാരൻ പറഞ്ഞു.

മരച്ചില്ലകൾ നിറയെ ഹിമകണങ്ങൾ നിറഞ്ഞു. അതിശൈത്യത്താൽ കുഞ്ഞിക്കുരുവി വളരെ ബുദ്ധിമുട്ടി.

ഒരു ദിവസം പ്രയാസപ്പെട്ട്



കവിത

# വിസ്മയത്തുമ്പത്ത്

ഡോ. സുജ ശ്രീകുമാർ

മാനത്തിൻ മഴമുത്തം കിട്ടീ
പനിനീർപ്പൂവിൻ കവിളത്ത്
കറുകപ്പുല്ലിനു മാല കൊരുക്കാൻ
പുലരി കൊടുത്തു ഹിമമുത്ത്!

പകലിനു തിലകക്കുറിതൊടുവിക്കാൻ
കതിരോൻ കരുതി സിന്ദൂരം
പകലതു പാതിയുമന്തിയ്ക്കേകി-
യന്തിയൊരുക്കി ചെമ്മാനം!

പകലു പതുക്കെ പകലവനൊപ്പം
കടലിലിറങ്ങിയ നേരത്ത്
അവരെവിടെപ്പോയെന്നു തിരക്കി
പനിമതിയെത്തി മാനത്ത്!

വിസ്മയമാമീയുലകിനെ നോക്കി
ഞാനും നിന്നൂ മുറ്റത്ത്!



വര: അരുൺ ഗോകുൽ



കർന്ന ശബ്ദമായിരുന്നു അത്.

പിറ്റേന്ന് അതിരാവിലെ ടൗൺ കൗൺസിലർമാരോടൊപ്പം നഗരം ചുറ്റി കാണുകയായിരുന്നു മേയർ. അപ്പോഴാണ് അവർ സന്തോഷവാനായ രാജകുമാരന്റെ പ്രതിമ ശ്രദ്ധിച്ചത്.

അവർ പ്രതിമയിലേക്ക് നോക്കി.

“സന്തോഷവാനായ രാജകുമാരൻ ഇപ്പോൾ ഒരു യാചകനെക്കാൾ മോശമായ രൂപത്തിലാണ്. അയാളുടെ വാളിൽ ഇപ്പോൾ രത്നങ്ങളില്ല, കണ്ണുകളും അടർന്നു വീണിരിക്കുന്നു. ഇത്രയും മോശമായ പ്രതിമ ഉടൻതന്നെ ഇവിടെനിന്ന് നീക്കം ചെയ്യണം. അതെന്താണ് അവിടെ, പ്രതിമയുടെ കാലിൽ ഒരു പക്ഷിയോ?. പക്ഷികളെ ഇവിടെ ഇരിക്കാൻ അനുവദിക്കില്ലെന്ന് ഒരു പ്രഖ്യാപനം ഉടൻ തന്നെ നടത്തണം.”

മേയറും കൂട്ടുകാരും പ്രതിമ അവിടെനിന്ന് നീക്കം ചെയ്യാൻ തന്നെ തീരുമാനിച്ചു.

തുടർന്ന് അവർ പ്രതിമ ഒരു ചൂളയിൽ ഉരുക്കി, പക്ഷേ രാജകുമാരന്റെ ഹൃദയം മാത്രം ആ തീച്ചൂളയിൽ ഉരുകിയില്ല. അവരാ ഹൃദയത്തെ ചവറുകൾക്കൊപ്പം വലിച്ചെറിഞ്ഞു. അവിടെ അതിനടുത്തായി ആ കുഞ്ഞിക്കുരുവിയുടെ ജഡവും കിടക്കുന്നുണ്ടായിരുന്നു.

അപ്പോഴാണ് ദൈവം തന്റെ മാലാഖമാരോട് ഭൂമിയിലെ ഏറ്റവും അമൂല്യമായ രണ്ടു വസ്തുക്കൾ കൊണ്ടുവരാൻ കൽപ്പിച്ചത്. ഒരു മാലാഖ ചിറകുകൾ വിരിച്ച് താണു പറന്നു വന്ന് ചവറുകൾക്കിടയിൽനിന്ന് രാജകുമാരന്റെ ഹൃദയവും പക്ഷിയുടെ ജഡവും ദൈവത്തിനു മുമ്പാകെ കൊണ്ടുവന്നു.

“നിങ്ങൾ ഏറ്റവും മികച്ചതിനെതന്നെ തിരഞ്ഞെടുത്തിരിക്കുന്നു,” ദൈവം പറഞ്ഞു,

“എന്റെ ഉദ്യാനത്തിൽ എന്നെന്നും ഈ കുരുവി പാടിക്കൊണ്ടേയിരിക്കട്ടേ. സന്തോഷവാനും നല്ലവനുമായ ഈ രാജകുമാരൻ എന്നെ സ്തുതിച്ചുകൊണ്ട് ഇനിയുള്ള കാലം ഈ പറുദീസയിൽ ചിലവഴിക്കട്ടേ.”






# എല്ലാവർക്കും ആരോഗ്യം

**ഡോ. ബി പത്മകുമാർ**

ഏപ്രിൽ 7 ലോകാരോഗ്യദിനമായി ലോകമെമ്പാടും ആചരിക്കുന്നു. 75 വർഷങ്ങൾക്കുമുമ്പ് 1948 ഏപ്രിൽ ഏഴിനാണ് ലോകാരോഗ്യസംഘടന സ്ഥാപിതമായത്. ലോകത്താകമാനമുള്ള ജനങ്ങളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുക എന്നതാണ് ജനീവ ആസ്ഥാനമായുള്ള ലോകാരോഗ്യസംഘടനയുടെ പ്രഖ്യാപിതലക്ഷ്യം.

ഓരോ വർഷവും ലോകാരോഗ്യദിനത്തിൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ (WHO) ഒരു സന്ദേശം നൽകാറുണ്ട്. കാലികപ്രാധാന്യമുള്ള വിഷയമായിരിക്കും സന്ദേശത്തിന്റെ ഉള്ളടക്കം. ഇത്തവണത്തെ സന്ദേശം *എല്ലാവർക്കും ആരോഗ്യം* (ഹെൽത്ത് ഫോർ ഓൾ) എന്നാണ്. കോവിഡ് ഏറെക്കുറെ വിട്ടൊഴിഞ്ഞെങ്കിലും കോവിഡാനന്തര പ്രശ്നങ്ങൾ ഇപ്പോഴും ജനങ്ങളുടെ ആരോഗ്യത്തിന് ഭീഷണി ഉയർത്തുന്ന വർത്തമാന സാഹചര്യത്തിൽ ലോകാരോഗ്യദിനത്തിനും സന്ദേശത്തിനും പ്രത്യേക പ്രാധാന്യമുണ്ട്.

## എന്താണ് ആരോഗ്യം?

ശാരീരികമായ ആരോഗ്യാവസ്ഥ മാത്രമല്ല ആരോഗ്യം. അതായത് എനിക്ക് പനിയില്ല, ചുമയില്ല, ജലദോഷമില്ല എന്നു പറഞ്ഞതുകൊണ്ടു മാത്രം ഒരാൾ സമ്പൂർണാരോഗ്യവതിയാകുന്നില്ല. മറിച്ച് ശാരീരികമായ ആരോഗ്യാവസ്ഥയ്ക്കൊപ്പം മാനസികവും (മെന്റൽ ഹെൽത്ത്) സാമൂഹികവുമായ (സോഷ്യൽ ഹെൽത്ത്) ആരോഗ്യം കൂടി ഉറപ്പാക്കിയാലേ ഒരു വ്യക്തിയെ സമ്പൂർണാരോഗ്യവതിയെന്നു വിളിക്കാനാവൂ. അതാകട്ടെ മരുന്നുകൊണ്ടോ ചികിത്സ കൊണ്ടോ മാത്രം നേടിയെടുക്കാൻ പറ്റുന്നതല്ല. മറിച്ച് നല്ല ജീവിതശീലങ്ങൾ സ്വായത്തമാക്കുകയും അതോടൊപ്പം പ്രകൃതിയുടെയും ജീവജാലങ്ങളുടെയും ആരോഗ്യവും സന്തുലിതാവസ്ഥയും കൂടി ഉറപ്പാക്കുകയും ചെയ്താലേ ഹെൽത്ത് ഫോർ ഓൾ എന്ന ലക്ഷ്യം കൈവരിക്കാനാകൂ.

രണ്ടു തരം ആരോഗ്യപ്രശ്നങ്ങളാണ് ലോകത്താകമാനം കണ്ടുവരുന്നത്. വികസിത രാജ്യങ്ങളുടെ പ്രശ്നം പ്രമേഹം, ഹൈപ്പർടെൻഷൻപോലെയുള്ള പകർച്ചേതര രോഗങ്ങളാണെങ്കിൽ ആഫ്രിക്കപോലെയുള്ള വികസ്വരരാജ്യങ്ങളുടെ പ്രശ്നം പകർച്ചവ്യാധികളാണ്.

ലൈഫ് സ്റ്റൈൽ രോഗങ്ങളായ പകർച്ചേതരവ്യാധികളെ മറികടക്കണമെങ്കിൽ നമ്മുടെ ജീവിതശീലങ്ങൾ ആരോഗ്യകരമാക്കണം. പോഷകങ്ങൾ നിറഞ്ഞ സമീകൃത ഭക്ഷണം, കൃത്യമായ വ്യായാമം, ലഹരിവസ്തുക്കൾ ഒഴിവാക്കുക എന്നിവയെല്ലാം പ്രാധാന്യമർഹിക്കുന്നു. പ്രമേഹത്തെയും ഹൃദ്രോഗത്തെയുമൊക്കെ തടയണമെങ്കിൽ തെറ്റായ തരത്തിലുള്ള ഫാസ്റ്റ് ഫുഡ് - ജങ്ക് ഫുഡ് ഭക്ഷണ സംസ്കാരം ഒഴിവാക്കണം.

എപ്പോഴാണ് ആരോഗ്യകരമായ ജീവിതശീലങ്ങൾ ജീവിതത്തിൽ പകർത്തേണ്ടത്?

രോഗങ്ങൾ വന്നിട്ടാണോ? ഒരിക്കലുമല്ല. കുട്ടിക്കാലത്തുതന്നെ ഇവ ആരംഭിക്കണം. വീട്ടിലുണ്ടാക്കിയ പരമ്പരാഗത ഭക്ഷണവിഭവങ്ങൾ കഴിക്കാനും ഹോട്ടൽ ഭക്ഷണം മിതമാക്കാനും ശീലിക്കണം. രാവിലത്തെ ബ്രേക്ക്ഫാസ്റ്റാണ് ഏറ്റവും നന്നായി കഴിക്കേണ്ട ഭക്ഷണം. പ്രാതൽ കഴിച്ചേ സ്കൂളിൽ പോകാവൂ. ടി വിയുടെ മുമ്പിലും മറ്റും ദീർഘനേരം ചടഞ്ഞിരിക്കാതെ ദിവസവും ഒരു മണിക്കൂറെങ്കിലും ഓടിക്കളിക്കാനും സൈക്കിളു ചവിട്ടാനും കായികവിനോദങ്ങളിലേർപ്പെടാനും സമയം കണ്ടെത്തണം.

പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നത് മൂന്നു ഘടകങ്ങൾ ഒത്തുചേരുമ്പോഴാണ്. രോഗാണുക്കൾ (ഏജന്റ്), അതിഥി (ഹോസ്റ്റ്), പരിസ്ഥിതി (എൻവയോൺമെന്റ്) എന്നിവയാണവ

എന്തുകൊണ്ടാണ് കൊതുകുകൾ പരത്തുന്ന ഡെങ്കിപ്പനിയും ചിക്കൻഗുനിയയുമൊക്കെ വ്യാപകമാകുന്നത്? കാരണം ഇവിടെ ഡെങ്കി വൈറസുണ്ട് (ഏജന്റ്), ജനസാന്ദ്രത കൂടുതലുണ്ട് (ഹോസ്റ്റ്), കൊതുകുകൾക്ക് പെരുകാനുള്ള അനുകൂലസാഹചര്യമുണ്ട് (എൻവയോൺമെന്റ്). ഇത്തരം പകർച്ചവ്യാധികളെ നിയന്ത്രിക്കണമെങ്കിൽ മരുന്നുകഴിച്ചാൽ മാത്രം പോരാ, മറിച്ച് രോഗാണുക്കൾ പെരുകുന്ന സാഹചര്യവും ഒഴിവാക്കണം. നമ്മുടെ ചുറ്റുപാടുകൾ വൃത്തിയായും വെടിപ്പായും സംരക്ഷിക്കാൻ കഴിയണം.

ഇവിടെയാണ് ഈ വർഷത്തെ ലോകാരോഗ്യദിനസന്ദേശത്തിന്റെ പ്രസക്തി. ആരോഗ്യമെന്നു പറയുന്നത് കേവലം മരുന്നുവാങ്ങി കഴിക്കൽ മാത്രമല്ല, മറിച്ച് ആരോഗ്യകരമായ ജീവിതചര്യകളിലൂടെ പ്രകൃതിയുടെയും മറ്റു ജീവജാലങ്ങളുടെയും ആരോഗ്യം സംരക്ഷിച്ചുകൊണ്ട് വൃത്തിയും ശുചിത്വവും ജീവിതശീലങ്ങളുടെ ഭാഗമാക്കികൊണ്ട് നേടിയെടുക്കേണ്ട ഒന്നാണ്.

മാലിന്യനിർമാർജനത്തിനും സംസ്കരണത്തിനും ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉണ്ടാകണം. ഭാവിതലമുറയ്ക്കുവേണ്ടി സംരക്ഷിക്കേണ്ട പ്രകൃതിവിഭവങ്ങളുടെ ചൂഷണം ഒഴിവാക്കണം. മണ്ണിന്റെയും വായുവിന്റെയും ജലത്തിന്റെയും സമസ്തജീവജാലങ്ങളുടെയും ആരോഗ്യം ഉറപ്പാക്കി *ഹെൽത്ത് ഫോർ ഓൾ* എന്ന സന്ദേശം ലക്ഷ്യത്തിലെത്തിക്കാം.

## സൃഷ്ടികൾ ക്ഷണിക്കുന്നു

തളിര് മാസികയിലേക്ക് രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, നാടകം, വിവിധ വിഷയങ്ങളിലെ വൈജ്ഞാനിക-ശാസ്ത്ര ലേഖനങ്ങൾ, കാർട്ടൂൺ തുടങ്ങിയ ഏത് ആഖ്യാനരൂപവും ആവാം. പത്തു വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് ഉതകുന്നതാവണം സൃഷ്ടികൾ. പുതുമയും ആധുനികവുമായ ശൈലിയിലുള്ള രചനകൾ യുണിക്കോഡിൽ ടൈപ്പു ചെയ്ത് ടെക്സ്റ്റ് രൂപത്തിൽ thaliru@ksicl.org എന്ന ഇമെയിലിൽ അയക്കുക. തിരഞ്ഞെടുക്കുന്നവ പ്രസിദ്ധീകരിക്കുന്നതാണ്.



Photo: Mullookkaaran



# ദ്വീപ് ഹൽവ

ശ്രീപ്രസാദ് വടക്കേപ്പാട്ട്

ഹൽവ, ചിലർക്കെങ്കിലും അലുവ; കാണാത്തവരും രുചിക്കാത്തവരുമായിട്ട് ഈ ദുനിയാവിൽ ആരെങ്കിലും ഉണ്ടാവുമെന്ന് തോന്നുന്നില്ല. സി ഇ മൂന്നാം നൂറ്റാണ്ടിൽ പേർഷ്യയിലാണ് ഹൽവയുടെ ജനനമെന്ന് കണക്കാക്കപ്പെടുന്നു. ചതച്ച ഈന്തപ്പഴങ്ങളും പാലും ചേർത്താണത്രെ അക്കാലങ്ങളിൽ ഹൽവ ഉണ്ടാക്കിയിരുന്നത്. പിന്നീട് പല മാറ്റങ്ങളും രൂപഭേദങ്ങളും ഈ മധുരപലഹാരത്തിനു ലഭിച്ചു. പതിമൂന്നാം നൂറ്റാണ്ടിൽ അറബി ഭാഷയിൽ എഴുതപ്പെട്ട കിത്താബ് അൽ-താബിഖിൽ (ഇംഗ്ലീഷിൽ The Book of Dishes എന്നർത്ഥം) വിവിധ തരത്തിലുള്ള എട്ടു ഹൽവകളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ടത്രേ. ഓട്ടോമൻ സാമ്രാജ്യത്തിന്റെ വികസനത്തോടെ ഹൽവ പേർഷ്യക്കു പുറത്തും വലിയ തോതിൽ പ്രചാരത്തിൽ വന്നു.

ഭാരതത്തിൽ ഹൽവ എത്തുന്നത് ഡൽഹിയിലെ സുൽത്താൻ ഭരണകാലത്താണെന്നു പറയപ്പെടുന്നു. ഇന്ത്യൻ ഹൽവകളിൽ കോഴിക്കോടനും തിരുനെൽവേലിയുമാണ് ഏറെ പ്രചാരത്തിലുള്ളത്. സായിപ്പ് കോഴിക്കോട്ടെ ഹൽവകളുടെ തെരുവിന് 'മധുരമുള്ള മാംസത്തെരുവെന്ന്' (SM Street അഥവാ Sweet Meat Street) എന്നാണ് വിളിച്ചത്. നിരത്തിവെച്ച ഹൽവ മാംസമാണെന്നാണ് അവർ തെറ്റിദ്ധരിച്ചത്!

സാധാരണ ഹൽവകളിൽനിന്നും വ്യത്യസ്തമായ മധുരവിഭവമാണ് ദ്വീപ് ഹൽവ. ഇതിന്റെ ജന്മസ്ഥലം നമ്മുടെ വൻകകരയിൽനിന്ന് അല്പം ദൂരെയുള്ള ലക്ഷദ്വീപ് ആണ്. ദ്വീപ് ഹൽവയെന്ന് വിളിക്കാനുള്ള കാരണവും അതുതന്നെയാണ്!

ലക്ഷദ്വീപിലെ പരമ്പരാഗതമായ മധുര-ലഘുഭക്ഷണമാണ് ദ്വീപ് ഹൽവ. ഉരുണ്ട ആകൃതിയായതുകൊണ്ടാവാം ഇതിനെ

ദ്വീപ് ഉണ്ട എന്നും പറയാറുണ്ട്. അധികവും ഇരട്ട ഉണ്ടകളായാണ് വില്പന ലക്ഷ്യമിട്ട് ഉണ്ടാക്കുന്ന ദ്വീപ് ഹൽവയുടെ ആകൃതി. അതൊരുപക്ഷേ കാഴ്ചയിൽ ഒന്നുകൂടി ആകർഷകമാക്കാനുള്ള തന്ത്രമാകാം.

ദ്വീപ്-ശർക്കരയും ചിരകിയ തേങ്ങയുമാണ് ഈ ഹൽവയുടെ പ്രധാന ചേരുവകൾ. തെങ്ങിൻ പൂക്കുല ചെത്തിയെടുക്കുന്ന നീര കുറുക്കിയെടുത്താണ് ദ്വീപ്-ശർക്കര ഉണ്ടാക്കുന്നത്. ഉരുളിയിൽ തിളപ്പിച്ച് കുറുക്കിയെടുക്കുന്ന ചേരുവകൾ ഇളംചൂടിൽ ഉരുട്ടിയെടുക്കുന്നു. ഇത് ഉണങ്ങിയ വാഴയിലയിൽ ചുരുട്ടിപ്പൊതിഞ്ഞ് വാഴനാരുകൊണ്ട് ഭംഗിയായി കെട്ടുന്നു. രുചി വർധിപ്പിക്കുന്നതിനായി ഈന്തപ്പഴം വളരെ ചെറിയ കഷണങ്ങളായും, സുഗന്ധത്തിനായി ഏലക്കായ പൊടിച്ചും ചേർക്കാറുണ്ട്. നല്ല രീതിയിൽ ഉണ്ടാക്കിയെടുക്കുന്ന ദ്വീപ് ഹൽവ ആഴ്ചകളോളം കേടുകൂടാതെ ഇരിക്കും.


ലക്ഷദ്വീപിന് വെളിയിൽ കോഴിക്കോടും കണ്ണൂരുമൊക്കെ യഥാർത്ഥ ദ്വീപ് ഹൽവ വാങ്ങാൻ കിട്ടാറുണ്ട്. ഈ പേരിൽ ധാരാളം കള്ളനാണയങ്ങളും പല സ്ഥലങ്ങളിലും വിൽക്കപ്പെടുന്നുണ്ട്, അവയ്ക്കൊന്നും രുചിയിൽ യഥാർത്ഥ ദ്വീപ് ഹൽവയുടെ ഏഴയലത്തുപോലും എത്താനാകില്ലെന്നു മാത്രം!

---

**കവിത**

# വിമാനം

## അശ്വിനി എസ് സുന്ദരം


വര: അരുൺ ഗോകുൽ

ഉണ്ണിയപ്പം കട്ടുതിന്നും നേരം
മാനത്ത് തുമ്പിതൻ പാട്ടുകേട്ടു.
പാട്ടിൻ പുറകേയോടും നേരം
ഉണ്ണിയപ്പപ്പാത്രം തട്ടിമറിഞ്ഞു.

തല്ലാനായ് വന്നമ്മയ്ക്ക് ഞാനൊരു
ഉമ്മ കൊടുത്തിട്ട് ഓടിപ്പോയി.
മുറ്റത്ത് വന്നു ഞാൻ നോക്കവേ
തുമ്പിയതാ മേലെ പാറിപ്പോണു.
കാറ്റിൻ ചിറകിലൂഞ്ഞാലുകെട്ടി
തുമ്പിയതാ മേലെ ആടിപ്പോണു.

നീലയും പച്ചയും ചെമലനിറങ്ങളിൽ
മിന്നാമിനുങ്ങുപോലുള്ള തുമ്പി,
തേനീച്ച മൂളുംപോൽ മൂളിപ്പറന്നുകൊ-
ണ്ടാതുമ്പി മാനത്ത് പോയ്മറഞ്ഞു.

# പുഴയുടെ കാവൽക്കാരി


കെ കെ പല്ലശ്ശന

വേനലവധിക്ക് സ്കൂളടച്ചതും പട്ടണത്തിലെ ഫ്ലാറ്റിൽനിന്ന് ഗ്രാമത്തിലെ മുത്തശ്ശിയുടെ ഓട്ടുപുരയിലേക്കു പറന്നെത്തിയിരിക്കുകയാണ് ഹരിയും ഹരിതയും.

പാഠപുസ്തകത്തിൽ വർണ്ണിച്ചിരിക്കുന്ന ആമ്പൽപ്പൊയ്കയും പച്ചത്തലപ്പാവണിഞ്ഞ ഹനുമാൻ കുന്നും നൂറുപാടങ്ങൾക്കു നീർ കൊടുക്കുന്ന പുഴയുമെല്ലാം കൺകുളിർക്കെ കാണണം. പിന്നെ, മുത്തശ്ശിയുടെ മടിയിൽ കിടന്ന് പൊട്ടൻ ചങ്കരന്റെയും പിച്ചാണ്ടിയുടെയും മറ്റും കഥ കേൾക്കണം.

പക്ഷേ, അവരുടെ പ്രതീക്ഷയെല്ലാം ചില്ലുപാത്രം പോലെ വീണുടഞ്ഞിരിക്കുകയാണ്.





വര: അരുൺ ഗോകുൽ

വയൽമധ്യത്തിലെ ആമ്പൽപ്പൊയ്ക കഴുകിവച്ച പാത്രം കണക്കെ വരണ്ടു കിടക്കുകയാണ്. വെള്ളമെല്ലാം ഇഷ്ടിക നിർമ്മാണത്തിനായി ഊറ്റിയെടുത്തിരിക്കുന്നു. ഹനുമാൻകുന്ന് നിന്നിടത്ത് കുട്ടികൾ ക്രിക്കറ്റു കളിക്കുന്നു. ഫാക്ടറി നിർമ്മിക്കാനായി പാതയോരത്തെ പതിനഞ്ച് ഏക്കർ വയൽ നികത്താൻ ഹനുമാൻകുന്നിനെ മാന്തിയെടുത്തിരിക്കുകയാണ്. മുത്തശ്ശിക്കാണെങ്കിൽ മിണ്ടാട്ടമില്ല. എന്തു ചോദിച്ചാലും ഒരു മൂളൽ മാത്രമാണു മറുപടി.

പിറ്റേന്ന് അവർ പുഴയെ കാണാൻ ചെന്നു.

പുസ്തകത്തിൽ വർണ്ണിച്ചിരുന്ന പഞ്ചാരമണൽ എവിടെ? കളകളം പാടിയുള്ള ഒഴുക്കെവിടെ? അവിടവിടെ അവശേഷിച്ചിരുന്ന കുഴികളിലെ ഇത്തിരി വെള്ളത്തിനു ചുറ്റും കൊറ്റിക്കൂട്ടങ്ങളുടെ അവകാശത്തർക്കം.

പുഴയോരത്ത് മിഴിച്ചുനിൽക്കുന്ന കുട്ടികളെക്കണ്ട് കീറിമുഷിഞ്ഞ വസ്ത്രം ധരിച്ച് എല്ലും തോലുമായ ഒരു വൃദ്ധ ഒരു വടിയുമായി അരികിലെത്തി.

"നിങ്ങളിവിടെ എന്തു കാണാൻ വന്നതാണ്?"

വൃദ്ധ അവരെ അടിമുടി നോക്കി.

കുട്ടികൾ പരിഭ്രമത്തോടെ പുറകോട്ടു മാറി.

"ഈ ഇത്തിരി വെള്ളമെങ്കിലും കലങ്ങാതെ നോക്കണം. അവർ വരും, നഞ്ചുകലക്കാൻ. നാലഞ്ചു പരൽ മീനിനു വേണ്ടി. ഇല്ല, സമ്മതിക്കില്ല ഞാൻ."

വൃദ്ധ ആരോടെന്നില്ലാതെ പിറുപിറുത്തുകൊണ്ടിരുന്നു.

"നമുക്കു പോകാം."

ഹരിത ഇടറിയ ശബ്ദത്തിൽ പറഞ്ഞു.

"പോകാം. പുസ്തകങ്ങൾ നമ്മളെ പറ്റിക്കുകയായിരുന്നു."

ഹരി, പതിഞ്ഞ ശബ്ദത്തിൽ പറഞ്ഞു.

അവർ ഒന്നുകൂടി ആ വൃദ്ധയെ നോക്കി.

"ആരാ ഈ മുത്തശ്ശി? കണ്ടിട്ട് കഷ്ടം തോന്നുന്നു."

ഹരിത പറഞ്ഞു.

"പുഴയുടെ കാവൽക്കാരിയാണെന്നു തോന്നുന്നു. അല്ല, ഈ പുഴയുടെ ആത്മാവു തന്നെ."

ഹരി അഭിപ്രായപ്പെട്ടു.

കുട്ടികൾ തിരിഞ്ഞുനോക്കി.

കുഴികളിലെ വെള്ളത്തിനു മുന്നിൽനിന്ന് വൃദ്ധ അപ്പോഴും എന്തൊക്കെയോ ഉച്ചത്തിൽ വിളിച്ചുപറയുന്നുണ്ടായിരുന്നു.

കവിത

# രാപ്പന്തൽ


## ദിവാകരൻ വിഷ്ണുമംഗലം

അന്തിമാനപ്പന്തലിന്റെ
ചന്തവും നോക്കി
ഇങ്ങുതാഴെ തീരമൊന്നിൽ
ഞാനിരിക്കുന്നു

സന്ധ്യ വന്നു ചക്രവാളം
ചോപ്പണിയുന്നു
മെല്ലെ മെല്ലെ രാവിതാ,
കൺ-മഷിയെഴുതുന്നു.

കണ്ണുകൾക്കൊരിമ്പമേകും
പാതിരാത്താരം
മിന്നിമിന്നി ദൂരെ വാനിൽ
ബൾബുകെട്ടുന്നു

കൂരിരുട്ടിൻ കാടുകളിൽ
പൂനിലാവെത്തി
വാനിലാകെ ട്യൂബ് ലൈറ്റിൻ
പാൽനിലാവെട്ടം!



വര: അരുൺ ഗോകുൽ



വര: അരുൺ ഗോകുൽ



# പ്രാർഥന

**സുവിൻ വി എം**

സ്കൂളു വിട്ട് ഓടിവന്ന കുട്ടി അടുക്കളപ്പുറത്തു മീൻ അരിയുകയായിരുന്ന അമ്മയ്ക്കരികിൽ, പൂച്ചയ്ക്കൊപ്പം ഇരുന്നു. ചവിട്ടിപ്പിടിച്ച വളഞ്ഞൊരു കത്തികൊണ്ട് അമ്മ മീനിന്റെ ചെതുമ്പൽ കളയുന്നതും വയറുകീറി കുടല് പുറത്തിടുന്നതും മീൻതലയിൽനിന്ന് ചെകിളപ്പൂക്കൾ മുറിച്ചുമാറ്റുന്നതും പൂച്ചയും കുട്ടിയും അക്ഷമരായി നോക്കിനിന്നു. മീനിന്റെ അവശിഷ്ടങ്ങൾ കഴിക്കാനുള്ള കൊതിയിലും വിശപ്പിലും പൂച്ച തന്റെ മുൻകാല് നക്കിത്തുടച്ച് ഒന്ന് ഉഷാറായിരുന്നു. കുട്ടിയോ, മീനിന് ഏൽക്കുന്ന ഓരോ മുറിവിലും എത്ര വേദനയുണ്ടാവുമെന്ന് ഓർത്തു വിഷമിച്ചുകൊണ്ടേയിരുന്നു.

"അമ്മേ, സ്കൂളിലെ സയൻസ് ലാബിൽ എല്ലാ ജീവികളും ജലജീവികളെപ്പോലാണ്. അവസാനിക്കാത്ത ഏതോ പ്രാർഥനയ്ക്കെന്നപോലെ അവ എല്ലാ നേരവും ശ്വാസം പിടിച്ചു നിൽക്കുന്നു. അത് കാണുമ്പോഴൊക്കെ എനിക്കും ഒരു ശ്വാസംമുട്ടലാണ്..."

കുട്ടിയുടെ വർത്തമാനം അമ്മ ശ്രദ്ധയോടെ മൂളിക്കേട്ടു. അമ്മ എന്തെങ്കിലും പറയും മുൻപ് കുട്ടി തുടർന്നു:

"നമ്മുടെ അക്വേറിയത്തിലെ മീനുകൾക്ക് അങ്ങനെ നിൽക്കേണ്ടിവരുന്നില്ലല്ലോ... വീട്ടിലെത്തി അവയെ കാണുമ്പോഴാണ് എനിക്ക് അല്പമെങ്കിലും ആശ്വാസമാകുന്നത്. അവയ്ക്കു ലഭ്യമായ ഈ നീറ്റിൽ പേടിയൊന്നും കൂടാതെ നീന്താനൊക്കുന്നുണ്ടല്ലോ, അല്ലേ അമ്മേ?"

എന്താണ് കുട്ടിയോട് പറയുക എന്നോർത്ത് അമ്മ വല്ലാതെ കുഴഞ്ഞു. അമ്മ കുട്ടിയോട് ഒന്നു ചിരിച്ച്, അടുക്കളയിലേക്ക് നടന്നു.

ചൂടു ദോശക്കല്ലിൽ മസാല പുരട്ടിയ പച്ചമീനുകൾ തൊടുമ്പോൾ ഉയർന്ന ചീറ്റൽ അമ്മയ്ക്കു ചുറ്റും നിറഞ്ഞു.

ഇതു നോക്കിനിന്നിരുന്ന കുട്ടിക്ക് തന്റെ മേലുപൊള്ളുന്ന ഒരു നീറ്റലുണ്ടായി.

വല്ലാത്തൊരു നീറ്റൽ!

അവന്റെ മുഖഭാവത്തിൽ നിന്ന്, പാതി ചിമ്മിയ കണ്ണുകളിൽനിന്ന് അമ്മയ്ക്ക് ആ നീറ്റൽ മനസ്സിലായി.

മീൻകുടലും ചെകിളപ്പൂക്കളും പൂച്ചയ്ക്കിട്ടുകൊടുക്കാൻ കൈയിലെടുത്തപ്പോൾ അവ

പിടയ്ക്കുന്നതായി അമ്മയ്ക്കു തോന്നി. അമ്മ കുട്ടിയുടെ വിരൽ പിടിച്ച് വയലും കടന്ന് കൈത്തോടിന്റെ വക്കത്തേക്കു നടന്നു.

തോട്ടിൽ എത്രയെത്ര മീനുകൾ, അവയുടെ കുഞ്ഞുങ്ങൾ, തുമ്പികൾ, തവളകൾ, അവയുടെ വാൽമാക്രികൾ, അവയെ പിടിക്കാനെത്തിയ പക്ഷികൾ, പാമ്പുകൾ...

വൈവിധ്യങ്ങളുടെ കണ്ണി ചേർന്നു സുന്ദരമായി ഒഴുകുന്ന തോട്ടിലെ വെള്ളത്തിലേക്കു നോക്കി കുറച്ചുനേരം അവർ അങ്ങനെ നിന്നു.

പെട്ടെന്നൊരു പൊൻമാൻ തോട്ടിലേക്ക് മുങ്ങാംകുഴിയിടുന്നു, ഒരു മീനിനെയും കൊക്കിലൊതുക്കി തിരിച്ചു പറന്നുയരുന്നു... കുട്ടി വലിയ വിഷമത്തോടെ ചോദിച്ചു:

"സുരക്ഷിതരാണോ അമ്മേ ഈ മീൻകുഞ്ഞുങ്ങൾ?"

അമ്മ ചിരിച്ചു.

"കുഞ്ഞേ, സുന്ദരമല്ലേ കൊക്കുകളുള്ള, പാമ്പുകളുള്ള, തവളകളുള്ള ഈ ഒഴുക്ക്!"

ഒരു കാറ്റ് 'അതേ അതേ' എന്ന് തലയാട്ടിക്കൊണ്ട് അവരെ കടന്നുപോയി. കുട്ടി തോട്ടിലെ ഒഴുക്കിനെ മുറിച്ചുകൊണ്ട് തന്റെ കാലുകൾ വെള്ളത്തിലേക്ക് താഴ്ത്തി തോട്ടിൻകരയിൽ ഇരുന്നു. ആദ്യം ഒന്നു ഭയന്ന് തോട്ടിലെ വെള്ളത്തിലേക്ക് ചിതറിയ മീനുകൾ പയ്യെ കുട്ടിയുടെ കാൽവിരലുകൾക്കിയിലൂടെ നീന്താനും നഖങ്ങൾക്കിടയിൽ കൊത്താനും തുടങ്ങി. തുമ്പികൾ ചുറ്റിപ്പറക്കലും പക്ഷികൾ ഇരപിടിക്കലും തുടർന്നു. മരത്തിലിരുന്ന് പൊൻമാൻ തന്റെ നനഞ്ഞ ദേഹം കുടഞ്ഞപ്പോൾ ഒരു നീലത്തൂവൽ കൊഴിഞ്ഞ് കുട്ടിയുടെ അരികിൽ വീണു. ഒരു കൊക്ക് ഒറ്റക്കാലിൽ വീണ്ടും തോട്ടിലെ വെള്ളത്തിൽ തിരക്കേതുമില്ലാത്തൊരാ ശാന്തസുന്ദരനിൽപ്പ് തുടർന്നു. തോട്ടിലെ തണുത്ത വെള്ളം കുട്ടിയുടെ ഭയത്തെ ഒഴുക്കിനൊപ്പം കൊണ്ടുപോയി. അമ്മയ്ക്ക് ഒന്നും പറയേണ്ടിവന്നില്ല. ഒക്കെയും കൈത്തോട് പറഞ്ഞുകഴിഞ്ഞല്ലോ. അല്ല തോട് ഒന്നും പറഞ്ഞില്ല, കുട്ടിയെ തഴുകി ഒഴുകുകയല്ലേ ചെയ്തിട്ടുള്ളൂ. എന്നിട്ടും കുട്ടിയുടെ കണ്ണുകൾ തെളിഞ്ഞു. ഇപ്പോൾ സൂക്ഷിച്ചുനോക്കിയാൽ കാണാം, കുട്ടിയുടെ കണ്ണുകളിൽനിന്ന് ഹൃദയത്തിലേക്കൊരു കൈത്തോട് ഒഴുകുന്നതായിട്ട്!



**Form I (See Rule 8)**

| | | |
|---|---|---|
| Place of Publication | : | Thiruvananthapuram |
| Periodicity of Publication | : | Monthly |
| Printer's Name | : | Palliyara Sreedharan |
| Whether citizen of India | : | Yes, Indian |
| Address | : | Director, Kerala State Institute of Children's Literature, Thiruvananthapuram - 34 |
| Publisher's Name | : | Palliyara Sreedharan |
| Whether citizen of India | : | Yes, Indian |
| Address | : | As above |
| Editor's Name | : | Palliyara Sreedharan |
| Address | : | As above |

Name and address of individual who own the newspaper and partners or shareholders holding more than one percent of the total capital: **Kerala State Institute of Children's Literature, Thiruvanathapuram - 34**

I hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
Palliyara Sreedharan
Director

Date: 29-3-2023

# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

## തളിരമ്മാവന്റെ കത്ത്

കൂട്ടുകാരേ,

മാർച്ചു മാസം പരീക്ഷക്കാലം. ഏപ്രിൽ വരുന്നതോടെ ഒഴിവുകാലം തുടങ്ങുന്നു. ഒഴിവുകാലം ആസ്വദിക്കാൻ കുട്ടികൾ പദ്ധതി തയ്യാറാക്കണം. ചിരിയും കളിയും വായനയും യാത്രയും എഴുത്തും അഭിനയവുമൊക്കെ ഇക്കാലത്ത് കുട്ടികൾക്ക് ആവേശം നൽകും. ഏപ്രിൽ ഒന്നിന്റെ തമാശകൾ ആസ്വദിക്കുമ്പോൾ നിങ്ങൾ വിഡ്ഢികളാകുന്നില്ല. തമാശകൾ നിറഞ്ഞ ജീവിതവും നമുക്ക് ആസ്വദിക്കണം.

ഫാത്തിമ റിൻഷയുടെ വേനൽമഴ എന്ന കവിതയും ഹാജിറാ നവാസിന്റെ മഴവില്ലും നന്നായി. പ്രതിഭ പ്രസാദ് അന്ധവിശ്വാസങ്ങളെ തുറന്നുകാട്ടുന്ന കഥകളെഴുതാൻ ശ്രദ്ധിക്കണം. തുഷാർ അരുണിന്റെ നിറങ്ങളുടെ ചെകുത്താൻ തളിരമ്മാവന് ഇഷ്ടായി. അഞ്ചാംക്ലാസുകാരി ശാംഭവിയുടെ അമ്മയും പൊന്നുണ്ണിയും നന്നായിട്ടുണ്ട്.

സാധിക സുനിൽ, അശ്വതി ജയേഷ്, അനശ്വര എന്നിവരുടെ ചിത്രങ്ങളും ആകർഷകമാണ്.

സ്നേഹത്തോടെ,
**സി ആർ ദാസ്**
**തളിരമ്മാവൻ**

## വര



**അനശ്വര വി**
ക്ലാസ് 9
എം എസ് പി എച്ച് എസ് സ്കൂൾ
മലപ്പുറം

**സാധിക സുനിൽ**
ക്ലാസ് 5
ബി എസ് യു പി എസ് കാലടി
എറണാകുളം



# മഴവില്ല്

**ഹാജിറ നവാസ്,**
ക്ലാസ് 9
നാഷണൽ സ്കൂൾ,
പെരുമ്പാവൂർ, എറണാകുളം

കൂട്ടുകാർ മഴവില്ല് കണ്ടിട്ടുണ്ടാകുമല്ലോ. സപ്തവർണ്ണങ്ങളാൽ ശോഭിക്കുന്ന മാരിവില്ല് നിമിഷങ്ങൾക്കുള്ളിൽ അപ്രത്യക്ഷമാകുമെങ്കിലും നാം എത്ര കൗതുകത്തോടെയാണ് അത് നോക്കിനിൽക്കുന്നത്. ഇത്ര സുന്ദരമായ ഇന്ദ്രധനുസ്സ് ആരെങ്കിലും വാനത്തിൽ വരച്ചിട്ടതാണോ എന്ന് നാം സംശയിക്കാറില്ലേ? എന്നാൽ ഇതാ, ഈ പ്രകൃതി സൗന്ദര്യത്തിന്റെ ചുരുൾ നമുക്ക് ശാസ്ത്രീയമായി മനസ്സിലാക്കാം.

മഴക്കാലത്ത് വായുവിൽ ജലകണങ്ങൾ ഉണ്ടാകും. സൂര്യപ്രകാശമുള്ള ദിവസങ്ങളിൽ മഴ പെയ്യുമ്പോൾ, സൂര്യപ്രകാശം ഈ നീർത്തുള്ളികളിലൂടെ കടന്നുപോകുന്നു. ഏഴ് നിറങ്ങൾ ഉൾക്കൊള്ളുന്ന വെളുത്ത പ്രകാശമാണല്ലോ സൂര്യപ്രകാശം. ഈ വെളുത്തപ്രകാശം ജലകണത്തിൽ കടക്കുമ്പോൾ അപവർത്തനം സംഭവിക്കുന്നു. ഈ കിരണങ്ങൾ വീണ്ടും ജലത്തുള്ളിയുടെ എതിർ അറ്റത്തുനിന്ന് പൂർണ്ണ ആന്തരിക പ്രതിഫലനത്തിനു വിധേയമാകുന്നു. പിന്നെ ജലത്തുള്ളിയിൽനിന്നു പുറത്തേക്കു കടക്കുമ്പോൾ ഉപരിതലത്തിൽ വീണ്ടും അപവർത്തനം അനുഭവിച്ച ശേഷം വിവിധ വർണ്ണങ്ങളായി വേർപിരിയും. അതോടെ സുന്ദരിയായ മാരിവില്ല് മാനത്ത് രൂപം കൊള്ളുന്നു. അതാണ് നാം ആശ്ചര്യപൂർവം നോക്കിക്കാണുന്ന മഴവില്ല്.



വര: സചീന്ദ്രൻ കാറഡ്ക്ക

# വര



**അശ്വതി ജയേഷ് പി**
ക്ലാസ്സ് 8
ജി എച്ച് എസ് എസ് ഏഴൂർ
തിരൂർ, മലപ്പുറം

# വേനൽമഴ

**ഫാത്തിമ റിൻഷ കെ**
ക്ലാസ് 5
എ കെ എച്ച് എം യുപി സ്കൂൾ
കണ്ണംവെട്ടിക്കാവ്,
മലപ്പുറം



വരഃ സചീന്ദ്രൻ കാറഡ്ക്ക

വെയിൽ നിഴൽച്ചിത്രം വരക്കുന്ന
ഇടവഴികളിൽ തേൻമഴത്തുള്ളി ചാടുന്നു
പൂക്കളും ചെടികളും പുൽക്കൊടികളും
ആഹ്ലാദത്തിമിർപ്പിൽ ആടുന്നു.

മൈതാനത്തിൽ കളിക്കും പൈതങ്ങൾ
വീടുകളിലേക്ക് ഓടുന്നു.
വയറിലെരിയും തീ കെടുത്താൻ
കർഷകർ മഴത്തുള്ളിയിൽ നെടുവീർപ്പിടുന്നു.

തിരക്കേറും അങ്ങാടികളും മക്കാനികളും
മഴയിൽ മാവിൻ ചോട്ടിൽ കുനിയുന്നു.
ഓടിക്കിതച്ചു ചാറിയ തുള്ളികൾ
പുഴയുടെ നാവായി ഒഴുകുന്നു
ഓളങ്ങളിൽ തുള്ളിക്കളിച്ചു നീങ്ങുന്നു.

---

# അമ്മയും പൊന്നുണ്ണിയും

മാനത്തു കാണുവതെന്തേ
വെള്ളിത്തളികയാണമ്മേ
ചുറ്റുമേ കാണുവതെന്തേ
മിന്നാമിനുങ്ങുകളാണേ

നിൻ കൂടെയുള്ളതാര്
എനിക്കുമ്മ തരും പൊന്നമ്മ
അങ്ങിരിക്കുന്നതാര്
ലഡു തരും പൊന്നച്ഛൻ
പഠിക്കും മിടുക്കിയതാര്
കൂടെ കളിക്കുന്ന ചേച്ചി
ഇപ്പോഴിതെല്ലാം പറഞ്ഞതാര്
അമ്മേടെ സ്വന്തം പൊന്നുണ്ണി.

വെള്ളിത്തളിക എന്നോതിയത്
ചന്ദ്രൻ ആണല്ലോയെന്നുണ്ണി
മിന്നാമിനുങ്ങെന്നോതിയത്
പൊൻതാരങ്ങളാണേയെന്നുണ്ണി
ലോകത്തുണ്ട് നൂററിവ്
അത് ചൊല്ലിത്തരുന്നൂയീലോകം
ഇപ്പോഴുണ്ണി അറിഞ്ഞില്ലേലും
നാളെ ഉണ്ണി അറിഞ്ഞോളും



വരഃ സചീന്ദ്രൻ കാറഡ്ക്ക

**ശാംഭവി വി പി**
ക്ലാസ് 5
ജി യു പി എസ് കിള്ളിമംഗലം
തൃശ്ശൂർ

# നിറങ്ങളുടെ ചെകുത്താൻ

**ഇഷാൻ അരുൺ**
ക്ലാസ് 6
ജ്യോതിസ് സെൻട്രൽ സ്കൂൾ,
മേനംകുളം, തിരുവനന്തപുരം



വര: സചീന്ദ്രൻ കാറഡ്ക്ക

ദൈവങ്ങളുടെ ദൈവം. അതായിരുന്നു നിറങ്ങളുടെ ദൈവം! പക്ഷേ കറുപ്പിനും വെളുപ്പിനും അയാൾ ഒരു ചെകുത്താനായിരുന്നു.

നാശം മാത്രം കൊണ്ടു വരുന്ന ഒരു ചെകുത്താൻ!

തമ്മിൽ കണ്ടാൽ എപ്പോഴും തല്ലുകൂടുന്ന കറുപ്പും വെളുപ്പും, നിറങ്ങളുടെ ചെകുത്താനെ കാണുമ്പോൾ ഒന്നാകും. എന്നിട്ട് അയാളുമായി യുദ്ധം തുടങ്ങും- തോൽക്കാൻ വേണ്ടി മാത്രമുള്ള യുദ്ധം!

നിറങ്ങളുടെ ചെകുത്താൻ എവിടെപ്പോയാലും അവിടെയെല്ലാമുള്ള കറുപ്പും വെളുപ്പും മാറ്റിയിട്ട് അവയുടെ സ്ഥാനത്ത് പലതരം നിറങ്ങൾ നിറയ്ക്കും.

ആ ലോകത്ത്, കുറച്ചു സ്ഥലങ്ങൾ മാത്രമേ നിറങ്ങളുടെ ചെകുത്താൻ നിറങ്ങൾ കൊണ്ടു നിറച്ചിട്ടുണ്ടായിരുന്നുള്ളൂ. മറ്റെല്ലായിടത്തും കറുപ്പും വെളുപ്പും തന്നെ.

എന്നാൽ ഇതുപോലും കറുപ്പിനും വെളുപ്പിനും ഒരു പ്രശ്നമായിരുന്നു. അവർക്ക് എല്ലായിടവും അവർ മാത്രം മതി എന്നായിരുന്നു ആഗ്രഹം.

അങ്ങനെ ഒരു ദിവസം കറുപ്പും വെളുപ്പും എങ്ങനെ നിറങ്ങളുടെ ചെകുത്താനെ തോൽപ്പിക്കാം എന്ന് ആലോചിക്കുകയായിരുന്നു. അപ്പോൾ കറുപ്പിന് ഒരു ആശയം കിട്ടി.

കറുപ്പ് അവന്റെ വീട്ടിലേക്ക് ഓടിച്ചെന്നു. എന്നിട്ട്, പ്രായംകൊണ്ടു തകർന്നിരിക്കുന്ന, ഒരു വലിയ പുസ്തകം കണ്ടുപിടിച്ചു. അതുമെടുത്ത് അവൻ വെളുപ്പിന്റെയടുത്തേക്ക് ഓടിവന്നു. ആ പുസ്തകം തുറന്ന്, അതിലെ ഒരു മന്ത്രം കറുപ്പ് വെളുപ്പിന് കാണിച്ചുകൊടുത്തു. അത് ഒരു നശീകരണമന്ത്രമായിരുന്നു.

അവർ ഇരുവരും ആ മന്ത്രം ചൊല്ലിയതോടെ, അവരുടെ ചുറ്റുമുള്ളതെല്ലാം, അകത്തോട്ട് വലിഞ്ഞുവന്ന് ഒരു വലിയ ശക്തിയായി മാറി. അത് വലിയ നാശത്തിന്റെ ശക്തിയായിരുന്നു. ചുറ്റുമുള്ളതെല്ലാം തകർത്തെറിഞ്ഞ് അത് നിറങ്ങളുടെ ചെകുത്താനെ തേടി യാത്ര തുടങ്ങി.

ആ സമയത്ത്, ദൂരെ ദൂരെ, നിറങ്ങളുടെ ചെകുത്താൻ ഒരു വീടിനെ നിറങ്ങൾ കൊണ്ട് നിറയ്ക്കുകയായിരുന്നു. അതു പൂർത്തിയാക്കി അടുത്തവീടിനെ നിറയ്ക്കാനായി തിരിഞ്ഞപ്പോൾ അവൻ ദൂരെ നിന്നു വരുന്ന ആ വലിയ ശക്തിയെ കണ്ടു, ചുറ്റുമുള്ളതിനെയെല്ലാം അവയുടെ അസ്തിത്വത്തിൽ നിന്ന് മായ്ച്ചുകൊണ്ട് ആ ശക്തി തന്റെയടുത്തേക്ക് വരുന്നത് അവൻ പേടിയോടെ നോക്കി. തന്റെ എല്ലാ ശക്തിയും ഉപയോഗിച്ച് അതിനെ തടയാൻ അവൻ ശ്രമിച്ചു. എന്നിട്ടും അവനതിനു കഴിഞ്ഞില്ല. ഒടുവിൽ ആ ശക്തി അവനെ തകർത്തെറിയാൻ തുടങ്ങുന്നതിന് തൊട്ടുമുൻപ് അവൻ ഒരു മന്ത്രം ചൊല്ലി.

അപ്പോൾ അവൻ നിറച്ചു വച്ച വീടുകളുടെയുള്ളിലെ എല്ലാ നിറങ്ങളും അവനെ ചേർത്തു പിടിച്ചുനിർത്തി. പക്ഷേ, അപ്പോഴും നാശത്തിന്റെ ശക്തി കൂടുതൽ പിടിമുറുക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു. എല്ലാം അവസാനിക്കുകയാണെന്ന് മനസ്സിലായ അവൻ വീണ്ടും ഒരു മന്ത്രം കൂടി ചൊല്ലി.

ബ്ഠും! ഒരു വലിയ പൊട്ടിത്തെറിയിലൂടെ ആ ലോകം പൊളിഞ്ഞുവീണു.

നാശം പൂർത്തിയായി.

നിറങ്ങളുടെ ചെകുത്താൻ അവന്റെ ചുറ്റും ഒന്നും കണ്ടില്ല.

ഏകാന്തതയുടെ ആഴങ്ങളിലേക്ക് തകർന്നുവീണ അവനെ തിരക്കി പിന്നെപ്പോഴോ, നിറങ്ങളോരോന്നായി പതിയെ നടന്നു വന്നു.

അവർ അവനെ കെട്ടിപ്പിടിച്ചു.

നിറങ്ങളുടെ ചെകുത്താൻ ചിരിച്ചു.

# ബാലസാഹിത്യ പുരസ്കാരങ്ങൾ സാംസ്കാരിക വകുപ്പുമന്ത്രി സജി ചെറിയാൻ സമ്മാനിച്ചു



**കേരള** സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2022 വർഷത്തെ ബാലസാഹിത്യ പുരസ്കാരങ്ങൾ സാംസ്കാരിക വകുപ്പു മന്ത്രി സജി ചെറിയാൻ ജേതാക്കൾക്കു സമ്മാനിച്ചു. തിരുവനന്തപുരം പ്രസ്ക്ലബ് ടി എൻ ജി ഫോർത്ത് എസ്റ്റേറ്റ് ഹാളിൽ വൈകുന്നേരം അഞ്ചു മണിക്ക് നടന്ന ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു.

ഈ വർഷത്തെ സമഗ്ര സംഭാവന പുരസ്കാരം സാഹിത്യകാരനായ പയ്യന്നൂർ കുഞ്ഞിരാമൻ സ്വീകരിച്ചു. 60001 രൂപയും ഫലകവും പ്രശസ്തിപത്രവുമടങ്ങിയതാണ് പുരസ്കാരം.

കഥ/നോവൽ വിഭാഗത്തിൽ ഇ എൻ ഷീജ, കവിത വിഭാഗത്തിൽ മനോജ് മണിയൂർ, വൈജ്ഞാനിക വിഭാഗത്തിൽ ഡോ. വി രാമൻകുട്ടി, ശാസ്ത്ര വിഭാഗത്തിൽ ഡോ. മുഹമ്മദ് ജാഫർ പാലോട്, ജനു, ജീവചരിത്രം/ആത്മകഥ വിഭാഗത്തിൽ സുധീർ പൂച്ചാലി, വിവർത്തനം/പുനരാഖ്യാനം വിഭാഗത്തിൽ ഡോ. അനിൽകുമാർ വടവാതൂർ, ചിത്രീകരണ വിഭാഗത്തിൽ സുധീർ പി വൈ, നാടകവിഭാഗത്തിൽ ഡോ. നെത്തല്ലൂർ ഹരികൃഷ്ണൻ എന്നിവർക്കായിരുന്നു പുരസ്കാരങ്ങൾ.

തുടർന്ന് പുരസ്കാരജേതാക്കൾ മറുപടിപ്രസംഗം നടത്തി. 20000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങിയതാണ് ഈ പുരസ്കാരങ്ങൾ.

എഴുത്തുകാരനും യൂണിവേഴ്സിറ്റി കോളെജ് മുൻ അസോസിയേറ്റ് പ്രൊഫസറുമായ സാബു കോട്ടുക്കൽ പുരസ്കാരജേതാക്കളെ പരിചയപ്പെടുത്തി.

കനറ ബാങ്ക് ഡി ജി എം എസ് ശരവണൻ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഷീല ജി, എഡിറ്റോറിയൽ അസിസ്റ്റന്റ് നവനീത് കൃഷ്ണൻ എസ് തുടങ്ങിയവരും സംസാരിച്ചു. ■

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at Orange Printers Pvt Ltd., Thiruvananthapuram.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
# ത്തകൾ


## തളിര് സ്കോളർഷിപ്പ് 2022: സംസ്ഥാനതല സ്കോളർഷിപ്പുകൾ സാംസ്കാരികവകുപ്പുമന്ത്രി സജി ചെറിയാൻ വിതരണം ചെയ്തു

തളിര് സ്കോളർഷിപ്പ് 2022ന്റെ സംസ്ഥാനതല സമ്മാനങ്ങൾ സാംസ്കാരികവകുപ്പു മന്ത്രി സജി ചെറിയാൻ വിതരണം ചെയ്തു. ബാലസാഹിത്യ പുരസ്കാരസമർപ്പണച്ചടങ്ങിനിടയിൽ കുട്ടികൾ സമ്മാനങ്ങൾ ഏറ്റുവാങ്ങി.

ഗൗതം എസ് നാരായൺ, ശ്രീനന്ദൻ കെ രാജ് , എയ്ഞ്ചല ആൽവിൻ, ജോസഫ് നിയോബിൻസ്, ബാല വർമ്മ കെ, ഷിബില ടി എന്നീ കുട്ടികളാണ് സംസ്ഥാനതല സ്കോളർഷിപ്പുകൾ കരസ്ഥമാക്കിയത്. ■











## പുസ്തകമേള നടന്നു

കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ സംഘടിപ്പിച്ച പുസ്തകമേളയിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പങ്കെടുത്തു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകങ്ങളെ ഏറെ ആവേശത്തോടെയാണ് സന്ദർശകർ സ്വീകരിച്ചത്. കഥ, കവിത, വൈജ്ഞാനികം, ശാസ്ത്രം തുടങ്ങി വൈവിദ്ധ്യങ്ങളായ നിരവധി ബാലസാഹിത്യ പുസ്തകങ്ങൾ ഇതുവഴി കുട്ടികളിലേക്കെത്തിക്കാൻ ഇൻസ്റ്റിറ്റ്യൂട്ടിനു സാധിച്ചു. കുട്ടികളുടെ വായനയ്ക്കും അവരുടെ സർഗാത്മകത വികസിപ്പിക്കാനും ഉതകുന്ന പുസ്തകങ്ങളാണ് ഇവയെന്ന് രക്ഷിതാക്കളും അധ്യാപകരും അഭിപ്രായപ്പെട്ടു.

ഫെബ്രുവരി മാസത്തിൽ 48 ലക്ഷം രൂപയുടെ ബാലസാഹിത്യപുസ്തകങ്ങൾ വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യാനും ഇൻസ്റ്റിറ്റ്യൂട്ടിനു സാധിച്ചു. ■

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2021-2023

RNI No. 20076/70 April 2023
Regd KL/TV (N)/399/2021-2023 Published on 29-03-2023 Vol:30, Issue:4, ₹25



## തളിര് മാസിക തപാലിൽ ലഭിക്കാൻ

**വാർഷികവരിസംഖ്യയായ 250 രൂപ**
**ബാങ്ക് ട്രാൻസ്ഫർ/മണിയോർഡർ/ഡിഡി ആയി അയക്കുക.**

**Account Number : 30583524448 | IFS Code : SBIN0004360**
**Bank: SBI - SPL PBB, Thiruvananthapuram**

## ഓൺലൈനിൽ പണമടയ്ക്കാൻ

ഓൺലൈൻ ട്രാൻസ്ഫർ മുഖേന വരിസംഖ്യ അടയ്ക്കുമ്പോൾ
താമസം കൂടാതെ മാസിക ലഭിക്കുന്നതിനായി
ബാങ്ക് ട്രാൻസ്ഫർ വിവരങ്ങളും മാസിക ലഭിക്കേണ്ട
പൂർണ്ണവിലാസം (പിൻകോഡും മൊബൈൽനമ്പറും
ഉൾപ്പെടെ) കാണിച്ച് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക്
ഒരു കത്ത് / ഇമെയിൽ (thaliru@ksicl.org) കൂടി
അയക്കേണ്ടതാണ്.
**8547971483** എന്ന നമ്പറിലേക്ക്
വാട്സ്ആപ് ആയും
റസീപ്റ്റും വിലാസവും അയക്കാവുന്നതാണ്.



വര: പി എസ് ബാനർജി